

College Union Magazine 2016 -17






ക്രിസ്മസ്
പുതുവത്സരാശംസകൾ

നീലകതിർ
പതിരില്ലാത്ത പരിശുദ്ധി



Address
AMA GROUPS
11/254 A , MILLUPA
U.C.COLLEGE P O
ALUVA 683102


ജീവൻ ഉണ്ടാകുന്നതിനും മുമ്പുള്ള
ഓട്ടപന്തയത്തിൽ തോറ്റത്കൊണ്ട് അസ്തിത്വം
നിഷേധിക്കപ്പെട്ട എല്ലാ സഹോദരങ്ങൾക്കും



സർകീട്ട് എന്നാൽ യാത്ര തന്നെ...
കാലത്തിലൂടെയുള്ള
ഒരു സർകീട്ടാണ്
ഈ മാഗസിൻ. അതോടൊപ്പം
ഓരോ കാലവും
പ്രതിനിധാനം ചെയ്യുന്ന
വികാരങ്ങളിലൂടെയും
പിന്നെ എല്ലാ കാലത്തും
തലയുയർത്തി നിൽക്കുന്ന
യൂസിയിലൂടെയും...



ആത്മാക്കളുടെ കരച്ചിലാണ് മഴ.
എന്ന് പഴമക്കാർ പറഞ്ഞ് കേട്ടിട്ടുണ്ട്.
മരിച്ചവർ ഇനി ആർക്കു വേണ്ടിയാണ്
കരയുന്നത്? മണ്ണിൽ ഇനി ബാക്കി
യുള്ളത് വേരുകൾ മാത്രമാണ്.
ഇലയും പൂക്കളും
തണ്ടുകളും നഷ്ട
പ്പെട്ട വേരുകൾ ഗത്യ
ന്തരമില്ലാതെ
തല മണ്ണിൽ
പൂഴ്ത്തി മരണത്തെ സ്വീക
രിക്കുവാൻ ഒരുങ്ങുന്നവർ
പക്ഷെ അവരുടെ
മുഖത്താണ് ആ മഴത്തുള്ളികൾ
പതിച്ചത്. അവിടെയാണ് പതിയെ ഒരു പുതുനാമ്പ് മുളച്ചത്. അത്
പിന്നെ പതിയെ തലപൊക്കി ഭൂമിയെ നോക്കി അപ്പോൾ, അപ്പോളാണ് വസന്തം അതിന്റെ
കണ്ണ് തുറന്നത്.



കാലം

അതിന്റെ

യാത്ര

തുടങ്ങുന്നത്

അങ്ങനെയാണ് ഒരു പറവയെ

പോലെ ചിറകടി ശബ്ദങ്ങളുടെ അകമ്പടിയോടെ

അത് പാറി നടക്കുന്നു.

നമ്മളെല്ലാം ഓരോ യാത്രയിലാണ്. അവസാനം

എന്തെന്നോ ഇനി എത്ര ദൂരം കൂടി എന്നോ

ഉറപ്പില്ലാത്ത യാത്ര. മനുഷ്യന്റെ യാത്ര ആരംഭിക്കുന്നത്.

കാലത്തിന്റെ യാത്ര പോലെയാണ്.

അതിർത്തികൾ അറിയാത്ത

ദൈവത്തിന്റെ പേര്

പഠിക്കാത്ത കാലം. — കണ്ണുകൾ വിടർത്തി

അവൻ ലോകത്തെ നോക്കുന്നു പൂമ്പാറ്റയെ കൊണ്ട്

കല്ലെടുപ്പിക്കുന്നു. പിന്നെ കൂട്ടിലടയ്ക്കുന്നു. അവസാനം അത് മരിക്കുമ്പോൾ

ഹൃദയം പൊട്ടി കരയുന്നു.

പറവകളുടെ ഒളിച്ചുകളിയിൽ അവൻ പ്രണയം കാണുന്നു.

കാരണം വസന്തം എന്നാൽ പ്രകൃതിയുടെ

പ്രണയം ആണല്ലോ.

അതു കൊണ്ടാണ് നെരൂദ ഇങ്ങനെ കുറിച്ചത്

**'I want to do with you what spring does with the cherry trees!'**


മഴയുടെയും പുഴയുടെയും പൂക്കളുടെയും പ്രണയമാണ് വസന്തം.

അവിടെയാണ് മനുഷ്യൻ അവന്റെ യാത്ര ആരംഭിച്ചത്.



എന്റെ കണ്ണു തുറന്നു
നോക്കു നീ
ദൃശ്യമായ കാഴ്ചക്കെത്താൻ കഴിയാത്ത
അദൃശ്യമായ അഗാധത്തിൽ വരെ
നീയുണ്ട്

ഐശ്വര്യ സുരേഷ്
ബി.എ. ഇംഗ്ലീഷ്
3-ാം വർഷം



ഓരോ പുതിയ യാത്രകളുടെയും തുടക്കം പുതുമയാർന്ന
സ്ഥലങ്ങൾ കണ്ടെത്തുന്നതല്ല മറിച്ച് പുതുമയോടെ കണ്ണുകൾ അതിനെ
നോക്കിക്കാണുന്നതാണ്. മനസ്സിൽ പതിഞ്ഞ ഈ ആശയം ഓർത്ത് കൊണ്ട് അന്ന്
ബിബിസിയുടെ ആ പടികളിൽ ഇരുന്നപ്പോൾ പല പല ആശയങ്ങൾ മനസ്സിലൂടെ
കടന്നുപോയി.. യൂസിയിലേക്ക് ഞാനും പുതുമ തേടുന്ന ആ കണ്ണുകൾ തിരിച്ചു..
അങ്ങനെ തുടങ്ങി എന്റെയീ "യാത്ര"..ജീവിതങ്ങളെ തേടി..
ചരിത്രം ഉറങ്ങുന്ന ഈ മണ്ണിൽ വീണ്ടും അക്ഷരങ്ങളിലൂടെ
ഒരു ചെറിയ ചരിത്രം സൃഷ്ടിക്കാൻ..



# എന്റെ യൂ.സി

പ്രണയം തുളുമ്പുന്ന ഇടനാഴികളും രാഷ്ട്രീയ ചുവയുള്ള ചുമർചിത്രങ്ങളും കലകൾ കോളിളക്കമുണ്ടാക്കുന്ന സദസ്സുകളും പിന്നെ ഓരോ വിദ്യാർത്ഥിയുടെയും ഓർമ്മകൾ തളം കെട്ടുന്ന അക്ഷരങ്ങൾ ഉളവാക്കുന്ന നിശബ്ദതയും ഒന്നിച്ച് അലങ്കരിക്കുന്നതാണ് എന്റെ ക്യാമ്പസ്.

വസന്തവും ശിശിരവും പോലെ ഓരോ ഋതുക്കളും എന്റെ ക്യാമ്പസിനെ കൂടുതൽ മനോഹരമാക്കുകയായിരുന്നു. പോകാൻ മടിക്കുന്ന അസ്തമയ സൂര്യനെപ്പോലെയാണ് ഞാനവളിൽനിന്ന് ദിനവും അകന്നുപോകുന്നത്. ആ അകൽച്ച നാളെ അവളെ എന്നിലേക്കു തന്നെ, അല്ല ഞാൻ അവളിൽ തന്നെ ചെന്നു ചേരും എന്ന വിശ്വാസത്തിന്റെ പുറത്താണ്. അവളോടുകൂടെ അല്ലാത്ത ഓരോ ദിനവും വസന്തത്തിലെ നിശപോലെ നീളുന്നതായാണ് എനിക്കനുഭവപ്പെടുന്നത്. ഒരുപക്ഷെ ഞാൻ അവളിൽ അടിമപ്പെട്ടുപോയിരിക്കും. ആ സൗന്ദര്യ തീർത്ഥം വശ്യത നിറഞ്ഞുനിൽക്കുന്നതാണ്. അതുകൊണ്ട് തന്നെ എന്നെപോലെ അനേകം കാമുകന്മാർ അവൾക്കുണ്ടായിരുന്നു.

വിദ്യാർത്ഥികളുടെ സന്തോഷവും, സന്താപവും, ആഘോഷവും ഒരുപക്ഷെ അനേകം തേങ്ങലുകളും അവളുടെ മേൽക്കുപ്പായത്തിന്റെ മാറ്റ് കൂട്ടി ദൈനംദിനം ശോഭിക്കുന്ന ആ സൗന്ദര്യം അവളുടെ യൗവ്വനത്തെ ചൂണ്ടിക്കാട്ടി. ഒരുപക്ഷെ ജീവചക്രം അവളോട് വ്യത്യസ്തമായി പെരുമാറിയിരിക്കാം.

എന്റെ ഓരോ നേർകാഴ്ചകളുടെയും പര്യവസാനം അവളിൽത്തന്നെ ആയിരുന്നു. ഒരേസമയം ചിലരുടെ ആഗമനത്തെയും മറ്റു ചിലരുടെ വിടവാങ്ങലിനേയും ഉറ്റുനോക്കുന്ന പ്രതീതി അവൾ പ്രകടമാക്കിയിരുന്നു. ഒരുപക്ഷെ വിടവാങ്ങൽ ഹൃദയത്തിൽ ഒരു നെരിപ്പോടു കത്തുന്ന അനുഭവം, അത് അവളുടെ പ്രസന്നതക്കു മങ്ങൽ വരുത്തി. എങ്കിലും അവൾ സുന്ദരിയായിരുന്നു. ആരെയും അവളിലേക്കടുപ്പിക്കുന്ന ഒരു കാന്തികശക്തി അവളുടെ സൗന്ദര്യത്തിനുണ്ടായിരുന്നു.

വസന്തം, വഗ്രപ്പൂവിന്റെ അനാവരണം അവൾക്കു നെയ്തുകൊടുത്തു. വർഷത്തിലെ ഓരോ മഴത്തുള്ളികളും തന്റെ മടിശീലയിലേക്ക് താഴ്ത്തുവാൻ അവൾ മറന്നില്ല. കഠിനമായ വർഷം കഴിഞ്ഞുപോകുമ്പോഴും തന്റെ കുഞ്ഞുങ്ങളെ




സ്വന്തം ചിറകിനടിയിൽ സംരക്ഷിച്ച ഒരമ്മയുടെ പ്രതീതി ആയിരുന്നു അവളിൽ നിഴലിച്ചത്. ഓരോ സൗഹൃദത്തിലെ പിണക്കങ്ങളും ഇണക്കങ്ങളും ഉണ്ടാക്കാൻ അവൾ വഹിച്ചിരുന്ന പങ്ക് നിർവചനീയമാണ്. അവൾ ഞങ്ങൾ ഓരോരുത്തർക്കും സ്നേഹം തുളുമ്പുന്ന ഒരമ്മയും, സൗഹൃദം പോറ്റുന്ന സുഹൃത്തും അനുഭവങ്ങളെ ഗുരുവാക്കാൻ പഠിപ്പിച്ച അധ്യാപികയും അതിലേറെ വികാരങ്ങളെ നിയന്ത്രിക്കാൻ പഠിപ്പിച്ചുതന്ന ഒരു പ്രണയിനിയും ആയിരുന്നു

ആരാണവൾ? എന്താണവളുടെ പേര്? അതെ യു.സി. അതാണവൾക്ക് അനുയോജ്യമായ നാമം?

എന്റെ പ്രിയപ്പെട്ട യു.സി. ചിലമ്പിപ്പൊഴിയുന്ന ഇലഞ്ഞിപ്പൂവിന്റെ സൗരഭ്യമാണ് നിനക്ക്. യൗവ്വനങ്ങൾ കാൽപനികതയുടെ ഉറവിടങ്ങൾ, കരിവള കിലുക്കുന്ന ഓരോ കവിഭാവനകളിലും നീയാണ്. എന്റെ യു.സി കണ്ണീർതുള്ളികൾ എണ്ണിപ്പൊഴിക്കുന്ന എനിക്ക് നീ എന്റേതല്ലാതാവുന്ന നിമിഷം കണ്ണീർ കണങ്ങൾ എണ്ണമറ്റതാകുമല്ലോ?

ആദിത്യ പുരുഷോത്തമൻ
ബി. എസ്. സി. കമ്പ്യൂട്ടർ സയൻസ്
1-ാം വർഷം






# क्योंकि ये प्यार है, और कुछ नही

आसमान से तुझे निहारते
ये दिल क्यों धडकने लगे
तुझे देखते ही क्यों
तुझे छूने की चाहत, क्योंकि
ये प्यार है, और कुछ नही।


क्यों मैं गिरते चली तेरी और
वो भी खुशी खुशी
क्यों तेरे बाहों में आकर
मैंने देखा अपनी खुशी, क्योंकि
ये प्यार है, और कुछ नही।

प्यार हुआ है तुझसे
पहली मुलाकात से ही
बरसों हुई, फिर भी लगती हूँ
जैसे पहली बार, क्योंकि
ये प्यार है, और कुछ नही।

सूरज तो क्या खुदा भी
नही तोड सकता हमारा प्यार
अलविदा नही कहना मेरे प्यार
वापस आ जाऊँगा तेरे पास-
क्योंकि ये प्यार है, और कुछ नही।



Sunayyamol K S
I B.Sc. Computer Science



# ക്രയിഫ് ടേർണ്



**Ajay Joy Mathew**
*II BA History*

(മനുഷ്യൻ കാൽ കൊണ്ട് രചിക്കുന്ന കവിതയാണ് ഫുട്ബോൾ എന്ന് പലരും പറഞ്ഞ്
കേട്ടിട്ടുണ്ട്. ഫുട്ബോൾ ലോക കപ്പ് എന്നാൽ ഈ ഭൂമി ഒരു ചെറിയ കാൽപന്തിലേക്ക് ചുരുങ്ങുക
എന്നതും. അത് നമ്മളെ ഒരേ സമയം തുള്ളിച്ചാടിക്കുകയും കണ്ണീരണിയിക്കുകയും ചെയ്യുന്നു.
അതുകൊണ്ട് തന്നെ ഫുട്ബോൾ ലോകത്തെ ഏറ്റവും പ്രവചനാതീതമായ മത്സരമായി മാറുന്നു.)
അങ്ങനെ ഫുട്ബോൾ ചരിത്രത്തിൽ ഏറ്റവും പ്രവചനാതീതമായ ഒരു ലോകകപ്പ് കാലഘട്ട
മാണ് 1974ലിലേത് പലരുടേയും ഓർമയിൽ ഏറ്റവും പ്രിയപ്പെട്ട ലോകകപ്പുകളിൽ ഒന്ന് അർജന്റീന
യെയും ബ്രസീലിനെയും ഈസ്റ്റ് ജർമനിയെയും തകർത്ത് ഹോളണ്ട് ടോട്ടൽ ഫുട്ബോളിന്റെ
വരവ് അറിയിച്ച ലോകകപ്പ്. ജോഹാൻ ക്രയിഫ് എന്ന ഇതിഹാസത്തെ സാക്ഷ്യം വഹിച്ച
ലോകകപ്പ്. ഒരിക്കൽ ജർമൻ വൈസ് ചാൻസലർ Angela Markel അവരുടെ പ്രിയപ്പെട്ട ഫുട്
ബോൾ ഓർമകൾ പങ്കിട്ടപ്പോൾ ഇങ്ങനെ പറയുകയുണ്ടായി. 'ആർക്കാണ് 74-ലെ ലോകകപ്പ്
മറക്കാൻ ആവുക ജോഹാൻ ക്രയിഫ് എന്നെ അത്ഭുതപ്പെടുത്തി. അല്ല ആരെയാണ് അദ്ദേഹം
അത്ഭുതപ്പെടുത്താതിരുന്നത്' . ആ ലോകകപ്പിൽ സ്വീഡനെതിരെ തന്റെ ലോകപ്രശസ്തമായ
ക്രയിഫ് ടേർണിലൂടെ അദ്ദേഹം ലോകത്തെ ഞെട്ടിച്ചു. സ്വപ്നതുല്യമായ മുന്നേറ്റങ്ങൾക്കൊടുവിൽ
ഫൈനലിൽ വെസ്റ്റ് ജർമനിയെ നേരിടുകയാണുണ്ടായത്. മത്സരം ആരംഭിച്ച് നിമിഷങ്ങൾക്കകം
ഹോളണ്ട് സ്കോർ ചെയ്തു. അതും എതിരാളികൾക്ക് ഒരു ടച്ച് പോലും വിട്ടുകൊടുക്കാതെ
രണ്ടാം പകുതിയിൽ വെസ്റ്റ് ജർമനി തിരിച്ച് വരികയും ലോകകപ്പ് സ്വന്തമാക്കുകയുമാണ്
ഉണ്ടായത്. വിജയിച്ചത് ജർമനി ആണെങ്കിലും അന്നു മുതൽ ഫുട്ബോൾ മാറാൻ തുടങ്ങുക
യായിരുന്നു. ടോട്ടൽ ഫുട്ബോൾ എന്ന പുതിയ ആശയം ഫുട്ബോൾ ലോകം സ്വീകരിക്കാൻ
തുടങ്ങി. വിജയങ്ങളെക്കാൾ ഉപരി ഫുട്ബോളിൽ ഒരു സൗന്ദര്യം സൃഷ്ടിക്കാൻ തുടങ്ങുക
യായിരുന്നു.

ജോഹാൻ ക്രയിഫിനെ കുറിച്ച് പറഞ്ഞുതുടങ്ങുമ്പോൾ അത് അജാക്സിൽ നിന്ന് തന്നെ
തുടങ്ങണം. അജാക്സ് യൂത്ത് അക്കാദമിയിൽ നിന്നാണ് ജോഹാൻ ക്രയിഫ് എന്ന ഡച്ച് ഫുട്
ബോൾ ഇതിഹാസത്തിന്റെ കഥ തുടങ്ങുന്നത് ക്രയിഫ് അജാക്സിനുവേണ്ടി കളിക്കാൻ തുടങ്ങുന്നത്
1964 നവംബർ 15-ാം തിയതിയാണ്. അന്ന് ലീഗിൽ അജാക്സ് അത്ര വലിയ ശക്തികളല്ല. പക്ഷേ
പിന്നീട് Rinus Michels എന്ന പരിശീലകന്റെ ടോട്ടൽ ഫുട്ബോൾ എന്ന ആശയത്തെ മൈതാ
നത്തിൽ യാഥാർത്ഥ്യമാക്കിയത് ക്രയിഫായിരുന്നു. തുടർന്നുള്ള സീസണുകളിൽ അദ്ദേഹം
ടീമിന് 8 ലീഗ് കിരീടങ്ങൾ നേടി കൊടുത്തു. അതിന്റെയിടക്ക് അദ്ദേഹം തന്റെ 14-ാം നമ്പർ ജഴ്
സിയും സ്വന്തമാക്കി അന്ന് വരെ ഫുട്ബോളിൽ മുൻനിര കളിക്കാർ സ്വീകരിച്ചി
രുന്നത് 1-11 വരെയുള്ള ഏതെങ്കിലും ജഴ്സി നമ്പറായിരുന്നു. എന്നാൽ 1970 ഒക്ടോബർ 30-ൽ
അജാക്സ് ഞടഢയുമായുള്ള നിർണായക മത്സരത്തിനുതൊട്ടുമുമ്പ് ഡ്രസിങ്ങ് റൂമിൽ തന്റെ
ടീമേറ്റായ Gervie Mahven ന്റെ 7-ാം നമ്പർ ജഴ്സി കാണാതാവുകയും ക്രയിഫ് അതിനുപ
കരം തന്റെ 9-ാം നമ്പർ ജഴ്സി Gervie ക്ക് കൊടുക്കുകയും എന്നിട്ട് ബാസ്കറ്റിൽ നിന്നും ഇതു
വരെ ഉപയോഗിക്കാത്ത 14-ാം നമ്പർ ജഴ്സി എടുത്തണിയുകയും ചെയ്തു. അന്ന് അജാക്സ്
വിജയിക്കുകയും 14-ാം നമ്പർ ജഴ്സി ചരിത്രത്തിൽ അങ്ങനെ ഇടം നേടുകയും ചെയ്തു.

LIBRARY UNION CHRISTIAN COLLEGE




# Freedom
## JUST AN INTROSPECTION

**APARNA M.B.**
I BA ENGLISH


Freedom in simple terms can be defined as being *you* without anyone's permission. Ever gone through our constitution? It just pierces so many concepts of freedom into our heart that we are left in a *position* where we never think about what really is happening to us. Just lie a discount comes with "* T & C apply", we too indeed have these conditions *in* our freedom. *Our* lives are more about "what you *should* be"rather than "what you want to be." O think freedom lies in rebellion and the courage you have to move out from the chains and celebrating yourself. For me, life is a game with no rules, so better not choose a referee and let him control.

പല നാടകീയ നീക്കങ്ങൾക്ക് ശേഷമാണ്. അദ്ദേഹം ബാർസയിൽ എത്തിയത്. സത്യത്തിൽ റയൽ മഡ്രീടാണ് ക്രയിഫിനെ സ്വന്തമാക്കാൻ ശ്രമിച്ചത്. എന്നാൽ അന്നത്തെ സ്പെയിനിന്റെ ഏകാധിപതിയായ Francisco Francoയുടെ ഭരണകേന്ദ്രമായ മഡ്രീടിലേക്കുള്ള ക്ഷണം നിരസിച്ചാണ് ക്യാറ്റലോണിയൻ ദേശീയതയുടെ പ്രതീകമായ ബാർസിലോണയിൽ അദ്ദേഹം എത്തിയത്. എന്നാൽ 14ൽ വർഷമായി ഒരു ലീഗ് കപ്പ് സ്വന്തമാക്കാനാവാതെ വിഷമിക്കുകയായിരുന്നു ബാർസ ആ കാലത്ത്. ആ ബാർസയെ വിജയത്തിന്റെ കൊടുമുടിയിൽ ക്രയിഫ് എത്തിച്ചു. എന്തിനു റയലിന്റെ തട്ടകത്തിൽ 5-0 ന് അവരെ തകർത്ത് ക്രയിഫ് 14 വർഷത്തെ ഇടവേളയ്ക്ക് ശേഷം ബാർസക്ക് ലീഗ് കിരീടം നേടി കൊടുത്തു. അതിന്റെ ആവേശത്തിൽ ക്യാറ്റലോണിയൻ ആരാധകർ തെരുവിൽ ഇറങ്ങിയതും പിന്നീട് ചരിത്രമായി മാറി. 1975-ൽ ബാർസ-മാലാഖ മത്സരത്തിനിടെ റഫറിയുടെ നിരന്തരമായ തെറ്റായ തീരുമാനങ്ങൾക്കെതിരെ പ്രതിഷേധിച്ചതിന്റെ പേരിൽ റെഡ് കാർഡ് വാങ്ങി പുറത്ത് പോയി. അന്ന് മൈതാനത്തിന്റെ പുറത്തേയ്ക്ക് നടക്കുമ്പോൾ ക്യാറ്റലോണയുടെ പതാകയുടെ നിറമുള്ള തന്റെ ക്യാപ്റ്റൻ ആം ബാന്റൂരി തിങ്ങി നിറഞ്ഞിരുന്ന Nau Camp ലെ ആരാധകരെ നോക്കി അദ്ദേഹം ആ ബാന്റിൽ ചുംബിച്ചു. ഇന്നും അത് Francis Francoയുടെ ഏകാധിപത്യത്തിനെതിരായ ക്യാറ്റിലോണിയൻ വംശത്തിന്റെ ചെറുത്ത് നില്പായി ചിത്രീകരിക്കപ്പെടുന്നു.



ബാർസയെ ശരിക്കും ബാർസയായി മാറ്റുന്നത് ക്രയിഫാണ്. ആദ്യം ഒരു കളിക്കാരനായും പിന്നീട് പരിശീലകനായും അദ്ദേഹം ബാർസലോണയുടെ ചരിത്രം മാറ്റിക്കുറിച്ചു. ലോക ഫുട്ബോൾ ചരിത്രത്തിൽ ക്രയിഫിനെകാളും മികച്ച കളിക്കാരെ നമുക്ക് കണ്ടെത്താനായേക്കും അതുപോലെ തന്നെ ക്രയിഫിനെക്കാൾ മികച്ച പരിശീലകന്മാരെയും പക്ഷേ ഇത് രണ്ടും കൂടി ചേരുന്ന ഒരു പ്രതിഭ അത് ആ നേട്ടം കൈവരിച്ച ആദ്യ കളിക്കാരൻ എന്ന രീതിയിൽ മൂന്ന് Ballon dov പുരസ്കാരങ്ങൾ സ്വന്തമാക്കി, ആ നേട്ടം കൈവരിച്ച ആദ്യകളിക്കാരനാണ് അദ്ദേഹം. ഫുട്ബോളിനെ സിദ്ധാന്തവൽകരിച്ച പ്രതിഭയാണ് അദ്ദേഹം കാല്പന്തുകളിയിലും ഒരു കലയുണ്ടെന്നും അത് കായികക്ഷമത മാത്രമല്ല, മറിച്ച് മനസ്സിന്റെയും ശരീരത്തിന്റെയും കലാപരമായ ഒരു സംയോജനമാണ് എന്ന് അദ്ദേഹം വിശ്വസിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തു. ക്രയിഫിന് ഫുട്ബോൾ തലച്ചോറുകൊണ്ടു കളിക്കേണ്ട ഒരു കളിയായി മാറി. കൃത്യസമയത്ത് കൃത്യപൊസിഷൻ എന്നതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. ഒരു ടീമിലെ 11 കളിക്കാർക്കു ഏത് പൊസിഷനിലും കളിക്കാവുന്ന രീതിയാണ് ടോട്ടൽ ഫുട്ബോൾ. വിജയിക്കാൻ വേണ്ടി മാത്രമായിരുന്നില്ല ക്രയിഫ് ഫുട്ബോൾ കളിച്ചതും കളിപ്പിച്ചതും. മറിച്ച് ഓരോ കളിയിലും ഓരോ നീക്കത്തിലും ഫുട്ബോളിനെ കൂടുതൽ മനോഹരമാക്കാനാണ് ശ്രമിച്ചത്. അത് വിജയിക്കുകയും ചെയ്തു. അതിന്റെ തുടർച്ചയാണ് ലോകഫുട്ബോളിൽ ടോട്ടൽ ഫുട്ബോളിന്റെ പ്രസക്തിയേറാൻ തുടങ്ങിയതും, അത് ലോകം അടക്കി വാഴാൻ തുടങ്ങിയതിന്റെ ഉദാഹരണങ്ങൾ ആയിരുന്നില്ലേ സ്പെയിനും, ജർമനിയുമെല്ലാം. ബാർസലോണയുടെ യൂത്ത് അക്കാഡമിയായ ലാ-മാസിയ ക്രയിഫിന്റെ കണ്ടുപിടുത്തമായിരുന്നു. അതിലൂടെ വളർന്നുവന്നവരാണ് ജല്യു Guardiola മുതൽ സാക്ഷാൽ ലയണൽ മെസ്സിവരെ. ഒരു പക്ഷേ ക്രയിഫ് ലാ-മാസിയെ ഈ രീതിയിൽ നിർമ്മിച്ചില്ലായിരുന്നെങ്കിൽ 12-ാം വയസ്സിൽ ശാരീരിക ക്ഷമതയില്ല എന്നു പറഞ്ഞ ലയണൽ മെസ്സിക്ക് മൈതാനം വിടേണ്ടി വന്നേനെ. ചിലപ്പോൾ ഇത് തന്നെയായിരിക്കും ക്രയിഫ് ഇന്നത്തെ ഫുട്ബോളിന് നൽകിയ ഏറ്റവും വലിയ സംഭാവന. ഇന്ന് ലോകഫുട്ബോളിന്റെ ബുദ്ധികേന്ദ്രങ്ങളായ Frand Rjijkaand, Pep Guardiola, Michael Larduep, Arsene Wenger, Eric Cartona, Xavi വരെ ക്രയിഫിന്റെ പാത പിൻതുടരുന്നവരാണ്. ഫുട്ബോളിനെ ഇത്രയേറെ മാറ്റിമറിച്ച ഒരു വ്യക്തി ജോഹാൻ ക്രയിഫല്ലാതെ മറ്റൊരാളില്ല. ഇനി ഉണ്ടാകാനും പോകുന്നില്ല. അതുകൊണ്ട് തന്നെയാണ് കഴിഞ്ഞ വർഷം മാർച്ച് 24-ൽ അദ്ദേഹം വിട പറയുമ്പോൾ അത് ഒരു യുഗ അവസാനമായി മാറുന്നത്. അതുകൊണ്ട് തന്നെയാണ് മുൻ ഇംഗ്ലണ്ട് ഫുട്ബോളർ Gavy Lineker ഇങ്ങനെ പറഞ്ഞത്.

"Football has lost a man who did move to make the beautiful game beautiful than anyone in history."




"FREEDOM" - this seven lettered word, tangles over a million thoughts.
And obviously, your way of freedom is not mine, just as your life is not what I am living through. If someone else decides the cards of your life, then my dear, you are TRAPPED.... better watch out, because your happiness lies on your freedom. Freedom is indeed a state of mind when you don't feel the need to make people accept you and you just be what you are. Here are the two basic things about freedom.

The first one hooks over what Rumi said - "I want to sing like the birds sing, not worrying about who hears or what they think." This is freedom. And now I will tell you how to keep pace with it. At least once in a month, apply the 3 R's in your life - 'Reduce, Reuse, Replace.'

Reduce the intensity of unwanted commitments, keep on Reusing the people whom you are happy with and Replace the ill-filled ones from the journey of your life. I can promise you that this itself can bring about a lot of difference in everything around you.

Just remember one thing, at the end of the day, no one is going to live your life for you. So, why can't you yourself make the game, set the rules and play it? Now, thats where freedom begins.....






# ഒരു കൊയ്ക്കോടൻ യാത്ര

മാഗസിൻ കമ്മിറ്റി

ഓരോ ദിവസവും ആയിരക്കണക്കിന് യാത്രകളുടെ തുടക്കത്തിനും ഒടുക്കത്തിനും സാക്ഷിയാവുന്നുണ്ട് ഈ പ്ലാറ്റ്ഫോം. ഉറ്റവരെ കാണുമ്പോൾ വിടരുന്ന മുഖങ്ങൾ, അവർ അകലുമ്പോൾ വാടുന്ന മുഖങ്ങൾ, ട്രെയിൻ പ്ലാറ്റ്ഫോമിലെത്തുന്നതിന് മുമ്പേ തന്നെ ഉറ്റവരെ തേടുന്ന പുഞ്ചിരികൾ വിട പറയലിന്റെ കണ്ണുനീർ സംഭാഷണങ്ങൾ ഇവയെല്ലാം കൊണ്ടും യാത്രയുടെ എല്ലാ വികാരങ്ങളെയും റെയിൽവേ പ്ലാറ്റ്ഫോം ഉൾക്കൊള്ളുന്നു. മൈലുകൾ താണ്ടി പല നാടുകളും ഭാഷകളും കടന്ന് ജീവിതത്തിന്റെ യാത്ര തുടരാൻ വന്നിറങ്ങുന്ന നൂറുകണക്കിന് ചെറുപ്പക്കാരുടെ പ്രതീക്ഷകളും, യാത്രകളെല്ലാം അവസാനിപ്പിച്ച് തിരിച്ച് വിട പറയാൻ വെമ്പുന്ന മനസുമായി വന്നിറങ്ങുന്ന വൃദ്ധരുടെ തളർച്ചകളെയും ഏറ്റുവാങ്ങുന്നു ഈ പ്ലാറ്റ്ഫോം.

> "എറണാകുളത്തു നിന്നും, ഷൊർണ്ണൂർ വഴി കണ്ണൂർ വരെ
> പോകുന്ന ട്രയിൻ നമ്പർ 16305 എറണാകുളം കണ്ണൂർ
> എക്സ്പ്രസ് അൽപ സമയത്തിനുള്ളിൽ
> പ്ലാറ്റ്ഫോം നമ്പർ 3 യിൽ എത്തിച്ചേരുന്നു."







മേൽപ്പറഞ്ഞ യാത്രകളുടെ സങ്കീർണ്ണതകളൊന്നുമില്ലാത്തതാണ്. എന്റെയീയാത്ര. കോഴിക്കോടേക്കുള്ള യാത്ര KLF ൽ പങ്കെടുക്കാനാണെന്ന് ചോദിക്കുന്നവരോട് മേനി പറയാമെങ്കിലും കോഴിക്കോടൻ അലുവയുടെയോ പാരഗണിലെ ബിരിയാണിയുടെയോ രുചി KLF ന് കാണില്ലല്ലോ...

ഇതിന്റെയെല്ലാം ആവേശത്തിലാണ് കുറച്ച് കഷ്ടപ്പെട്ടിട്ടാണെങ്കിലും ട്രെയിനിൽ കയറിപ്പറ്റിയത്. 4 മണിക്കൂർ നീളുന്ന യാത്രയായിരുന്നിട്ടും ഇതുവരെ കണ്ടിട്ടില്ലാത്ത ജനാല കാഴ്ച്ചകളും സമയത്തെ വേഗത്തിലോടിച്ചു.

അങ്ങനെ ബഷീറിന്റെയും പൊറ്റക്കാടിന്റെയും നൂറ് കണക്കിന് കഥകൾക്ക് ജന്മം നൽകിയ കോഴിക്കോടിന്റെ മണ്ണിൽ ആദ്യമായി എത്തി. പിന്നെ ലക്ഷ്യം KLF ആയി അങ്ങനെ അത് നടക്കുന്ന കടപ്പുറത്തേക്ക് കടൽകാറ്റിനായി കാതോർത്തു നീങ്ങി.

അങ്ങനെ മാനാഞ്ചിറ മൈതാനവുംചുറ്റി KLF വേദിയുടെ മുന്നിലെത്തി. ഏത് വേദിയിലേക്കു പോകണം എന്ന ചിന്താക്കുഴപ്പത്തിൽ നിന്നപ്പോഴാണ് "മക്കളേ രജിസ്ട്രേഷൻ ഇവിടെ" എന്ന വിളി കേട്ടത്. നോക്കിയപ്പോൾ രജിസ്ട്രേഷൻ കൗണ്ടറിൽ വാത്സല്യം തുളുമ്പുന്ന ചിരിയുമായി ഒരു ചേച്ചി കൈകാട്ടി വിളിക്കുന്നുണ്ട്. രജിസ്ട്രേഷനു ശേഷം കിട്ടിയ ബ്രോഷറിൽ കണ്ണോടിച്ചപ്പോൾ വേദി ഒന്ന് കണ്ണിൽ ഉടക്കി. മനുഷ്യഭാവങ്ങളുടെ വ്യത്യസ്ഥ മേഖലകളിലൂടെ സഞ്ചരിച്ച എഴുത്തുകാരൻ ജൈവമനുഷ്യനിലും അഭയാർത്ഥികളിലും മാത്രം വായിച്ചിട്ടുള്ള ആനന്ദിനെ നേരിട്ടുകാണാൻ, വിജനങ്ങളുടെ കാണാക്കാഴ്ച്ചകൾ കാണാൻ ഞാൻ വേദി ഒന്നിലേക്കു നീങ്ങി.





വിഭജനത്തിന്റെയും അതിന്റെ അനന്തരഫലങ്ങളെയും
ഏറ്റവും തീക്ഷ്ണമായി അവതരിപ്പിച്ച എഴുത്തുകാരനാണ്
ആനന്ദ്. ആവോളം വിഭജനത്തെയും അതു സൃഷ്ടിച്ച
അനേകം ദുരിതാനുഭവങ്ങളെയും കുറിച്ചുള്ള വാമൊഴി
ചരിത്രത്തെ പിൻപറ്റി ഒരുപാടു യാത്ര ചെയ്ത പ്രസാ
ധകയാണ് ഉർവശി ബുട്ടാലിയ. KLF രണ്ടാം ദിവസത്തിൽ
വിഭജനങ്ങളുടെ കാണാക്കാഴ്ചകളിലേക്കുള്ള അന്വേ
ഷണമാണ് ഈ ചർച്ച.


ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടി എഴുപതുവർഷങ്ങൾ
കഴിഞ്ഞിട്ടും വിഭജനം എന്ന വാക്ക് ഇപ്പോഴും അതി
ജീവിക്കുന്നു. ആ മുറിവുകൾ ഇപ്പോഴും ഉണങ്ങിയിട്ടില്ല.
ആ മുറിവുകൾ പല രൂപത്തിലാണ് പുനർഭവിക്കുന്നത്.
ഓരോ കാലത്തും വ്യത്യസ്തതരത്തിൽ അത് മുറിവുക
ളുണ്ടാക്കിക്കൊണ്ടിരിക്കും. ഇപ്പോൾ അത് ഇന്ത്യാ
പാക് ടെൻഷനുകളുടെ രൂപത്തിലാകാം. ചിലപ്പോൾ
അത് യുദ്ധത്തിന്റെ ഭാവങ്ങൾ ആർജ്ജിച്ചേക്കാം.
വിഭജനത്തെപ്പറ്റി പറയുമ്പോൾ നമ്മൾ കരുതുന്നത്
നമ്മളെ അത് ഒരു തരത്തിലും ബാധിച്ചില്ല എന്നാണ്.
പക്ഷെ അതിന്റെ ആഘാതം വാക്ക് മാത്രമായി
നിലനിൽക്കുന്നില്ല എന്നതാണ് സത്യം. ഒരുതരത്തിൽ
ഹിന്ദുക്കളും മുസ്ലീംകളും തമ്മിൽ നിർമ്മിക്കപ്പെ
ട്ടിരിക്കുന്ന ശത്രുത വളരെ ശക്തമായി ഇവിടെ നില
നിൽക്കുകയാണ്. മറ്റെല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാന
ങ്ങളിലും നിലനിൽക്കുന്നു. ആന്ധ്രയിലും തമിഴ്നാട്ടിലും
ഒന്നും അത് ഇല്ലാതെയിരിക്കുന്നില്ല. ആ ശത്രുതയുടെ നിർ
മ്മിതി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. അതെല്ലാം
വിഭജനത്തിന്റെ നേർക്കു നേരെ ലഭിച്ച പൈതൃകം
തന്നെയാണ്. ആ ശത്രുത വിഭജനത്തിനു മുൻപു നില
നിന്നിരുന്നില്ല എന്നല്ല മറിച്ച് അന്നേ നമ്മൾ നമ്മുടെ വ്യത്യ
സ്തതകൾ കൊണ്ടും അസമത്വങ്ങൾകൊണ്ടും സഹ
വർത്തിച്ചു തന്നെ ജീവിച്ചു പോന്നിരുന്നു. ആ സമയ
ത്താണ് വിഭജനം വിനാശകാരിയായ അഗ്നിബാധയായി
പടർന്നു വന്നത്.

ഇന്ത്യാവിഭജനത്തിന്റെ ഒരു പ്രത്യേകത അതിൽ നല്ല
യാളുകളും ചീത്തയാളുകളും ഇല്ലായിരുന്നു എന്നതിന്.
നാസികളും ജൂതന്മാരും എന്ന പോലെയുള്ള സാഹ




ചര്യമായിരുന്നില്ല അത്. നമ്മളെല്ലാവരും
അതിൽ ഉൾപ്പെട്ടിരുന്നു. അതുകൊണ്ടു
തന്നെ അതിനെക്കുറിച്ച് സംസാരിക്കാൻ
തുടങ്ങുമ്പോൾ നിങ്ങൾക്ക് സമ്മതിക്കേണ്ടി
വരും നിങ്ങളും കൊല ചെയ്തിട്ടുണ്ട് എന്ന്
നിങ്ങളുടെ സമുദായവും കൊല ചെയ്തിട്ടുണ്ട്
എന്ന്. അങ്ങനെ അല്ലായിരുന്നു എങ്കിൽ വളരെ
എളുപ്പമാണ് നമുക്ക് സംസാരിക്കാൻ. ഞങ്ങൾ
ഇരകളാണ്. മറ്റുള്ളവർ കൊലപാതകികളും എന്ന മട്ടിൽ.
എന്നാൽ ഇന്ത്യാ വിഭജനത്തിന്റെ വിഷയത്തെ നേ
രിടണം എങ്കിൽ നിങ്ങൾ നിങ്ങളെ തന്നെ നേരിടേണ്ടി
വരും. നമ്മുടെ ചരിത്രം വിഭജനങ്ങളെ ജനങ്ങളുടെ കാഴ്
ചപ്പാടിൽ ഒരിക്കലും പഠിപ്പിക്കുന്നില്ല. അത് ചെയ്യുന്നത്
രാഷ്ട്രീയ നേതാക്കളുടെയും രാഷ്ട്രീയ പാർട്ടികളു
ടെയും കാഴ്ചപ്പാടിൽ മാത്രമാണ്. നമ്മുടെ അറിവുകളും
ആ കാഴ്ചപ്പാടിന്റെ പിൻബലത്തിൽ മാത്രമായി ഒതുങ്ങി
നിൽക്കുന്നതാണ്. അതുകൊണ്ടാണ് നമ്മൾ ഒരിക്കലും
സാധാരണ ജനങ്ങൾ എങ്ങനെയാണ് ജീവിച്ച് പോന്നത്
എന്ന് കാണാൻ സാധിക്കാത്തത്. സ്ത്രീകൾക്ക് എന്ത്
സംഭവിച്ചു എന്ന് നമ്മൾ ചിന്തിക്കാത്തത്.

ഏതു തരത്തിലുള്ള യുദ്ധമായാലും വർഗീയ ലഹള
യായാലും അഭയാർത്ഥി പ്രവാഹമായാലും അതിന്റെ
യെല്ലാം പീഡനങ്ങൾ കൂടുതൽ അനുഭവിക്കേണ്ട വരുക
സ്ത്രീകളായിരിക്കും. അവർ തട്ടിക്കൊണ്ടുപോകപ്പെടും.
വേശ്യാവൃത്തിക്കായി വിൽക്കപ്പെടും. ബലാൽക്കാ
രമായി വിവാഹം ചെയ്യിക്കപ്പെടും. അഭയാർത്ഥി പ്രവാ
ഹത്തിന്റെ ഏതാണ്ട് അഞ്ച്, ആറ് മാസങ്ങളിൽ രാജ്യ
ത്തിന്റെ വടക്ക് പടിഞ്ഞാറൻ ഭാഗത്തു നിന്നുണ്ടായ
ലൈംഗിക അതിക്രമങ്ങളെ സംബന്ധിക്കുന്ന വിവര
ങ്ങൾ നിശബ്ദമാക്കപ്പെട്ടിരുന്നു. അതിൽ പ്രധാനപ്പെട്ട
ഒന്നാണ് തോഹാ ഖൽപാ എന്ന ഗ്രാമത്തിന്റെ കാര്യം.
വിഭജനത്തിന്റെ സമയത്ത് അവിടെ നിന്നും രക്ഷപെ
ടുന്നതിനിടയിൽ അവിടുത്തെ പുരുഷന്മാർ സ്ത്രീക
ളെയും കുട്ടികളെയും കൊന്നു കളഞ്ഞ സംഭവം നട
ന്നിരുന്നു. സ്ത്രീകൾ മുസ്ലീംങ്ങളുടെ കൈയ്യിൽ




ചെന്നു പെടരുത് എന്ന് പുരുഷന്മാർ ആഗ്രഹിച്ചിരുന്നു. തോഹാ ഖൽസായുടെ കാര്യത്തിൽ സംഭവിച്ചത് അവിടുത്തെ പെണ്ണുങ്ങൾ കൂട്ടമായി ഒരു കിണറ്റിലേക്കു ചെന്നു ചാടി ആത്മാഹൂതി ചെയ്തു എന്നതാണ്. ആ ദുരന്തസംഭവത്തെ അതിജീവിച്ച ഒരു സ്ത്രീയുടെ വാക്കുകൾ ഇന്ന് നമ്മൾക്കു മുന്നിലുണ്ട്. തന്തൂരിയുടെ മുകളിൽ കിടക്കുന്ന റൊട്ടി വേകാതിയിരിക്കുന്നതുപോലെ ആണ് തന്റെ അവസ്ഥ എന്നാണ് അവർ പറഞ്ഞത്. കിണറ്റിൽ ആളുകൾ വീണ് വീണ്, ഒടുവിൽ വീണവർ വെള്ളം തൊടാതെ ശരീരങ്ങൾക്കു മുകളിൽ കിടന്നതുകൊണ്ട് മരിക്കാതെയിരുന്നു. അങ്ങനെ രക്ഷപെട്ട ഒരാളായിരുന്നു ആ സ്ത്രീ. പക്ഷെ അവരുടെ ഈ പ്രവൃത്തി പൂർണ്ണമായും സ്വേച്ഛാനുസരണം ഉള്ള ഒന്നായി നമുക്കു കാണാൻ സാധിക്കില്ല. ഈ സ്ത്രീകൾ യഥാർത്ഥത്തിൽ തങ്ങളുടെ ജീവൻ വെടിയാൻ ആഗ്രഹിച്ചിരുന്നില്ല. ആ ചെയ്യാൻ തീരുമാനിച്ചിരുന്നു എന്ന ആശയത്തെ വിശ്വസിക്കാൻ നമുക്കു കഴിയില്ല. കുടുംബങ്ങൾ അവരുടെ സ്ത്രീകളോട് എന്താണ് ചെയ്തത് എന്ന ചോദ്യത്തിന് മറുപടിയുമായി നിൽക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. സ്ത്രീകളെക്കുറിച്ച് അവരുണ്ടാക്കിയ കഥകളിൽ അവർ രക്തസാക്ഷികളായി തീർന്നിരിക്കണം. പക്ഷെ അത് യഥാർത്ഥത്തിൽ കൊലപാതകങ്ങൾ തന്നെയാണ്.

പാക്കിസ്ഥാൻ സൃഷ്ടിക്കപ്പെടുന്ന സമയത്തു തന്നെ സൃഷ്ടിക്കപ്പെട്ട മറ്റൊരു രാജ്യം കൂടിയുണ്ട് ഇസ്രയേൽ. രണ്ടും ദൈവശാസ്ത്ര പ്രകാരമാണ് നിർമ്മിക്കപ്പെടുന്നത്. ഏതാണ്ട് ഒരേ സമയത്ത് തന്നെ. അവിടെയും ഇവിടെയും യുദ്ധം ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. സ്ത്രീകളുടെ കാര്യത്തിൽ രണ്ടിടത്തും വ്യത്യാസമൊന്നും നമുക്ക് കാണാൻ സാധിക്കില്ല. അവിടെയും ബോംബിങ് ഉണ്ട്. എഴുപതു വർഷങ്ങളായി അഭയാർത്ഥികളായി കഴിയുന്നവരുണ്ട്. 1971-ൽ ബംഗ്ലാദേശ് യുദ്ധം കടന്നു വന്നു അതു കൂടുതൽ അഭയാർത്ഥികളെ സൃഷ്ടിച്ചു.



സ്ത്രീകളെല്ലാം അമ്മമാരായിരുന്നില്ല. ചിലർ ചെറുപ്പക്കാരികളായ പെൺകുട്ടികൾ ആയിരുന്നു. പാട്രിയാർക്കി ഇങ്ങനെയാണ് പ്രവർത്തിക്കുന്നത്. സ്ത്രീകൾ തങ്ങളുടെ ശരീരംകൊണ്ട്, സമുദായത്തിന്റെയും രാജ്യത്തിന്റെയും സംരക്ഷണം നടത്തുന്നവരുടെ ഭാഗം അഭിനയിക്കാൻ വിധിക്കപ്പെട്ടവരായി തീരുകയാണ്. വിഭജനത്തിന്റെ സമയത്ത് നടന്ന വലിയ ഒരു കാര്യമാണ് ഇത്. ചിലപ്പോൾ ആ സ്ത്രീകളിൽ മൂന്നോ നാലോ പേർ സ്വയം മരണം വരിക്കാൻ തീരുമാനിച്ചിരിക്കണം. പക്ഷെ എല്ലാവരും അത് ഏതാണ്ട് ഒരു കോടിയോളം മനുഷ്യർ അന്ന് അഭയാർത്ഥികളായി. അതുകൊണ്ടുതന്നെ മനുഷ്യന്റെ ചരിത്രം എന്നത് കുടിയിറക്കങ്ങളുടെ ചരിത്രമാണ് എന്ന് പറയുന്നത്.

പുതിയ കാലത്ത് നമുക്ക് ഇന്ന് മറ്റൊരു സംഗതിയുണ്ട് കുടിയേറ്റ തൊഴിലാളികൾ എന്ന് പറയാവുന്നത്. നമ്മുടെ മിക്കവാറും നഗരങ്ങളിലെയും അമ്പതു ശതമാനം മനുഷ്യരും ജീവിക്കുന്നത് ചേരികളിലാണ്. ചേരികളിൽ ജീവിക്കുന്ന ബഹുഭൂരിപക്ഷം പേരും കുടിയേ



ക്കാരാണ്. അവരെ നമ്മൾക്ക് ആവശ്യമുണ്ട്. നമ്മുടെ നല്ല ജീവിതത്തിനുവേണ്ടി പണിയെടുക്കാൻ
അവർ വേണം. നമ്മൾ അവരെ സ്വീകരിക്കുകയും ചെയ്യുന്നു. കേരളത്തിന്റെ കാര്യം തന്നെയെ
ടുക്കാം. ബീഹാറിൽ നിന്നും ബംഗാളിൽ നിന്നും ആസാമിൽ നിന്നും ഒക്കെ ജോലി അന്വേഷിച്ച് ഇങ്ങോട്ടു
വരുന്നു. പ്രധാനമായും താഴെത്തട്ടിലുള്ള ജോലികൾ. അത് പൂർണ്ണമായും സ്വമനസ്സാലെയുള്ള
സ്ഥാനചലനങ്ങൾ അല്ല. ഒരു തരത്തിൽ അത് ബലം പ്രയോഗിച്ചു സംഭവിക്കുന്നതാണ്. ഈ അഭയാർ
ഥികളാണ് പല നഗരങ്ങളെയും നമ്മൾ ഇന്നു കാണുന്ന രീതിയിൽ വികസിപ്പിച്ചത്. അതിന്റെ ഏറ്റവും നല്ല
ഉദാഹരണമാണ് 'ബോംബെ'.

അഭയാർത്ഥികളെയും കുടിയിറക്കലിനെയും സ്ഥാനചലനങ്ങളെയും പറ്റി ചിന്തിക്കുമ്പോൾ ഇപ്പോൾ ഉണ്ടാകുന്ന
സിറിയൻ അഭയാർത്ഥി പ്രവാഹത്തെ കുറച്ചു തന്നെ ചിന്തിച്ചു നോക്കൂ. ആ വിഷയത്തിൽ നമ്മൾ വളരെ
കുറച്ച് മാത്രം ചർച്ച ചെയ്യുന്ന കാര്യമാണ്. ആരാണ് ആദ്യം സിറിയയിലെ യുദ്ധം തുടങ്ങിയത്. ആരാണ്
അഫ്ഗാനിസ്ഥാനിലെ യുദ്ധം തുടങ്ങിയത് എന്നുള്ള കാര്യങ്ങൾ ആ കാരണങ്ങളാണ് യഥാർത്ഥത്തിൽ ഈ
പറയുന്ന അഭയാർത്ഥി പ്രവാഹങ്ങൾ ഉണ്ടാക്കിയത്. ഭരണകൂടങ്ങൾ അവയുടെ ഉത്തവാദിത്വം നിർവഹിച്ചു
കൊണ്ട് സമാധാനത്തിന്റെ അന്തരീക്ഷം സൂക്ഷിക്കുമ്പോൾ പലപ്പോഴും മനുഷ്യൻ അവരുടെ വീട് വിട്ട്
ഓടിപ്പോകുകയില്ല. അവർ ജോലി അന്വേഷിച്ച് യാത്ര ചെയ്യും. ഉറപ്പാണ്. അത് ആളുകളുടെ സ്വാഭാവിക
ചലനമാണ്. പക്ഷെ ഈ വിപുലമായ കുടിയേറ്റങ്ങൾ ഉണ്ടാകുന്നത് എപ്പോഴും യുദ്ധങ്ങളും പോരാട്ടങ്ങളും
ഉണ്ടാകുമ്പോഴാണ്. അതെല്ലാം നിർമ്മിക്കുന്നത് അധികാര സംവിധാനങ്ങളാണ്. എന്നാൽ അവയൊന്നും അവരുടെ
പുനരധിവാസത്തിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയില്ല. ഇത് തുടരുന്നിടത്തോളം കാലം വിഭജനങ്ങളുടെയും
അഭയാർത്ഥി പ്രവാഹങ്ങളുടെയും കഥ തുടർന്നുകൊണ്ടേയിരിക്കും. അത് കൊണ്ടാണ് നമ്മൾ ആദ്യമെ സൂചിപ്പിച്ചത്.
മനുഷ്യന്റെ ചരിത്രം എന്നത് കുടിയേറ്റങ്ങളുടെ ചരിത്രമാണ് എന്ന്.



വിജനങ്ങളുടെ ഭാരം മനസ്സിൽ നിന്നും പതിയെ ഒഴിഞ്ഞപ്പോഴാണ് ദിലീഷ് പോത്തനെ കാണുന്നത്. സത്യത്തിൽ KLF ലേക്കുള്ള ഈ യാത്രയ്ക്ക് മാഗസിനിലേക്ക്പറ്റിയ ഒരു ഇന്റർവ്യൂ കണ്ടെത്തുക എന്നൊരു ഉദ്ദേശം കൂടിയുണ്ട്. ഗസ്റ്റ് റൂമിനുള്ളിൽ വിശ്രമിക്കുന്ന ദിലീഷ് പോത്തനെ എങ്ങനെ കാണും എന്ന് ശങ്കിച്ച് ഗസ്റ്റ് റൂമിന്റെ പുറത്ത് നിൽക്കുമ്പോഴാണ് 'എന്താ മക്കളെ ഇവിടെ' എന്ന നേരത്തേ കേട്ട ശബ്ദം വീണ്ടും കേട്ടത്, ഗസ്റ്റ് റൂമിനു മുമ്പിൽ പതുങ്ങിനിന്നതിന്റെ കാരണം പറഞ്ഞപ്പോൾ 'അതിനു നിങ്ങളെന്തിനാ വിഷമിക്കണെ, ഞാനൊന്നു നോക്കട്ടെ. പോയാലൊരു വാക്ക് കിട്ടിയാലൊരു പെണ്ണ്' എന്നും പറഞ്ഞ് അവർ അകത്തേക്ക്പോയി. തിരിച്ചെത്തിയപ്പോൾ മുഖത്താചിരിയുണ്ട് അടുത്തു വന്നു പറഞ്ഞു. ''പോയി കണ്ടോ ഷാഹിന ചേച്ചി പറഞ്ഞൂന്നു പറഞ്ഞാമതി.''

ആ ഒരു ധൈര്യത്തിൽ അദ്ദേഹത്തെ പോയി കണ്ടു. ഫോൺ നമ്പറും പിന്നീട് കാണുവാനുള്ള അനുവാദവും കിട്ടി



അവിടെ നിന്നിറങ്ങിയപ്പോൾ ആദ്യം തേടിയത് ഷാഹിന ചേച്ചിയെ ആയിരുന്നു. ചേച്ചിയോട് നന്ദി പറഞ്ഞതോടൊപ്പം കോഴിക്കോട് അടുത്തു കാണാൻ പറ്റിയ ഒരു സ്ഥലം കൂടിയന്വേഷിച്ചു. കുറ്റിച്ചിറ എന്നൊരു മറുപടിയും കിട്ടി.

മിഠായിത്തെരുവിന്റെ നടുവിലൂടെ തിക്കിതിരക്കി 'ങ്ങള് കുറച്ചു സ്വർണ്ണം വാങ്ങിച്ചോളീ' എന്ന് സ്നേഹത്തോടെ പറയുന്ന കച്ചവടക്കാരെയും ചില്ലലമാരകളിൽ പല നിറത്തിലും പല രുചിയിലും ആസ്വാദിക്കപ്പെടാൻ കാത്തിരിക്കുന്ന അലുവയുടെ കൂമ്പാരങ്ങളെയും താണ്ടി കുറ്റിച്ചിറ ലക്ഷ്യമാക്കി നടന്നു.

സമ്പന്നമായ ഒരു പൈതൃകത്തിന്റെ അവകാശികളാണ് കുറ്റിച്ചിറയിലേയും അതിനു ചുറ്റുമുള്ള പ്രദേശങ്ങളിലേയും ജനങ്ങൾ. കേരള ചരിത്രത്തിൽ സുപ്രധാനമായ സ്ഥാനമാണ് കുറ്റിച്ചിറക്കുള്ളത്. മഹാഭൂരിപക്ഷം മുസ്ലീങ്ങൾ തിങ്ങി പാർക്കുന്ന ഈ ദേശത്തെ ഇന്ന് ചരിത്ര പ്രധാന്യം ഉള്ളതാക്കുന്നത് ഇവിടുത്തെ പള്ളികളാണ്.

14-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നാഖുദ മിസ്കാൽ എന്ന യെമൻ വ്യാപാരി പണിയിപ്പിച്ച മിസ്ക്കൽ പള്ളിയാണ് അതിൽ പ്രധാനം. പൂർണ്ണമായും കേരള വാസ്തു കലാ ശിൽപ രീതിയിൽ നിർമ്മിച്ചിരിക്കുന്ന ഈ പള്ളി കല്ലിനെക്കാൾ കൂടുതൽ മരം ആണുപയോഗിച്ചിരിക്കുന്നത്. 5 നിലകളിലായി 24 തൂണുകളിൽ പണിതുയർത്തിയ ഈ പള്ളിയുടെ നിർമ്മാണ വൈദഗ്ധ്യം അത്ഭുതകരമാണ്.

പോർച്ചുഗീസ് അക്രമത്തെ അതിജീവിച്ച ചരിത്രവും ഈ പള്ളിക്കുണ്ട് വാസ്കോ ഡി ഗാമയുടെ പിൻഗാമിയായിരുന്ന അൽബുക്കർക്കിന്റെ സൈന്യം കോഴിക്കോട് അക്രമിച്ചിരുന്നു. മലബാറിലെ ജനങ്ങൾ മതഭേതം കൂടാതെ അതിനെ നേരിട്ടു. അതിനെതുടർന്ന് അവിടുത്തെ ഹിന്ദു മുസ്ലിം ഐക്യം തകർക്കുന്നതിന് രഹസ്യമായി മിസ്ക്കൽ പള്ളി അക്രമിക്കുകയും പള്ളിക്ക് തീ വയ്ക്കുകയും ചെയ്തു. പള്ളി അക്രമിക്കപ്പെട്ട വിവരം അറിഞ്ഞ സാമൂതിരി പള്ളി സംരക്ഷിക്കാനായി അഞ്ചുറോളം വരുന്ന പടയാളികളെ അവിടേയ്ക്ക് അയച്ചു. ഹിന്ദുക്കളും മുസ്ലിങ്ങളും തോളോടു തോൾ ചേർന്ന് പറങ്കികളെ നേരിട്ടു. അങ്ങനെ കുറ്റിച്ചിറ ഒരുവൻ പോരാട്ടത്തിന് സാക്ഷിയായി. ഹിന്ദുകളും മുസ്ലിങ്ങളുമായ 500ലേറെ പേർ ചോരയിൽ എഴുതിയ വീരചരിത്രമാണ് മിസ്ക്കൽ പള്ളിയുടേത്.

വർഷങ്ങൾക്ക് ശേഷം പോർച്ചുഗീസുകാരുടെ പാലിയം കോട്ട സാമൂതിരി തകർത്തപ്പോൾ ആ മരങ്ങൾ തന്നെ പള്ളിയുടെ പുനരുദ്ധാരണത്തിനായി സാമൂതിരി എത്തിച്ചു കൊടുത്തു.

കുറ്റിച്ചിറയിലെ ചരിത്രപ്രധാനമായ മറ്റൊരു പള്ളിയാണ് മുച്ചുന്തി പള്ളി. 1100 വർഷം പഴക്കമുള്ള ഈ പള്ളി
കേരളത്തിലെ പുരാതന പള്ളികളിൽ ഒന്നാണ്. കോഴിക്കോട്ടെ ആദ്യത്തെ മുസ്ലിം പള്ളിയും ഇതാണ് എന്നു
പറയപ്പെടുന്നു. ഈ പള്ളിയുടെ മറ്റൊരു പ്രത്യേകത 13-ാം നൂറ്റാണ്ടിലെ ഒരു ശിലാലിഖിതം പള്ളിയിൽ
പതിച്ചിട്ടുള്ളതാണ്. സാമൂതിരി രാജാക്കന്മാരുടെ ആദ്യകാല ചരിത്രത്തിലേക്കു കേരളത്തിലെ മുസ്ലിംങ്ങളുടെ
ചരിത്രത്തിലേക്കും വെളിച്ചം വീശാൻ കഴിയുന്ന ഒന്നാണിത്. പകുതി വട്ടെഴുത്തും പകുതി അറബിയുമായി
കൊത്തിവച്ചിട്ടുള്ള ഈ രേഖ ഒറ്റനോട്ടത്തിൽ ഒരു ഹൈന്ദവ ക്ഷേത്രത്തെ അനുസ്മരിപ്പിക്കുന്നതുകൊണ്ട്
മുച്ചുന്തി പള്ളി കാല പഴക്കത്തിലും രൂപവും ഭാവവും മാറാതെ ഇന്നും നിലനിൽക്കുന്നു. മാപ്പിളപ്പാട്ടു രച
യിതാവായ മോയിൽകുട്ടി വൈദ്യർ മുച്ചുന്തി പള്ളിക്കെത്ത് താമസിച്ചാണ് മാപ്പിളപ്പാട്ടുകൾ രചിച്ചിരുന്നത്.

കുറ്റിച്ചിറയുടെ സാമൂഹിക ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ് ഈ പ്രദേശത്ത് കാണപ്പെടുന്ന തറവാടുകൾ.



നാലുകെട്ടും നടുമുറ്റവും വിശാലമായ പുറംസ്ഥലവും
നിരവധി മുറികൾ ഉള്ളതുമാണ് ഇവയിൽ പലതും.
പെൺമക്കൾ വിവാഹശേഷവും സ്വന്തം തറവാടുകളിൽ
തന്നെ താമസിക്കുന്ന സമ്പ്രദായം ആണ് ഇവിടെ
ഉണ്ടായിരുന്നത്. ഭർത്താക്കന്മാർ വിവാഹശേഷം ഭാര്യ
വീടുകളിൽ അന്തിയുറങ്ങുന്നതായിരുന്നു ഇവിടുത്തെ
പതിവ്. ഇങ്ങനെ വിവാഹം കഴിഞ്ഞെത്തുന്ന ഭർത്താക്ക
ന്മാരെ അവരുടെ മരണം വരെ പുതിയാപ്പിള എന്നാണ്
വിളിച്ചിരിന്നത്.

വളരെ ലാളിത്യം ഉള്ള ഒരു ജീവിത രീതിയാണ്
കുറ്റിച്ചിറയിലെ ആളുകൾ പിൻതുടർന്നിരുന്നത്.
രാഷ്ട്രീയ ചർച്ചകളാലും സൊറ പറയലുകളാലും
സജീവമായിരുന്നു കുറ്റിച്ചിറയിലെ വൈകുന്നേരങ്ങളും.
കുറ്റിച്ചിറയുടെ ഹൃദയമായ കുറ്റിച്ചിറക്കുളത്തിന്റെ പട
വുകൾ ആയിരുന്നു ഇവിടുത്തുക്കാരുടെ പ്രധാന
സംഗമസ്ഥാനം.

കുറ്റിച്ചിറക്കുളത്തിന്റെ എതിർവശത്തുള്ള പീടിക മാളി
കകൾ പണ്ട് ഒരു തരം ക്ലബ്ബായിരുന്നു. പണംവെച്ചുള്ള
ചീട്ടുകളി നടക്കുന്നതും നടക്കാത്തതുമായ ക്ലബ്ബുകൾ
നേരംവെളുക്കുവോളംഅവിടങ്ങളിൽ ചീട്ടുകളിതുടർന്നു
കൊണ്ടേയിരുന്നു. പീടിക മാളികയിൽ അംഗങ്ങ
ളായിരുന്ന കോയമാരാണ് വൈകുന്നേരങ്ങളിൽ
കുളത്തിന്റെ പടവുകൾ കൈയ്യടക്കിയിരുന്നത്. തിരക
ളില്ലാത്ത ബീച്ചും ചെടികളും പുഷ്പങ്ങളുമില്ലാത്ത
പാർക്കും ആയിരുന്നു പലർക്കും ഈ തുറന്ന പ്രദേശം.

മുസ്ലീം കുടുംബങ്ങളുടെ ഈറ്റില്ലമായ കുറ്റിച്ചിറയുടെ
വളരെ വ്യത്യസ്തവും ആകർഷണീയവുമായ ഒരു മുഖവുമാണ് അവിടുത്തെ ഗുജറാത്തി സ്ട്രീറ്റ്. പണ്ട് കാലത്ത്
ഗുജറാത്തിൽ നിന്നും കച്ചവട ആവശ്യങ്ങൾക്കായി കുടിയേറിപ്പാർത്ത കച്ചവടക്കാരുടെ പിന്മുരക്കാരാണ് ഇന്ന്
ഗുജറാത്തി സ്ട്രീറ്റിൽ ഉള്ളത്.


മുസ്ലീം ഭൂരിപക്ഷ സമുദായത്തിനിടയിലും തങ്ങളുടേതായ ഭാഷയും സംസ്ക്കാരവും സ്വത്വവും കാത്തു
സൂക്ഷിക്കുവാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. കുറ്റിച്ചിറയിലെ മുസ്ലീം വ്യാപാരികളുമായി അവർ വർഷങ്ങളായിട്ടുള്ള
സൗഹൃദബന്ധം ഇപ്പോഴും തുടർന്നുപോരുന്നു.

ഒരു വിഭാഗം ജനങ്ങൾ മാത്രം താമസിക്കുന്ന പ്രദേശങ്ങൾ കാലാന്തരത്തിൽ ഒരു തരം സാംസ്ക്കാരിക ജഡ

ത്വത്തിന് അടിപ്പെടാറുണ്ട് കുറ്റിച്ചിറക്ക് ഈ ദുർവിധി വരാതിരിക്കുന്നതിന് ഒരു പ്രധാന കാരണം അത് കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗത്തോട് ചേർന്നു കിടക്കുന്നു എന്നത് കൊണ്ടാണ് എല്ലാ മതവിഭാഗങ്ങളും സംസ്കാരങ്ങളു ഇടപഴകി കഴിയുന്ന ബീച്ചിലേക്കും മിഠായിത്തെരുവിലേക്കും കല്ലായി റോഡിലേക്കും റെയിവേ സ്റ്റേഷനിലേക്കും എല്ലാം നടന്നുപോകാവുന്ന ദൂരം.

പണ്ടു മുതൽക്കേ ഭക്ഷണപ്രിയരായ കുറ്റിച്ചിറക്കാർ ഇന്നും ആ ശീലത്തിന് വലിയ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. അതിനു തെളിവാണ് രണ്ട് വർഷം മുമ്പുവരെ ഇവിടെ നടന്നുകൊണ്ടിരിക്കുന്ന നോമ്പുതുറ സൽക്കാരങ്ങൾ. കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ള സ്ഥലങ്ങളിൽ നിന്നും ജാതിമതഭേദമന്യേ ആളുകൾ ഇതിനായി ഇവിടെ എത്തിച്ചേർന്നിരുന്നു.

കുറ്റിച്ചിറയുടെ പ്രതാപം വിളിച്ചോതിയിരുന്ന പല തറവാടുവീടുകളും ഇന്നില്ല. കൂട്ടുകുടുംബങ്ങളും മരുമക്കത്തായവും അന്യം നിന്നും കൊണ്ടിരിക്കുന്നു. ഒരു കാലത്ത് ചൂടുള്ള ചർച്ചകളും സൊറ പറച്ചിലുകൾ കൊണ്ടും കലുഷിതമായിരുന്ന കുറ്റിച്ചിറക്കുളവും ഇന്ന് കാലത്തിന്റെ കുത്തൊഴുക്കിൽ ശാന്തമായിക്കഴിഞ്ഞിരിക്കുന്നു. പക്ഷെ ഇപ്പോഴും ജാതിയുടെയും മതത്തിന്റെയും അതിർവരമ്പുകൾ ഭേദിച്ച് മനുഷ്യരെ സ്നേഹിക്കാൻ കുറ്റിച്ചിറക്കാർ മറന്നിട്ടില്ല.



# कौन है ज़िम्मेदार?



आसमान की बूंदें कहाँ गई?
किसने उसको रास्ते में रोका?
क्या वह उससे कभी नहीं बच पाएगी?
वह हरियली कहा गयी?
कौन उसे धरती से हटाया?
क्या यह किसी मानव के
अनियंत्रित हस्ताक्षेप के शिकार है?
तेज़ी से बढती नदी आज कहाँ गयी?
कौन उसके पानी को चुरा लिया?
किसने उसको कलुषित किया?
क्या यह कभी स्वच्छंद वह नहीं सकती?
कल के डाँगल के स्थान पर आज क्या है?
बड़े-बड़े मकान और और उससे फैलती धुआँ।
क्या यह धुआँ बहती हवा को रोकती है?
क्या यह आसमान को प्रदुषित करती है?
इन सबके पीछो कौन है?
क्या मानव है या कोई और?
इस हालत को कैसे मिटाएंगे?
कौन है ज़िम्मेदार?

Anjali Sreekumar
I B. A History





# THE PURSUIT OF HAPPINESS

## *Happy... Now and Ever After*



The Oxford Dictionary defines happiness as a state of being happy or a state of well being and contentment or a pleasurable and satisfying experience. The United states Declaration of Independence promises the right to 'Life, Liberty and the Pursuit of Happiness' for all its citizens. Ever wondered why happiness is so important? Some of us have never really considered the question. But when you think about it you realize that happiness is really all there is. It is probably the end result we all prefer. Life, according to me, is this rollers coaster journey we all embark on with lots of ups and downs, in order to attain happiness. The downs are as important as the ups in determining the quality of the happiness we attain. Happiness means different things to different people. I strongly feel that the circumstances one lives in one's thoughts and one's attitude develop one's character and in turn, one's idea of happiness. Some people think happiness revolves around success, money good looks, fame and entertainment alone. Yes, a little. But genuinely successful people in all walks of life will tell you that happiness really is peace and contentment.

Once I stumbled upon this quote on social media. "Anyone who says you can't buy happiness haven't probably gone shopping." Well, its's true that costly possessions, latest gadgets and classy dresses do bring joy for some folks. But happiness should really be consistent. Happiness should stay. From the 19 years of my life experience, here are my basic keys to happiness.

The first key to happiness is present in the little things. You will realise how beautiful everything around you is only when you notice it. Like Keats said, 'A thing of beauty is a joy forever'. By little things I mean, living the moment, i.e, learning to enjoy the sunrise, the sunset, the warmth you feel while cuddling your pets, the satisfying feeling when you see that tired smile your mom gives you when you help her on a hectic day, the lucky feeling when you get an extra pappad from the cafeteria for free, the excitement in your heart while meeting your best friend after a long time, that awesome feeling after a work out. Little things, when appreciated make you feel good about yourself and warm your heart. They say that one day you will realize that these little things were actually the big things.



The people in our lives have a fairly big role in balancing our happiness quotient. A small friction with a loved one is big enough to disrupt an otherwise potentially fruitful day. Hence we need to find ways to consistently maintain our happiness to a minimum level to stay productive no matter what.

Another key is lowering your expectations about people and life. As everyone knows, expectations lead to disappointments. Treating people the way you want to be treated and respected, helping people in need encouraging them and supporting them sincerely when they need it without expecting anything in return is actually possible. When you uplift people you end up uplifting yourself. Infact, the world needs more of that. But I feel expectations should only be lowered to the point where only the experiences of our journey are affected in a positive way. The outcome of our happiness shouldn't be affected in a negative way.

Even after lowering your expectations, sometimes, life will seem to be a real let down. Sometimes it knocks you down so hard that it takes sometime for you to get back up and be stable before you can be happy. Now I'll tell you how a different dimensions of happiness can be explored. It is by imaging ourselves in someone's shoes. Embracing the sorrows of other people is what I'm talking about. Yeah right, as if we don't have enough things to worry about. Now you expect us to worry about other people's problems? I know you might be thinking this right now. But embracing the sorrows of other people evokes the realigation that everyone is fighting a different battle, a realigation which will cease us from judging anyone else. That is when you realize that your life is a bet of roses to someone out there. That is the moment gratitude kicks in. My parents often tell me that if you get three meals a day and if you have a roof over your head, then you are lucky beyond words. Yes, gratitude is hence an important key to happiness. Gratitude paves way for kindness and compassion. Only such a person would be able to appreciate the depth of happiness.

Another key to happiness is learning to feel comfortable alone. You shouldn't put the key to your happiness in someone else's pocket. Just because you are alone doesn't mean you are lonely. Your are seriously lucky if you have a lot of friends. Even I have friends who actually define the meaning of friendship through their action's. But indulging in some me time and learning to be comfortable in your own company is an important mantra indeed. Thus, independence is yet another key to happiness.

So far, we only talked mostly about the enjoyment factor of life which happiness will help stabilize. But life without a purpose is actually meaningless. I'm not going to get into thoughts about the purpose of existence or its implications. There is somethineveryone is good at. If you have a talent you need to find it, develop it and be so good at what you love that people will start paying you for doing it. To reach heights you need to go beyond your comfort zone and trust me, its' scary. "Some failure in life is inevitable. It is impossible to life without failing at something unless you lie so cautiously that you might as well not have lived at all - in which case you fail by default", said J.K. Rowling. Rowling claims that she had failed on an epic scale. I wonder what the world would have been like if she had given up. There would be no Harry Potter.

Just like Rowling, each of us have a purpose. We need to realize it and work hard in order to achieve it. Our life finds meaning only when we share it with the world.

For me, a happy life with bast regrets and a profession where I would be looking forward to Mondays instead of dreading them, is my purpose for now. I wish to live life to its fullest by doing what I love with people I love. Just remember that on the wrinkled eve of your life it is not how any expensive ears or jewellery you possessed which proves you lived happily but the number of hearts that will smile when they hear your name.

**Unnimaya S**
I BA English



# യൂസിക്കൊരു പ്രണയലേഖനം

ടിസിയും വാങ്ങി കച്ചേരി മാളികക്കു മുന്നിലൂടെ ആർത്തുലച്ചു പെയ്യുന്ന മഴയിൽ നീറുന്ന മനസ്സുമായി പടവുകൾ ഇറങ്ങിയപ്പോൾ സ്വയമറിയാതെ ഒന്നു പിൻതിരിഞ്ഞു നോക്കി. യുസി നീയും വിതുമ്പുകയായിരുന്നു. പലവട്ടം ഞാൻ നിന്നോടു ചോദിച്ചിട്ടുണ്ട് നമ്മൾ പ്രണയിതരാണോ എന്ന്. ജന്മാന്തര ബന്ധമാകാം നമ്മെ കോർത്തിണക്കിയത്.

നീയോർക്കുന്നുണ്ടോ ആദ്യമായി ഞാൻ നിൻ മടിത്തട്ടിൽ വന്നത്, 3 വർഷം നിനക്കുവേണ്ടി കാത്തിരുന്നത്, അച്ഛനുമൊത്ത് സർട്ടിഫിക്കറ്റുകളുമായി നിന്നിലേക്കുള്ള പടവുകൾ കയറുമ്പോൾ എന്റെ ഹൃദയം തുടിച്ചിരുന്നു. നന്നായി പഠിക്കണം എന്ന പ്രിൻസിപ്പളിന്റെ ഉപദേശവാക്കുകളും കേട്ട് മലയാളം വിഭാഗത്തിലേക്ക് നടക്കുമ്പോൾ ഇടക്കിടെ ഞാൻ പിൻതിരിഞ്ഞുനോക്കി. "കാഴ്ച കാണാതെ നടക്കടെ" എന്ന അച്ഛന്റെ താക്കീത് യുസീ നീയും കേട്ടതല്ലേ അതിനു മറുപടി എന്നപോലെ നീ കാറ്റായ് തഴുകി കടന്നുപോയി.

നീണ്ട കണ്ണട വച്ച മ്യൂസ് മേരി മിസ്സ് കണ്ണടകൾക്കുള്ളിലൂടെ 100 ചോദ്യങ്ങളും ഒരു പുഞ്ചിരിയുമായ് മുന്നിൽ നിന്നപ്പോൾ നീ കാതിൽ മൊഴിഞ്ഞത് ഇന്നും ഞാനോർക്കുന്നു. ആദ്യമായ് CCയിൽ വന്ന് കവിതയെഴുതിയതും BBCയിൽ പോയിരുന്ന് പഞ്ചാരയടിച്ചതും, പ്രശാന്തേട്ടന്റെ മധുരം കൂടിയ ചായ കുടിക്കുവാൻ ക്ലാസ് കട്ട് ചെയ്തിറങ്ങിയതും, ചെമ്മാച്ചനില്ലാത്ത നേരം നോക്കി, കഞ്ഞിക്കുഴിക്കൊപ്പം ചാക്കോസിൽ കയറി ചോറും പരിപ്പ് കറിയും



കഴിച്ചതും, അവൾക്കൊപ്പം നടന്ന് മഞ്ചാടിക്കുരു പെറുക്കിയതും, എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ
തോന്നുന്നുവല്ലെ.

ആദ്യമായ് നിന്നിലേക്കു വരുമ്പോൾ അച്ഛനായിരുന്നു എനിക്ക് കൂട്ട്. ഇന്ന് നിന്നിൽ നിന്നും വിട
പറയുമ്പോൾ രണ്ട് വർഷത്തെ ജീവിതത്തിൽ നിന്നും നീയെനിക്ക് ഒരു ജന്മത്തിന്റെ മുഴുവൻ സായൂ
ജ്യവും നൽകിയിരിക്കുന്നു. എന്റെ സ്വപ്നങ്ങൾക്ക് ചിറകായ് നിന്നു. കൂടുതൽ ഉയരങ്ങൾ തേടിയുള്ള സ്വപ്
നങ്ങൾ നൽകി. സൗഹൃദവും, പ്രണയവും, ഓർമകളും, ആഘോഷങ്ങളുമെല്ലാം (യൂസി) നീ നൽകിയ
താണ്. ജീവിതത്തിൽ ആദ്യമായ് കോളേജിന്റെ പടവുകൾ ഇറങ്ങിയപ്പോൾ മിഴികൾ നിറഞ്ഞത് നിന്നെ ഞാൻ
അത്രമേൽ സ്നേഹിച്ചതു കൊണ്ടാകാം അല്ലെ....

ഇത് വായിക്കുന്ന എന്റെ എല്ലാ സഹോദരങ്ങളോടും ഒരു വാക്ക് ഭൂമിയിൽ ഒരു സ്വർഗമുണ്ടെങ്കിൽ അത് നമ്മുടെ
യു.സി. കോളേജാണ്. പ്രണയം പങ്കിട്ട ഇടനാഴികളും, സൗഹൃദം വിരിയിച്ച ക്ലാസ് മുറികളും സൊറ പറഞ്ഞിരുന്ന
മരച്ചുവടുകളുമെല്ലാം പടവുകൾ ഇറങ്ങിയ ശേഷം പിൻതിരിഞ്ഞു നോക്കുമ്പോൾ നമ്മെ നോക്കി വിതുമ്പുന്നുണ്ടാകാം.
നമ്മുടെ ജീവിതത്തിലെ ഏറ്റവും നല്ല നിമിഷങ്ങൾ ക്യാംപസ് ജീവിതത്തിന്റേതാണ്... അത് ആസ്വദിക്കുക. എന്റെ
സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകി എന്നെ പറക്കുവാൻ പ്രേരിപ്പിച്ച യൂസി. നീ പകർന്നു തന്ന വാക്കുകൾ മാത്രമാ
ണിന്നെന്റെ ജീവിതം.

**അഖിൽ രാജ്**
2-ാം വർഷ എം. എ ഇക്കണോമിക്സ്





# ഉദയ സൂര്യന്റെ നാട്ടിൽ

ഉദയ സൂര്യൻ നാട്ടിലേക്ക് ഒരു യാത്ര ഏതൊരു സഞ്ചാരപ്രിയന്റെയും ഡയറിക്കുറിപ്പുകളിൽ
രേഖപ്പെടുത്താൻ ആഗ്രഹിക്കുന്ന ഒന്നാണ്.

കോളനിവത്കരണവും രണ്ടാം ലോകമഹായുദ്ധത്തിന്റെ സാക്ഷികളായ ഹിരോഷിമയുടെ നാഗസാ
ക്കിയുടെ പിന്നീടുള്ള ഉയിർപ്പും, വ്യത്യസ്ത സാങ്കേതിക മേഖലയിലെ കുതിച്ചുചാട്ടവും. അങ്ങനെ
ലോക ശ്രേണിയിൽ തന്നെ അറിവിന്റെയും സാമ്പത്തിക ശേഷിയുടെയും കാര്യത്തിൽ മുൻപന്തിയിൽ
നിൽക്കുന്ന ജപ്പാന്റെ ചരിത്രവും സംസ്ക്കാരവും ഏതൊരാളെയും ചിന്തിപ്പിക്കുകയും അമ്പരപ്പിക്കുകയും
ചെയ്യുന്ന ഒന്നാണ്.

മൂന്നു മാസത്തെ ഒരു ഇടക്കാല പഠനത്തിനായി ജപ്പാന്റെ തലസ്ഥാനമായ ടോകിയോയിൽ പോയെ
എനിക്ക് ആ നാട് തന്ന അനുഭവങ്ങൾ വളരെ വലുതാണ്. സെപ്റ്റംബറിൽ അവിടെ എത്തിയതുകൊണ്ടാവാം
ശരത്കാലം എങ്ങനെ എന്ന് അറിയാൻ സാധിച്ചു. ഇല പോയ ശിഖരങ്ങളാൽ നിറഞ്ഞ മരങ്ങളാൾ വരി
വരിയായി നിൽക്കുന്നത് എനിക്ക് ഒരു പുതിയ കാഴ്ച്ചതന്നെയായിരുന്നു. എന്നാൽ ധനുമാസത്തിൽ
ശീതകാലത്തിന്റെ വരവ് കുറിച്ച് വന്ന തണുത്ത കാറ്റും മഞ്ഞു വീഴ്ച്ചയും ഞാൻ സ്വപ്നങ്ങളിൽ മാത്രം
കണ്ടിരുന്ന ദൃശ്യ വൈഭവമായിരുന്നു.

അവിടുത്തെ ആളുകളുടെ സ്വഭാവശീലം ഏവരെയും അദ്ഭുതപ്പെടുത്തുന്ന ഒന്നാണ് ബഹുമാന
ത്തിന്റെയും, സ്നേഹത്തിന്റെയും, സത്യസന്ധതയുടെയും പൂരകങ്ങളാണ് അവിടുത്തെ ആളുകൾ പ്രായ
ഭേദന്യേയുള്ള അവരുടെ ബഹുമാനശീലം നമ്മൾ കണ്ടുപഠിക്കേണ്ടതുതന്നെയാണ്. ഒരിക്കൽ ഒരു
സൂപ്പർമാർക്കറ്റിൽ പോയി കുറച്ച് സാധനങ്ങൾ വാങ്ങിയശേഷം ബില്ലടിച്ച് പോരും നേരത്ത് ഒരു പത്തറു
പത് വയസ്സായ അവിടെ സെയിൽസിൽ നിന്നിരുന്ന ഒരു വല്ല്യമ്മ നന്ദി സൂചകമായി എഴുന്നേറ്റ് തല
കുനിച്ച് കാണിച്ചത് എന്നെ വല്ലാതെ അമ്പരിപ്പിച്ചു സംഭവമായിരുന്നു. ജപ്പാനിലെ മറ്റു ഭക്ഷണശാല
കളിലും മറ്റു സ്ഥാപനങ്ങളിലുമുള്ള സ്വന്തം നാടിനെക്കുറിച്ചുള്ള ഒരു തിരിച്ചറിവ് നൽകുകയും ചെയ്യുന്നു.

മൂന്നുമാസത്തെ ചുരുങ്ങിയ കാലാവധി കൊണ്ട് മുഴുവൻ പഠിക്കാൻ പറ്റില്ലെങ്കിലും, അവിടുത്തെ പഠന
രീതിയും അധ്യാപക വിദ്യാർത്ഥി ബന്ധവും ഏതൊരു വിദ്യാർത്ഥിയേയും ആകർഷിക്കുന്ന ഒന്നാണെന്ന്
ഞാൻ മനസിലാക്കി അനൗപചാരികമായ അധ്യാപക - വിദ്യാർത്ഥി ബന്ധം വിദ്യാർത്ഥികളെ കൂടുതൽ



താത്പര്യത്തോടെ താന്താങ്കളുടെ വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും പുതിയ ആശയങ്ങളെ വളർത്തിയെടുത്ത് അത് പ്രാവർത്തികമാക്കാനും സഹായിക്കുന്നു. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ സ്വാധീനമായി ഇതിനെ കാണാം.

ജപ്പാനിലെ ആളുകളുടെ മതവിശ്വാസമാണ് എന്നെ വളരെയധികം ചിന്തിപ്പിച്ച മറ്റൊരു കാര്യം. ഷിന്റോയിസവും, ബുദ്ധിസവും പ്രബലമാണെങ്കിലും ചെറിയൊരു വിഭാഗ ക്രിസ്തീയ വിശ്വാസികളും ഉണ്ട്. മതങ്ങളുടെ ചരിത്രമോ, അതിന്റെ പ്രചരണമോ ആഴത്തിലുള്ള പഠനമോ അല്ല മറിച്ച് എല്ലാ ആൾക്കാരെയും സ്നേഹിക്കാനും, ബഹുമാനിക്കാനുമാണ് അവർ മതം കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരിക്കൽ ഞാൻ എന്റെ ബുദ്ധമതവിശ്വാസിയായ ഒരു ജപ്പാനീസ് സുഹൃത്തിനോട് ചോദിച്ചു. എന്താണ് ബുദ്ധിസം എന്ന് ? ആ ചോദ്യത്തിന് ഉത്തമമായ ഒരു ഉത്തരം തരാൻ സാധിക്കാതെ എന്റെ കണ്ണുകളിലേക്ക് നോക്കി നിന്ന അവനെ ഞാൻ ഇപ്പോഴും ഓർക്കുന്നു. മാനുഷികമൂല്യങ്ങൾക്ക് വളരെയധികം വില കൽപ്പിക്കുന്നതിനാൽ സ്വയം അത് ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ഇവർക്ക് കഴിയുന്നത്.

ജീവിത സാഹചര്യത്തിന്റെ ഉയർന്ന നിലവാരത്തിൽ മുൻപന്തിയിലാണല്ലോ ജപ്പാൻ അതുകൊണ്ടുതന്നെ ജീവിത ദൈർഘ്യം കൂടുതലുള്ള നാടാണത്. ബസ്സുകളിലും. മെട്രോ ട്രെയിനുകളിലും പാന്റും, ഷർട്ടും, ഷൂസും ഒരു തൊപ്പിയുമൊക്കെ ഇട്ട് വളരെ ഉത്സാഹത്തോടെ യാത്ര ചെയ്തിരുന്ന അവിടുത്തെ പ്രായമേറിയ ആളുകൾ എനിക്ക് കൗതുകമായിരുന്നു. ആരോഗ്യകരമായ ജീവിത രീതിയും ഭക്ഷണ ക്രമവുമാണ് ഇതിനു കാരണം എന്ന് ഞാൻ കരുതുന്നു.

സുഷി, ടെംപുര, റാമൻ, ഷാബു- ഷാബു, ഉടോൺ പോലുള്ള രുചിയാർന്ന ഭക്ഷണ വിഭവങ്ങളെ ആസ്വദിക്കാൻ എനിക്ക് സാധിച്ചു. പറഞ്ഞും കേട്ടും മാത്രം അറിവുള്ള പച്ചമീൻ വിഭവങ്ങളേയും പായൽ കൊണ്ടുള്ള ഭക്ഷണ പദാർഥങ്ങളെയും ആദ്യമൊക്കെ കഴിക്കാൻ മടിച്ച് നിന്നെങ്കിലും പിന്നീട് രുചിച്ച് നോക്കാനും അതിന്റെ സ്വാദ് ആസ്വദിക്കാനും കഴിഞ്ഞു.

ഈ പറഞ്ഞത് മാത്രമൊന്നുമല്ല ജപ്പാൻ, പറയാൻ ഇനിയും കേൾക്കാൻ ഏറെയും ഉള്ള ഒരു സംസക്കാരമാണത്. പുതുയൊരു നാടിനേയും അവിടുത്തെ സംസ്കാരത്തേയും ആളുകളേയും അറിയാനും പഠിക്കാനും താത്പര്യമുള്ളവർ ഒരിക്കലും നഷ്ടപ്പെടുത്തരുത്, ഈ വടക്കേ പസഫിക്ക് സമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന ദ്വീപിലേക്കുള്ള യാത്ര.

**അതുൽ സനിൽ ജോസഫ്**

**3-ാം വർഷ ഇക്കണോമിക്സ്**





# പ്രണയം

ഉള്ളിലാളുന്ന കവിത പോലെയാണ് പ്രണയം. മനസ്സിൽ ഒരു നീറ്റലായി പടരുന്ന പ്രണയം. പാതിമറന്നതും പറയാതകന്നതുമായ പ്രണയം. നിറമഞ്ഞു പൊഴിയുന്ന നിലാവു പോലെയാണത്. തൊട്ടറിയാവുന്നത്. അനുഭവിച്ചറിയാവുന്നത്...

യൂസിക്കെന്നും പ്രണയത്തിന്റെ ഗന്ധമായിരുന്നു. ഇടവഴികളിലെ കണ്ണേറു നോട്ടങ്ങളിലും സിസിയിലെ വാകമരങ്ങൾക്കു കീഴെയുള്ള മൗനങ്ങളിലും പ്രണയം മറഞ്ഞു കിടന്നു.

വിണ്ണിനെ വിട്ട് മണ്ണിനെ പുണരാൻ കൊതിച്ച പെൺകൊടിയായിരുന്നു പ്രണയം. വിരഹത്തിന്റെ സ്നേഹത്തിന്റെ, ഇണക്കത്തിന്റെ പിണക്കത്തിന്റെ മഴത്തുള്ളികളുമായ് അവൾ പെയ്തിറങ്ങി. ഹൃദയങ്ങളിൽ നിന്ന് ഹൃദയങ്ങളിലേക്ക്...

അന്ന് മഴയെ കുടക്കീഴിലൊതുക്കാൻ ശ്രമിച്ചവരെല്ലാം മഴയാൽ നനഞ്ഞു. മഴയാൽ നനഞ്ഞവരെല്ലാം കുടക്കീഴിലൊതുങ്ങാൻ മഴക്കായ് തപസ്സും ചെയ്തു. എത്ര നനഞ്ഞാലും മതിവരാത്ത മഴ. എത്ര കൈക്കുമ്പിളിൽ നിറക്കാൻ കൊതിച്ചാലും പിടി തരാത്ത മഴ... പ്രണയമെത്രമേൽ അനിർവ്വചനീയം!!!

**സന്ധ്യ**
രണ്ടാം വർഷം മലയാളം



# പൊട്ടു കവിതകൾ




1\. നിന്റെ ജീവിതത്താളുകൾ
വർണാഭമാക്കാൻ
നിനക്കെന്റെ ചങ്കിലെ
ചോര തന്നെ വേണമായിരുന്നോ...

2\. നാലുവരി ദൂരത്ത് നിന്ന്
ചുംബനം നൽകാനാവില്ലെന്ന് ഞാൻ
രണ്ടുവരി മാത്രമേയൊരു യാത്ര
പറച്ചലിനൊള്ളുവെന്നു നീ.

3\. നീ ജനിപ്പിക്കാതെ വിട്ട
കവിതയാണ് ഞാൻ
എന്നിൽ കവിത ജനിപ്പിക്കുന്ന
പ്രണയം നീയും


**Aiswarya *Suresh***
*3rd BA English*







ഒരു പിടി ഓർമ്മകൾക്ക് നിറം പകർന്ന് ഒരുപാട് ചോദ്യങ്ങൾ ബാക്കിയാക്കി ഈ കാമ്പ
മലയും കാടും ചുവപ്പിച്ച് അതിന്റെയൊപ്പം ആദ്യപ്രണയത്തിന്റെ നൊമ്പരങ്ങളും
ബാല്യത്തിന്റെ നന്മ നിറഞ്ഞ സുഗന്ധങ്ങളും. അങ്ങനെ മുഖത്തെ ചിരി മാഞ്ഞു
തുടങ്ങുന്നു പതിയെ ശബ്ദം കനം വെക്കുന്നു.....




കാലവർഷങ്ങളിൽ മഴ മരത്തോടു
മന്ത്രിച്ചു "ഇഷ്ടമാണെനിക്കു നിന്നെ"
അവരുടെ പ്രണയസംഗമങ്ങൾ
ഈറനണിയിച്ചു ഭൂമിയെ...
പിന്നീടൊരിക്കൽ മഴ വന്നു,
അന്നു കണ്ടില്ല മരത്തെയും
അതു നിന്ന മലയെയും...
പ്രണയ നഷ്ടതയാൽ പിന്നീടൊരിക്കലും
വന്നില്ല മഴ...
അവരുടെ വിരഹവേദനയിൽ
നിന്നുതിർന്നതു തീച്ചൂടുമാത്രം.

**Anu Abraham**
IInd B.Sc. Maths



തണൽ വിട്ട് മാറിയിരിക്കുന്നു. ചൂടിന് കടുപ്പം
കൂടുന്നുണ്ട്. ഒരുതരത്തിൽ വേനൽ
പ്രസവം എത്തിയ അമ്മയെപ്പോ
ലെയാണ്. തന്റെ കുഞ്ഞുങ്ങൾക്കു
വേണ്ടുന്ന ചൂട് പകരുന്ന
അമ്മയെപ്പോലെ.
വസന്തം പകർന്ന് തന്ന
വിത്തുകളെല്ലാം ഇവിടെ
പൂവിടുന്നു. കായ്ക്കുന്നു.
പറന്നകന്ന കിളികൾ എല്ലാം
തിരിച്ചു കൂടണഞ്ഞു മുട്ടയിട്ട് ഒരുപറ്റം
കിളികൾക്ക് ചൂട്
പകർന്ന് അവരെ പറക്കാൻ
പഠിപ്പിക്കുന്നു. വേനൽ എന്നത്
അതിജീവനത്തിന്റെയും വളർച്ചയുടെയും
കാലമാണ്. മനുഷ്യനും അത് അങ്ങനെയാണ്
വളർച്ചയുടെയും തിരിച്ചറിവുകളുടെയും
പ്രതിഷേധങ്ങളുടെയും കാലം.





മനുഷ്യൻ തന്റെ യാത്രയുടെ അർത്ഥം അന്വേഷിക്കുന്ന നിമിഷത്തിലാണ് അവന്റെ വേനൽ ആരംഭിക്കുന്നത്. തന്റെ യാത്രയിൽ ഇതുവരെ കണ്ട വസന്തത്തിന്റെ സുന്ദര നിറങ്ങളുടെ ലോകമല്ല. മറിച്ച് അതിർത്തിരേഖകളുടെയും ദേശസ്നേഹത്തിന്റെയും അതിർത്തി വരമ്പുകൾക്ക് കുറുകെയുള്ള യാത്രയാണിത്. ആ യാത്രയിൽ ദളിതന്റെ കരച്ചിലുണ്ട്. പെണ്ണിന്റെ പുറത്തു കേൾക്കാത്ത വിങ്ങലുണ്ട്. അതിജീവനത്തിന്റെ കടൽയാത്രയിൽ കര പറ്റാതെ പോയ ആയിരം അഭയാർത്ഥികളുടെ മൃതദേഹങ്ങളുണ്ട്. അവിടെ ഉറ്റവരെ നഷ്ടമായ അനാഥ കുരുന്നുകളുടെ കലങ്ങിയ കണ്ണുകൾ നമുക്ക് കാണാം. ഇതെല്ലാം കണ്ടിട്ടും മിണ്ടാതിരുന്ന ഒരു ജനതയെ കാണാം. അവിടെയാണ് ഈ യാത്ര പ്രതിഷേധമാകുന്നത്.


UC College



# അവശ



കരഞ്ഞു കൊണ്ടവൾ ലോകം കണ്ടു
കണ്ണടച്ചു ചിരിച്ചു ലോകം,
അവൾ അറിഞ്ഞില്ല തൻ-
കണ്ണീർ ലോകം കുടിക്കും അമൃതെന്ന്...
കുട്ടിപ്പാവാടയിൽ ഇറ്റു വീണത് കണ്ടവൾ
വിങ്ങി
കുറുമ്പു ലോകം വാപൊത്തിച്ചിരിച്ചു
അന്നവൾ അറിഞ്ഞില്ല
എന്നും തൻ കൺ നനയുമെന്ന്.
പതിനഞ്ചിൻ നിറവിൽ
മണിയറവാതിൽ കൊട്ടിയടച്ചപ്പോൾ
തെക്കിനിയുടെ താഴത്തെ
കുലുങ്ങിച്ചിരിയവൾ കേട്ടു.
അറുപതുകാരന്റെ ചിത കത്തുമ്പോൾ
സതിയാവാൻ ഒരുങ്ങും മുമ്പ്
അവൾ കേട്ടു ഒന്നരവയസ്സുകാരിയുടെ
നിഷ്കളങ്കച്ചിരി

അൻസിയ എ
II BA History




*Ashna Abi*
II BA English

# *To The* UNCONSOLED

Here comes Arundhati Roy , unleashing the terror stricken minds from the land of tremors and perils. 'The Ministry Of Utmost *Happiness*' is a fragmented narrative targeting the socio-political, historio-cultural backgrounds of the conflict zones in the Indian subcontinent.

The political arenas of Delhi, Kashmir and the Bastar forests of central India are taken as samples to represent the trends followed in the entire country. There is a multitude of characters in this novel. The lives of the hijras, the commoners and their rulers are portrayed with great care. Every character in the novel is profound and reflective. The characters show great mobility within the geographical territories of the country.

Ms Roy speaks about the evolution of the nation to the totally unaware generations who know little regarding its mode of emergence from a colony of Britain to the one that we see today.



In Roy's own words, the country was once ruled by 'the poet prime minister' who made lisping eloquent exasperated speeches spreading the idea of Musalman who is incapable of loving his fellow beings. He belonged to an old organisation which believed that India should declare itself a *Hindu nation just like* Pakisthan claimed to be an Islam state. He ensured that wounds of separation were deepened. Roy writes about partition "then came partition. *God's carotid burst open on the new* border between India and Pakisthan and a million people died of hatred".

The roaring 1970s saw the declaration of emergency with hidden but similar motives. Sanjay Gandhi and his supporters controlled the growing Islam population by introducing forced sterilization camps. The assassination of Indira Gandhi followingoperation blue star made the Sikh population susceptible to mob violence.

In later years under the rabbit who was 'dead meat' the media highlighted the issues of corruption. This is the right time, thought the old man *in the* Gandhi cap. Continuous fasting had brought him to the limelight. Astonished by the sudden stardom, he appeared in television channels occasionally boasting about his technique of 'Rati Sadhana ' which enabled him to stay strong even during long hours of fasting.

Mr Agharwal, the man behind the movement seized the opportunity. He stole the show for a while. He had broomsticks which could clean up the corrupt systems that hindered progress. He won the elections, quit the responsibilities and vanished for a while.

'shub *muhoorth*', it was the right time, thought Gujarat ki lalla, the saviour of cows with his undercover janissaries took up the mission to cleanseHindusthan through violent bloodbaths. He took broom and swept out the streets so neatly that only the traces of Dalits, Islams and Christianswere *found*.The undercover janissaries must have taken great troubles to ensure that theAyodhya Genocide was properly executed. The blood of the innocent quenched their thirstfor a while.The saffron parakeets claimed themselves to be the only nationalists. They wrapped themselves in the national flag hiding their true colours. Those empty vessels clattered and the rest of the world smirked at their idiosyncrasies.

The first page of the novel describes the unintended poisoning of white backed vultures as a side effect of the widespread use of 'cow aspirin' essentially describes the current political tendencies in India; the principles of Divide and Rule. 'Not *many* noticed the passing of the friendly old birds' says Arundhati Roy.

The sons of Kashmir, how long could they take it?



Their brothers being dragged into murder stations in the name of curfews, their women brutally beaten up and raped, their children shot or burnt. The state forces ensured that the rebels were dealt with pellet guns. The youth were blinded and the antinationals were successfully supressed. Questioning meant kicks and slaps, interrogation meant torture.

Mr. Amrik Singh and ACP Pinky the police officersin Kashmir made sure that S. Tilothama, the unruly woman, Musa's partner in life was adequately

punished by shaving her hair offsince she was the most admired woman in the lives of her three male friends Naga, Musa and Garson Hobart (her later landlord, it was his nickname) whom she met at the University of Delhi while she was astudent of architecture. Her carefree looks, long loosened hair, casual ways of doing things and rebel attitudes added on to her charm.

Tilo married Musa. He had joined the native forces of Kashmir after his wife and daughter were killed at Srinagar. He decided to fight for the freedom of the Kashmiris. The relationship between Tilo and Musa is much beyond explanation. They were blended through their ideologies. Thus it was not a big problem for her when she came to know that Musa had wife and a beautiful daughter Miss Jebeen (1). She was irritated only because he had not talked to her about it. That day she had come to Kashmir to meet Musa and spent some time with him at his place.

Tilo was in Kashmir immediately after the funeral of her mother Ms Mariam Ipe, the popular activist who fought for the property rights of Christian women in Kerala. She was hospitalised for some time. Both the mother and the daughter spent time together in the hospital after long years of gap. Her mother had memory loss by that time. But before she died, Ms Mary muttered "Am I in the middle of eunuchs"? Tilo makes sense of this statement later in the novel.

The character Tilo is a reflection of the author Arundhati Roy herself in many ways. Her biographical details are very much similar to the character sketch of Tilo.

Musa decides to join the rebel forces against the military and police forces of Kashmir to raise his protest against their uncontrolled powers which enabled them to murder the natives whenever they wished to do so. Musa's wife and daughter were killed in such an attack. Their memories haunted him and he decided to fight.

Musa and Tilo echoes the statement "This is how it's in Kashmir ", "whatever you do to Kashmir today will be happen to the rest of the peopleof India in no time."This is in fact an alarm to the people who label the natives as terrorists without understanding what happens there in reality.



Musa leaves to fight. Tilo is caught by the police. They shave her head and tortures her. Tilo calls her friend Naga who presently works for the intelligence bureau. His contacts save her from further formalities. Naga takes Tilohome and marries her. But Tilo's mind was disturbed. She was never at peace.

Where there is war, there was peace too...

Aftab was born as a 'she in he', the son of Ms. Jagannarah Begum and Mr.Mulaqat Ali the couple from a not so poor orthodox family at Shahjanabad, Delhi. They believed in Islam traditions. While Aftab turned eighteen years old, he went to the Kwabah of Ustaad Khulsoom bi. The kwabah was a different part of the duniya, the not so known part of the world. It was the world of the hijras,the holy souls trapped in wrong bodies just like hers. For them, the riot, the Indo - Pak war was all inside them.Their minds and bodies were in constant rivalry.

Aftab became Anjum, and the Kwabah became her home. She met a lot of people who went through situations like that of hers. Anjum was well versed in Urdu had taken her music lessons while she was a child. She was attached to her mother whom she met near the mosque at times. Her father could not accept the duality in Anjum. He had taken her to surgeons in the towns and she had undergone surgeries which would hinder the development feminine characters in the male body. It could only make things worse. She did not want to see her as a man. She hated the Pathan suits and preferred colourful sarees to wear.

Anjum was widely photographed by international magazines. Most magazines of those times spoke about the plight of people like Anjum in digestible potions which catered to the requirements of both the orthodox and unorthodox reading communities. She became a celebrity.

The whole kwabah celebrated her eighteenth birthday. She wore her favourite saree. While her mind was immersed in joy, her body rebelled from being too feminine. She started masturbating like a man. Anjum was depressed. She couldn't tolerate it. Ustaa Kulusoom Bi and older members in the




Kwabah tried to calm her down. Almost every member in the Kwabah had gone through such experiences at some point of time.

Ms Saeda was a new member in the Kwabah, probably the only literate one who could use terms like cis-man or trans person. She worked for an NGO. Anjum was not very happy at her arrival since they might make her the new head of the Kwabah.

Zainab was Anjum's doted one. She was an abandoned baby whom Anjum had found at the premises of the Masjid. Anjum took the child to the Kwabah since nobody claimed the child. Soon she became the most loved one in the Kwabah. Young Zainab was very fond of animals. But she fell sick frequently. Thus she rarely attended school. Ajum decided to go on a pilgrimage to pray for her daughter's well-being. Unfortunately, Ahmedabad was burning. There were violent fights between the hindus and muslims of the country. Anjum was caught by some hindu extremists. They shaved her head and forced her into the pathan suit which she had left behind for her much fond off sarees and makeup which helped her look like Bombay Silk whom she had greatly admired.

In few month time, Anjum returned to the Kwabah, where she had spent thirty years of her life. Zainab kept a distance from her mommy who seemed tobe strange andscary. She was closer to Saeda by then and called her badi mummy. Anjum was left alone once again. Thus she decides to leave the Khwabah.



Anjum takes her abode in a graveyard where her father was buried, in her forties. Her graveyard tent becomes home to many homeless people from different regions. The authorities were not willing to fight with a hijra. No official had the spine enough to claim the property since they feared some curse.

Sadam Hussain as he called himself became a resident at Anjum's ' Jannat Guest House 'and helpedher introduce the provision of funeral services as well. Jannath guest house gained popularity in no time. People started availing the services. Even the residents of the khwabagh came to stay at the guest house. Meanwhile Sadam Hussain narrates his lifestory. His real name was Dayachand. His father was a poor man who belonged to the chamaar caste from Haryana. He and his companions were killed by the interrogating officers who accused him of killing a cow. But in reality, they took only the carcass of the dead cow to make leather products. " everyone believed what they wanted to believe".

The central forests of India were waiting for another child to be born.

During the protests in Jantar Mantar by the mothers of missing sons from Kashmir, everyone sees an abandoned infant. Tilo somehow stole the child. But the police were behind her. She decided to shift to Anjum's Jannath Guest House. The baby was named Miss Jebeen the second in memory of Musa's daughter who was murdered with the same bullet that pierced through her mother.

Later the inhabitants of the guesthouse receive a letter which narrates the story of Miss Jabeen the second. The letter was addressed to Dr. Azad Bharatiya who also resided at the guesthouse. Revathi, a telugu girl was a Maoist freedom fighter from the Bastar forests. She was brutually raped by six policemen. She conceived out of it and gave birth to the baby in the forests. She kept working for the organisation inspite of knowing its flaws. She abandoned her child but wanted her to be taken care of. Revathy would have been died while the letter reached the guesthouse.

The inhabitants of Jannath guesthouse cremates the letter along with the ashes of Mariam Ipe, Tilo's mother and said the prayers. 'I am surrounded by eunuch's muttered Mary Joseph before she took her last breath became true now.

Miss Jebeen was now Anjum's doted one. Tilo started teaching children who could not go to schools and lived near the cemetery. Married Zainab. Musa was present in the graveyard too.


Everyone found some happiness in their own lives inspite of being disturbed by the conflicts outside. Jannath guesthouse is a hope, a miniature form of the real India which Roy envishens.

The ministry of utmost happiness ends with the hope of love, peace, harmony, truth and a celebration of togetherness.



കുറേ അടിച്ച് പരത്തലും
പിച്ചി ചീന്തലും അതിജീവിച്ചത്
അവളെ സ്വന്തമാക്കാൻ വേണ്ടിയാണ്
അവസാനം തീൻമേശയുടെ
മുൻമ്പിലെത്തിയപ്പോൾ അവൾ
അവരുടെ മാതാവും ഞാൻ ദളിതനും

എന്ന് പോറോട്ട
ഒപ്പ്



കാട്... കാട്ടിൽ നിന്നാണവൻ തുടങ്ങിയത്. കാട്ടിലൂടെയും കാലത്തിലൂടെയും അവൻ
കുതിച്ചു കുറെയധികം വികസിപ്പിച്ചു- ഗ്രാമത്തിലെത്തി- അവിടുന്ന് നഗരത്തിൽ.. അവിടുന്ന്
അതിലും വലിയ നഗരത്തിലേക്ക്..
തിരിഞ്ഞുനോക്കി
പേടിക്കണ്ട കാലത്തിലൂടെ വന്നപ്പോൾ കാടിനെക്കൂടെ കൊണ്ടുന്നിട്ടില്ല കാലം പിന്നെയും
കഴിഞ്ഞു ഭാഷയെയും വികസിപ്പിച്ചു. കാടും കാട്ടാളനും തെറികളായി-
വീണ്ടും കാലത്തിലൂടെ കുതിക്കുന്നു.. വികസിപ്പിക്കുന്നു.. ഈ കാലത്തിനപ്പുറം
എന്തായിരിക്കും... ഈ കാലത്തിന് അപ്പുറം എന്നൊന്നുണ്ടാവില്ല..



വീട്ടിലേക്ക് അല്ലറ ചില്ലറ പച്ചക്കറിയൊക്കെ വാങ്ങാനായി വൈകിട്ട് നമ്മുടെ മാർക്കറ്റിലേക്ക ഒന്ന് പോയി സാധനം വാങ്ങാൻ തന്ത്രപൂർവ്വം അമ്മയെ പറഞ്ഞുവിട്ട്, ബൈക്ക് സെക്കന്റ് സ്റ്റാൻഡിലേക്കിട്ടു ഞാൻ കാറ്റൊക്കെ കൊണ്ട്, ക്ഷമിക്കണം പൊടിയെക്കെ കൊണ്ട് ഇങ്ങനെ ഇരിക്കുവായിരുന്നു. അപ്പോഴാണ് കക്ഷി മുന്നിലേക്ക കടന്നു വന്നത്. അല്ല പറന്നുവന്നത് എന്ന് പറയുന്നതായിരിക്കും ശെരി ഇത് എനിക്ക് അത്ഭുതം തോന്നി.. ആദ്യമായിട്ടാണ് ഒറ്റയ്ക്കു കാണുന്നത് എല്ലായ്പ്പോഴും കുടെ കൂട്ടുകാർ ഉണ്ടാവേണ്ടതാണ് അതുകൊണ്ടായിരിക്കും അടുത്തേക്ക് വരാൻ ഒരു മടി എന്തായാലും അടുക്കിവെച്ചിരിക്കുന്ന പ്ലാസ്റ്റിക് ചാക്കുകളുടെ ഇടയിലൂടെ ഇടക്കിടക്ക് തല വെച്ചിട്ട് എനിക്ക് നോട്ടം തന്നു...

ആലുവ ശിവരാത്രി മണപ്പുറത്തെ ദീപങ്ങൾ പോലെ ഓർമ്മകൾ ഓരോന്നായി മനസ്സിൽ തെളിഞ്ഞു കാലം ഒരു പത്തു പതിനഞ്ചു വർഷങ്ങൾ പിന്നോട്ട് പോയി അന്നും ഇന്നും ബാങ്ക് കവലയിലെ ഫെഡറൽ ബാങ്ക് ഹെഡ് ഓഫീസിനു വലിയ മാറ്റം ഒന്നും ഇല്ല 'അമ്മ അവിടെയാണ് ജോലി ചെയ്തിരുന്നത് വികൃതി ആയ എന്നെ വീട്ടിൽ തനിച്ചിരുത്താൻ പറ്റാത്തത് കൊണ്ട് ശനിയാഴ്ച്ചകളിൽ ബാങ്കിലേക്ക് കൊണ്ട് പോകും ബാങ്കിന്റെ സെക്യൂരിറ്റി ആക്കും. സെക്യൂരിറ്റി ചേട്ടന്റെ കൂടെ ഉള്ള ആ ഇരിപ്പു എനിക്ക് ഇഷ്ടമായിരുന്നു, ഒത്തിരി കാഴ്ചകൾ കാണാമല്ലോ! അതിനു വേണ്ടി മനഃപൂർവ്വം കാട്ടിക്കൂട്ടിയ കോലാഹലങ്ങളായിരുന്നു പലതും എന്നതാണ് സത്യം.

ബാങ്കിന്റെ മുറ്റത്ത് ഓടി ചാടി നടക്കുന്ന എന്നെ അടക്കിയിരുത്താൻ അമ്മ അടുത്ത നമ്പർ ഇടും (അമ്മമാരുടെ കയ്യിൽ നമ്പറുകൾക്ക് ഒരു ക്ഷാമവും ഇല്ലല്ലോ!)

"മുറ്റത്തു ഉലാത്തുന്ന അങ്ങാടി കുരുവി കൂട്ടത്തിന്റെ എണ്ണം കൃത്യമായി എടുത്താൽ വൈകിട്ട് പാർക്കിലേക്ക് പോകാം"



പാർക്കിലെ ഒരു രൂപ കൊടുത്തു ചവിട്ടുന്ന നീല സ്കൂട്ടറും രണ്ടു രൂപയുടെ ചുവന്ന ജീപ്പും ഒരു നാലു വയസുകാരന് നിരസിക്കാൻ പറ്റാത്ത ഓഫർ ആണല്ലോ! നമ്മൾ ഒരു പാവം പൊട്ടൻ ആയതു കൊണ്ട് ഒരു മൂലക്കിരുന്ന് എണ്ണിതുടങ്ങും ചന്തയിലെ ചണചാക്കുകൾ തുളച്ചു അരിമണികൾ കൊത്തിപ്പറുക്കി ബാങ്കിന് ഇടതു വശത്തുള്ള ഓറഞ്ച് പെയിന്റ് അടിച്ച ആയുർവേദ കടയുടെ ജോലികൾക്കിടയിലൂടെ വട്ടം കറങ്ങി വായുവിലൊന്ന് ഊറിയിട്ടു പെട്ടെന്ന് പൊങ്ങി, മുറ്റത്തേക്ക് താഴ്ന്നിറങ്ങും ഒന്നും രണ്ടുമല്ല, നൂറു കണക്കിന് കുരുവികളുടെ കൂട്ടം ഒരു കൂട്ടം പറന്നകലുമ്പോൾ അടുത്ത കൂട്ടർ പാഞ്ഞെത്തും. ചന്തയിൽ നിന്ന് ബാങ്ക് മുറ്റത്തേക്ക് അവ വന്നുകൊണ്ടിരുന്നത് എന്തിനായിരുന്നുവെന്നു എനിക്കറിയില്ല പക്ഷെ ഒന്നെനിക്കറിയാം റോഡിൽ വണ്ടികളുടെ എണ്ണം കൂടിയെങ്കിലും പാർക്കിലെ ആ പഴയ ചവിട്ടുവണ്ടികൾ ഇന്നില്ല, ആലുവയിലെ അങ്ങാടിക്കുരുവികളും ഇന്നിതാ ഒത്തിരി നാളുകൾക്കു ശേഷം ഒരങ്ങാടി കുരുവി എന്നെ പൊള്ളുന്ന വേനലിൽ വെള്ളം തേടിയിറങ്ങിയതായിരിക്കും, പാവം! ''പുഴ മരിച്ചത് ഇവൻ അറിഞ്ഞു കാണില്ല''

വൈകിട്ട് വീട്ടലെത്തിയപ്പോൾ ഒത്തിരി സ്നേഹം ഉള്ള കൂട്ടുകാരിയോട് ഒരു മഴക്കു വേണ്ടി പ്രാർത്ഥിക്കാമോ എന്ന് ചോദിച്ചു പിണങ്ങി ഇരുന്നത് കൊണ്ടായിരിക്കും, അവൾ എടുത്ത വായിൽ ''ഇല്ല'' എന്ന് പറഞ്ഞു, എന്നിട്ടും ഒരു മറു ചോദ്യവും ''വട്ടായോ തനിക്ക്?''


ഒരു പക്ഷെ ആയിരിക്കാം...

''മണ്ണിനെയും മഴയെയും സ്നേഹിച്ചവന്റെ വട്ട്

ജോർജ് ജോസ്.

ബി. എസ്. സി ഫിസിക്സ്

2-ാം വർഷം





# അതിർത്തികൾ ഇല്ലായിരുന്നെങ്കിലോ...ലോ....ലോ...?

ജെയിംസ് സ്റ്റാൻലി
ബി. എ. ഇംഗ്ലീഷ്
2-ാം വർഷം


ഹഹഹ എത്ര മനോഹരമായ നടക്കാത്ത സ്വപ്നം ! എന്നാലും ചിന്തിക്കുന്നതിനു ഏടം കൊടുക്കണ്ടല്ലോ. എന്നാ പിന്നെ ഒന്ന് ചിന്തിച്ചുകളയാം!

അതിർത്തികൾ ഇല്ലായിരുന്നെങ്കിൽ എന്ത് രസമായേനെ, പിന്നെ അതിർത്തി തർക്കമേ ഇല്ല. എങ്ങോട്ട് വേണേലും കറങ്ങി നടക്കാം. പാസ്സ്പോർട്ടും വേണ്ട വിസയും വേണ്ട! എന്നെ പോലെ കുറെ എണ്ണത്തെ പിന്നെ കാണാനോ കിട്ടില്ല.

എല്ലാരും സഞ്ചരിക്കും. പല നാട്ടിൽ നിന്നുള്ള ആളുകൾ അങ്ങോട്ടും ഇങ്ങോട്ടും പരിചയപ്പെടും, പുതിയ ഭാഷയും സംസ്കാരവും പങ്കുവെക്കും. ഈ ലോകത്തിൽ നമ്മളെ പോലെ അല്ലാത്ത എത്ര ആളുകൾ ഉണ്ടാകുമെന്ന് അറിയാൻ പറ്റും. പുതുയ സംഗീതം കല ഭക്ഷണം സംസ്കാരം വിനോദങ്ങൾ, ഇവയെല്ലാം നമുക്ക് കാണുവാനും അറിയുവാനും സാധിക്കും. നമ്മൾ എത്ര ഉയർന്നവരാണെന്നോ താഴ്ന്നവരാണെന്നോ നമുക്ക് അറിയാൻ സാധിക്കും (ചിന്താഗതിയിലും മറ്റും), തിരുത്താനും അംഗീകരിക്കാനും സാധിക്കും.

അപ്പൊ ഒരു പ്രശ്നം വരും. അപ്പൊ നമ്മുടെ സംസ്കാരവും മറ്റും നശിച്ചു പോകില്ലെ എന്ന്.

ശെരിക്കും നമുക്ക് നമ്മുടേതെന്നു പറയുന്ന സംസകാരം ഒന്നുണ്ടോ? കുറേ കാലങ്ങളായി പല പല മാറ്റങ്ങൾക്ക്
വിധേയമായതാണ് നമ്മുടെ സംസ്കാരമെന്നുള്ളത് എന്നാണ് എനിക്ക് മനസിലാക്കാൻ സാധിച്ചത്. നല്ലത്
ഉൾക്കൊള്ളുകയും അല്ലാത്തവ നിരസിക്കുകയും ചെയ്യുകയാണ് കാലങ്ങളായി ലോകത്തെങ്ങും ചെയ്യുന്നത് മനു
ഷ്യൻ വളരും തോറും മണ്ടനായി മാറുകയാണ്. മനുഷ്യജീവന് ഒരു പശുവിന്റെ വിലപോലുമില്ല! ചുമ്മാ അങ്ങ് തല്ലി
കൊന്നേക്കുവാ! എന്നാ പറയാനാ. സംഗതി ശെരിയാ നമ്മൾ കുറെ മാറി, ബുദ്ധി വെച്ച് വിവരം വെച്ചു ചന്ദ്രനിലേക്ക റോ
ക്കറ്റൊക്കെ വിട്ടു, എന്നാലും കണ്ട ചാണക കേസും പറഞ്ഞ് എന്നും അടിയാ "ചാണകം" എന്ന വാക്ക് ഉപയോഗിക്കാമോ
എന്ന് അറിഞ്ഞുകൂടാ, എന്നാലും സെൻസർ ചെയ്യുന്നവരെ ഇരിക്കട്ടെ. അപ്പൊ പറഞ്ഞു വന്നത് അതിർത്തി ഇല്ലായി
രുന്നെങ്കിലോ...



# A Few
# Musings on Spaces



It was the first holiday, we were getting after our ASAP classes have started and everyone was pretty exicited. All were busy making plans for outing. One of us chose to stay behind. That one was me. I had to complete certain writing and reading tasks which have far crossed the deadline. All except me left for watching Bahubali 2 film. I had the place all to myself. I got myself a bottle of water (usually ir wouldbe a cup of coffee) and settled down to complete my job.

I was musing over my life till then (day dreaming, to use a common terminology) when it was interrupted by an old lady. she was representing a certain sect of proselytization. Ignorant of her motives i initiated a coversation with her which turned out to be a disaster. I under stood that she was kind her which and gentle by nature but her faith in her religion made her a fanatic. The meeting made me shift my thoughts into something I have at many times conveniently swept under the carpet - the issue of rising intolerance in our society.

"Why don't you go to temple often? If you are not intrested in going there why don't you go to a church... and other blah blahblah..." I have been hearing such statements and questions for a while. I may follow Hindu tradition mybe switch on to Christianity or Islam or may even turn an atheist. Sometimes I may want to be Hindu, Christian, Muslim at the same time. Nobodys should be self-appointed as the custodians of faith. I am not on the lookout for Rama Rajaya or promised Land of Jesus. I may look out for god outside the religious institutions, it been ages since Ms. / Mx. / Mr. God got trapped in there. Whatever it is it concerned my work is my worship. So I want my space. I respect others' faith and they should please let me do that to mine. Just as you have the freedom to follow what you believe right, I too have mine. One must learn to respect that. This was my initial response to that incident.

I began to muse more upon that event. I was a person who strongly believed that th personal was political. At college it is usual for students to get affiliated to one party or another, but I was black sheep as I did not agree to be part of one party or another. I always believed that you don't nedd to join any party to be political or to put it in another way, you don't become political when you join a party. same is the case with spirituality, you always don't need a institutionalised religion to be spiritual or to believe in god. You are who chose to be. You can create your own space for you where you can be political or spiritual. These intersticial spaces are like the Room of Requirement in Harry Potter story. They won't be there until you find them out. In this present scenario when people are trying to define your politics and religion, when plurality of opinions are rejected, these spaces tend to disappear. A crusade for the spaces becomes the crusade for your identity.

Devi Vandana
III B.A English







# ഫാസിസം

ഇന്ന്,
പൻസാരെ
കൽബുർഗി
പെരുമാൾ മുരുകൻ
ജിംഷാർ
കമൽ
നാളെ,
നിന്റെ തീൻമേശകളിൽ
നിന്റെ പുസ്തകങ്ങളിൽ
നിന്റെ കലാലയങ്ങളിൽ
നിന്റെ പ്രണയ സമരങ്ങളിൽ
ജീർണ്ണിച്ച ചിന്താസിരകളുമായി
അവർ വിജയക്കൊടി നാട്ടും.
തൊണ്ടയിൽ ഭക്ഷണം കുടുങ്ങി മരിച്ച കൽബുർഗി
പ്രണയ നൈരാശ്യത്തിൽ ആത്മഹത്യ ചെയ്ത പൻസാരെ
പനിപിടിച്ച് എഴുത്ത് നിർത്തേണ്ടിവന്ന പെരുമാൾ മുരുകൻ
ഒടുവിലായി നീയും ആവർത്തനത്തിന്റെ
തുടർച്ചയിലേക്ക് നീളും.
മുറിച്ചു മാറ്റപ്പെട്ട വരികളിൽ നിന്ന്
പിഴുതെറിഞ്ഞ നാവുകളിൽ നിന്ന്
നാളെയുടെ മുദ്രവാക്യങ്ങളുണരാൻ
കണ്ണുതുറന്ന് കാതു തുറന്ന്
നീ ജീവിക്കുന്ന മനുഷ്യനാവുക

**അനില എം.എ**
ബി.എ മലയാളം
രണ്ടാം വർഷം





# ദേശീയത എന്ന വിപത്ത്

എന്താണ് ദേശീയത ഞാൻ ജനിച്ച ദേശത്തോടും അവിടുത്തെ ദേശക്കാരോടും പുഴയോടും മലയോടും കാടിനോടും പക്ഷിമൃഗാദികളോടുമുള്ള എന്റെ അളവറ്റ സ്നേഹവും ബഹുമാനവുമാണോ അത്? അവരിൽ ഞാൻ എന്നെ കാണുമ്പോൾ എന്റെ ചിത്തം വിശാലമാവുകയും അതുവഴി എനിക്ക് കൈവരുന്ന ആനന്ദവുമാണോ ദേശസ്നേഹത്തിന്റെ അടിസ്ഥാനം? അങ്ങനെയെങ്കിൽ എന്റെ ദേശം എവിടെ എവിടെ തുടങ്ങുന്നു? എവിടെ അവസാനിക്കുന്നു?

എന്റെ ദേശക്കാരല്ലാത്തവരാര്? ആരിലാണ് ഞാൻ എന്നെ നോക്കി കാണാതിരിക്കേണ്ടത്? ആരോ സൃഷ്ടിച്ച ഭൂപടത്തിന്റെ അതിർത്തിക്കുള്ളിൽ ഞാൻ സ്വയം തളച്ചിടണമോ?


ഞാൻ ലോകവാസിയോ? അതോ ഏക്ഷ്യക്കാരനോ ഇന്ത്യക്കാരനോ? അതോ കേരളീയനോ കൊച്ചിക്കാരനോ?

എവിടെയാണ് ഞാൻ അഭയം തേടേണ്ടത്? മഹാകവി ടാഗോറിനോട് ചോദിക്കാം അദ്ദേഹം പറയുന്നു ''രാജ്യസ്നേഹം എന്റെ ആത്മീയ അഭയമല്ല എന്റെ അഭയം മനുഷ്യവംശത്തിന് മുകളിൽ വിജയം നേടാൻ ഞാൻ അനുവദിക്കില്ല രത്നങ്ങളുടെ വില കൊടുത്തു ഞാൻ കുപ്പിച്ചില്ല് വാങ്ങില്ല.''

ദേശീയ മഹാകവിയായി നാം വാഴ്ത്തുന്ന ടാഗോർ ദേശീയതക്ക് എതിരായിരുന്നു. ദേശീയത ആത്മീയ അഭയമല്ല എന്നത് വളരെ പ്രസക്തമാണ്. നമ്മുടെ ബോധത്തെ വിശ്വത്തോളവും അതിനപ്പുറത്തേക്കും കൊണ്ടു പോകുന്ന ആത്മീയ ചിന്തയ്ക്ക് മനുഷ്യവംശത്തെ ഭിന്നിപ്പിക്കുന്ന അതിർവരമ്പുകളായ ദേശീയതയിൽ അഭയമില്ല. അഭയം ഉള്ളത് മനുഷ്യവംശത്തിലും സകല ജീവജാലങ്ങളോടും നാം പുലർത്തുന്ന കരുണയിലും മാത്രം.

എന്റെ നിർവചനത്തിനു ഞാൻ ഉപയോഗിച്ച ചട്ടക്കൂടിനകത്തു പ്രവേശിക്കാൻ സാധിക്കാത്തവർ എനിക്ക് അപരന്മാരായി മാറുന്നു. അത് വഴി മനുഷ്യവംശം എന്ന ഇമ്മിണി ബല്യ ഒന്ന് ഒരിക്കലും ചേരാത്ത കഷണങ്ങളായി തമ്മിലടിക്കുന്നു. ഇതാണ് തീവ്രമായ ദേശീയതയിൽ സംഭവിക്കുന്നത്. ബഹുസ്വരതയെ ഉൾക്കൊള്ളാൻ കഴിയാത്ത എന്റെ  നിർവചന യുക്തി എതിർശബ്ദങ്ങളെ രാജ്യദ്രോഹികളാക്കുന്നു.

ഫാസിസത്തിന് ഏറ്റവും പ്രിയപ്പെട്ട ആശയമാണ് ദേശീയത. ഹിറ്റ്ലർ ജൂതന്മാരെ കോൺസെൻട്രേഷൻ ക്യാമ്പുകളിൽ കൊന്നൊടുക്കിയപ്പോൾ ദേശവികാരത്തിന്റെ പേരിൽ ആ ക്രൂരതയെ അനുകൂലിച്ചിരുന്ന ജർമൻകാരുടെ എണ്ണം വളരെ ഏറെ ആയിരുന്നു. അപരനിരാസത്തിൽ അധിഷ്ഠിതമായ ദേശീയത വളർത്താൻ ഫാസിസ്റ്റുകൾക്ക് അവിടെ സാധിച്ചു. ഫാസിസ്റ്റു ആശയങ്ങൾ സാമാന്യബോധ്യത്തിൽ ആണ് എന്നത് നാം ഇതിനോട് ചേർത്ത് മനസിലാക്കേണ്ടതുണ്ട്. തീവ്ര ദേശീയത കൊണ്ടുവരുന്ന ഈ അപരവത്കരണത്തെ നാം കാണാതിരുന്നുകൂടാ. ഇന്ത്യയുടെ ഇന്നത്തെ സാഹചര്യത്തിൽ ദേശീയതയെ കുറിച്ചുള്ള ചർച്ചകൾ വളരെ പ്രസക്തമാണ്. സ്റ്റേറ്റ് നാഷണലിസം ഇവിടെ വേരുറപ്പിച്ചു കഴിഞ്ഞു. ഏകാത്മക സ്വത്വം രാജ്യത്തിന് വേണം എന്ന് വാദിക്കുന്ന അവർ ഇന്ത്യയെ ഇന്ത്യയാക്കിയ മൂല്യങ്ങളിൽനിന്ന് വളരെ ദൂരെയാണ്. ഇന്ത്യൻ ദേശീയത രൂപപ്പെടുന്നത് സ്വതന്ത്രസമരത്തിലൂടെയാണ്. മനുഷ്യത്വത്തിന് വേണ്ടി സാമ്രാജ്യത്വശക്തികൾക്കെതിരെ പോരാടി നമ്മൾ സൃഷ്ടിച്ചെടുത്തതാണ് ഇന്ത്യ. എന്നാൽ ഇന്ന് ഫാസിസ്റ്റുകൾ 1000 വർഷം പഴക്കമുള്ള മതാധിഷ്ഠിതമായ ഒരു പാരമ്പര്യം ഇന്ത്യക്ക് ഉണ്ട് എന്ന് വാദിക്കുന്നത് വഴി മതാധിഷ്ഠിതമായ ദേശീയത വളർത്തുന്നു. എതിർശബ്ദങ്ങളെയും മറ്റു മതങ്ങളിൽ ഉള്ളവരെയും ദേശദ്രോഹികൾ ആക്കുകയും പാകിസ്ഥാനിലേക്ക് നാടുകടത്തുകയും ചെയ്യുന്നു.



തീവ്ര ദേശീയത ഫാസിസത്തിന്റെ മുഖ ലക്ഷണമാണ്. അവർ അപരന്മാരെ സൃഷ്ടിക്കുമ്പോൾ നാം സംസ്കാരത്തിൽ സംഭവിച്ചിട്ടുള്ള കലർപ്പിന്റെയും പങ്കുവെപ്പിന്റെയും ചരിത്രം പറയണം, ഈ ലോകം ഒരു കിളിക്കൂടായി മാറട്ടെ. ക്രാന്തദർശിയായ ടാഗോർ അര നൂറ്റാണ്ടു മുൻപ് എഴുതി ; "Nationalism is a menace. It is a particular thing that underlies all the problems of India."

**Jayaram J.Menon**
3rd B.A.English



# കറൻസി നേട്ടങ്ങളും കോട്ടങ്ങളും

ഇന്ത്യയെ മാറ്റിമറിച്ച, ജനജീവിതത്തെ ആശങ്കയിലാഴ്ത്തിയ നടപടിയായിരുന്നു. രാജ്യത്തെ കറൻസി അസാധുവാക്കൽ പ്രഖ്യാപനം. രാജ്യത്തെ വിനിമയ സമ്പ്രദായത്തിൽ എൺപത്തിയാറ് ശതമാനം പങ്കുവഹിച്ചിരുന്ന അഞ്ഞൂറ്, ആയിരം രൂപാനോട്ടുകളുടെ അസാധുവാക്കൽ ലോകത്തെപോലും അമ്പരപ്പിക്കുന്നതായിരുന്നു. കള്ളപ്പണം തടയുക എന്ന ലക്ഷ്യത്തോടെ നവംബർ എട്ടിന് പ്രഖ്യാപിക്കപ്പെട്ട ഈ നടപടിക്ക് അതിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞുവോ? അല്ലെങ്കിൽ ഇതു വെറുമൊരു തുഗ്ലക്ക് പരിഷ്കാരം മാത്രമായോ? ഇന്നും അതിന് ഉത്തരം നൽകാൻ സർക്കാരിനോ റിസർവ്വ് ബാങ്കിനോ സാധിച്ചിട്ടില്ല. ഈ സർജിക്കൽ അറ്റാക്കിന്റെ ഇരകളായി മാറിയത് കള്ളപ്പണക്കാരായിരുന്നുവോ? അല്ല, സ്വന്തം വിയർപ്പൊഴുക്കി സമ്പാദിച്ച പണം മാറാൻ പരക്കം പാഞ്ഞ രാജ്യത്തെ കോടിക്കണക്കിന് സാധാരണ ജനങ്ങളായിരുന്നുവോ.

അന്നന്ന് സമ്പാദിച്ച, അന്നന്നത്തെ ഉപജീവനം കണ്ടെത്തുന്ന, തങ്ങളുടെ സമ്പാദ്യം അഞ്ഞൂറും ആയിരവുമായി സൂക്ഷിക്കുന്ന ജനങ്ങളെ ദുരിതത്തിലാഴ്ത്തിയ പ്രഖ്യാപനമാണ് പ്രധാനമന്ത്രി ആ രാത്രിയിൽ നടത്തിയത്. സ്വന്തം

കയ്യിലിരിക്കുന്ന പണം ഒന്നിനും കൊള്ളാത്ത കടലാസുകഷ്ണമാക്കി മാറ്റി എന്നറിഞ്ഞിട്ടും രാജ്യത്തെ സമ്പദ്വ്യ
വസ്ഥയെ മെച്ചപ്പെടുത്തുമെന്ന് പ്രതീക്ഷിച്ച അവർ ആ നടപടിയെ സ്വാഗതം ചെയ്തു. എന്നാൽ സർക്കാർ ഇതിനുവേണ്ട
ഫലപ്രദമായ അനന്തര നടപടികൾ കൈക്കൊണ്ടിരുന്നുവോ? ഇന്ത്യൻ ജനങ്ങളെ പരീക്ഷിക്കുന്ന ദിനങ്ങളായിരുന്നു
പിന്നീട് വന്നത്. പ്രഖ്യാപനത്തിനുശേഷം ബാങ്കുകളും എടിഎമ്മുകളും നോക്കുകുത്തികളായപ്പോൾ ജനങ്ങൾ നിത്യ
ചെലവിനുവേണ്ടി പരക്കം പാഞ്ഞു. ഇടവേളയ്ക്കുശേഷം ബാങ്കുകൾ വീണ്ടും തുറന്നപ്പോൾ അസാധുനോട്ടുകൾ
മാറാൻ വേണ്ടി ജനം കാത്തുനിന്നു. പലർക്കും ജീവൻ നഷ്ടപ്പെട്ടു. പണത്തിനായി ബാങ്കുകൾക്കു മുന്നിൽ കാ
വൽക്കാരനെപ്പോലെ നിൽക്കുന്ന ജനങ്ങളുടെ അവസ്ഥയെ ലളിതവത്ക്കരിക്കാൻ വേണ്ടി ചിലർ അതിനെ മദ്യ
ശാലകളിലെയും സിനിമാശാലകളിലെയും ക്യൂവിനോടു സാദൃശ്യപ്പെടുത്തി ഇത് അവർ കാണിച്ച സഹിഷ്ണുതയെ
അങ്ങേയറ്റം അവഹേളിക്കുന്നതിനു തുല്യമല്ലേ? നിരവധി ആളുകൾക്കു തൊഴിലും വരുമാനവും നഷ്ടപ്പെട്ടു പലരും
പട്ടിണിയിലായി. ഇന്ത്യയിലെ പല സംസ്ഥാനങ്ങളുടെയും സമ്പദ്വ്യവസ്ഥയിൽ നിർണായകസ്ഥാനം വഹിക്കുന്ന
സഹകരണ ബാങ്കുകൾക്ക് കള്ളപ്പണത്തിന്റ ഉറവിടം എന്ന പേരിൽ സർക്കാർ വിലങ്ങിടാൻ ശ്രമിച്ചു. ഈ ബാങ്കു
കളിലെ ധനവിനിമയം സ്തംഭനാവസ്ഥയിലാക്കിയത്. ഗ്രാമങ്ങളിലെ കർഷകരെയും ചെറുകിട വ്യാപാരികളെയും
വിഷമത്തിലാഴ്ത്തി. എടിഎമ്മിൽനിന്ന് പിൻവലിക്കുന്ന പണത്തിനു നിയന്ത്രണം കൊണ്ടുവന്നു. വിവാഹാവ
ശ്യങ്ങൾക്ക് പണം രണ്ടുലക്ഷമാക്കി ചുരുക്കി. ഇത്തരത്തിലുള്ള നടപടികൾ ഒരു ജനാധിപത്യസർക്കാർ അതിന്റെ
കരുതലായ ജനത്തിന്റെ സ്വകാര്യ ജീവിതത്തിലേക്ക് തള്ളിക്കയറുവാൻ ശ്രമിക്കുന്നു എന്ന തോന്നൽ ജനിപ്പിച്ചു
നിത്യചെലവ് കണ്ടെത്താൻ ജനം കഷ്ടപ്പെടുമ്പോൾ കോടിക്കണക്കിനു രൂപയുടെ പുതിയ നോട്ടുകൾ പിടിച്ചെടുത്തത്
അണിയറയിൽ കള്ളപ്പണക്കാർ യാതൊരുക്ലേശവുമില്ലാതെ പണംവെളുപ്പിക്കുന്നു എന്ന തോന്നൽ ശക്തമാക്കി. മുൻപ്ര
ധാന മന്ത്രിയും സാമ്പത്തിക വിദഗ്ധനുമായ ഡോ. മൻമോഹൻസിംഗ് ആസൂത്രണക്കൊള്ള എന്നു വിശേഷിപ്പിച്ച ഈ
നടപടി ലക്ഷ്യപ്രാപ്തിയിലെത്തിയില്ല എന്നുതന്നെ പറയേണ്ടി വരുന്നു. കാരണം അസാധുവാക്കിയതിൻ കൂടുതൽ പ
ണം തിരിച്ചെത്തിയിരിക്കുന്നു എന്ന് റിസർവ്വ് ബാങ്ക് പറയാതെ പറയുന്നു. കള്ളപ്പണവേട്ടയിൽ നിന്ന് സർക്കാർ ഡി
ജിറ്റൽ പണമിടപാട് എന്ന ലക്ഷ്യത്തിലേക്ക് മലക്കം മറിയുന്നതിനും അധികനാൾ കാത്തുനിൽക്കേണ്ടിവന്നില്ല.

പക്ഷെ, ഇന്ത്യയെപോലുള്ള ഒരു രാജ്യത്ത് അത് പൂർണ ഫലപ്രാപ്തിയിലെത്തിക്കാൻ നമുക്കു സാധിക്കുമോ?
ഇന്നും വിദ്യാഭ്യാസമില്ലാത്ത, ഇന്റർനെറ്റെന്തെന്നറിയാത്ത ഒരു വലിയ വിഭാഗം നമ്മുടെ രാജ്യത്തുണ്ട്. അതിനാൽ
അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയാൽ മാത്രമെ ഈ ലക്ഷ്യം കൈവരിക്കാനാകൂ. രണ്ടു
ശതമാനം മാത്രം ഡിജിറ്റൽ പണമിടപാടുകളിൽ നടന്നിരുന്ന ഇന്ത്യയിലെ ഇന്നത്തെ അവസ്ഥ വർദ്ധിച്ചിട്ടുണ്ടെങ്കിലും
അതിനെക്കുറിച്ച് അജ്ഞരായവരെ ബോധവൽക്കരിക്കുകയാണ് ചെയ്യേണ്ടത്

അഴിമതി കുറയ്ക്കുന്നതിനും കള്ളപ്പണം തടയുന്നതിനും ഡിജിറ്റൽ പണമിടപാട് നല്ലൊരുപാധിയാണ്. കൂടാതെ
എടിഎം പ്രവർത്തനച്ചെലവ് കുറയും നോട്ട് അച്ചടിക്കൽ ചെലവ് കുറയ്ക്കാം. അതിനു ദ്രുതഗതിയിലുള്ള
പ്രവർത്തനങ്ങളാണ് സർക്കാരിന്റെ ഭാഗത്തു നിന്നും വേണ്ടത്. കള്ളള്ളപ്പണം തടയുക എന്ന ലക്ഷ്യം നോട്ടു അസാധു
വാക്കലിലൂടെ നേടാനായില്ലെങ്കിലും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ അതിനു പരോക്ഷമായി മുതൽക്കൂട്ടാ
കുന്നു. കറൻസി അസാധുവാക്കലിനെ വിമർശിക്കുന്നവർ രാജ്യദ്രോഹികളെന്നും രാജ്യത്തെ മുഴുവൻ പൗരന്മാരെയും
കള്ളന്മാരായും ഒരു ജനാധിപത്യ സർക്കാരും ചിന്തിക്കേണ്ടതില്ല. വിമർശനങ്ങൾ ഏറ്റെടുത്ത് ഈ മഹത്തായ ലക്ഷ്യം
സാക്ഷാത്കരിക്കുകയാണു വേണ്ടത്. മറിച്ചുള്ള ഏതു നടപടിയും ഒരു സ്വേഛാധിപത്യ സർക്കാരിന്റേതായായിരിക്കും
പരിഗണിക്കുക.

അനിലാ ദേവി അനിൽ
ബി. എസ്. സി. കമ്പ്യൂട്ടർ സയൻസ്
1-ാം വർഷം

# जल और ज़मीन




सोचा है कभी,
अगर जल और ज़मीन न होता,
क्या मनुष्य और जानवर
एसा हमेाा खुा रहता?

कितना सुंदर है ये धरती,
सबसे प्यारा दो हमारा।
नील गगन से नीचे सुंदर
गंगा जल और हरियाली।
ऊँचे ऊँचे हिमाखिरों से,
बहती ातिल जल की धारा,
नदियों का पानी बहकर
गहरे सागर में मिले।

मछली रहता है सिर्फ पानी में,
और मनुष्य इस धरती पर,
अगर दोनो न साथ होता तो,
क्या वो नील गगन भी होगा ऊपर?

कितना प्यारा है ये दोनो
इनकी होथों में है यह दुनिया,
उनकी बुराई करने से पहले सोझलो
दुनिया बिगड गयी तो मनुष्य
कहा रहता?
चलो, सभी साथ मे चलते है,
एसे सब बच जाता है,
सिर्फ ज़मीन और जल नदी, पर
वो ऊपरवाला भी तुम्हारा पुकार करेंगा।

Sunayyamol K S
I B.Sc. Computer Science



# ജെല്ലിക്കെട്ട്

ടീന ജോയ്
മോണിക്ക ഡാനീയേൽ

ജനുവരി 17 ചൊവ്വാഴ്ച, 10.30നോടടുത്താണ്. ഞങ്ങൾ ചെന്നൈ സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ എത്തിചേർന്നത്. പലപ്പോഴും പല യാത്രകളും അനിശ്ചിതത്ത്വത്തിൽ നിന്നാണ് ആരംഭിക്കുന്നത്. അതിൽ ചില യാത്രകൾ അവസാനിക്കുന്നതോ അതിലേറെ അനിശ്ചിതത്ത്വത്തിലും. ജയ്പൂരിലേക്കുള്ള യാത്ര, തമിഴ്നാടും ചെന്നൈയും കടന്നു നീണ്ടു നിവർന്നു കിടക്കുമ്പോൾ ഞങ്ങൾ ആ ദിവസം ചെന്നൈ നഗരം കാണാൻ ഇറങ്ങിത്തിരിക്കുകയായിരുന്നു. ജയ്പൂരിലേക്കുള്ള ട്രെയിൻ 5.40ന് ആയതുകൊണ്ടുതന്നെ സമയം ഒരുപാടുണ്ട്.

ടാക്സിയിൽ കയറി മറീന ബീച്ച് എന്ന് പറഞ്ഞപ്പോൾ ഡ്രൈവർ തമിഴിൽ പറഞ്ഞു 'അങ്കെ റോഡ് ഫുൾ ട്രാഫിക് സർ, റൊമ്പ ടൈം ആകും. ഞങ്ങൾ കാരണം തിരക്കി. അന്നവർക്ക് ആഘോഷത്തിന്റെയും പ്രക്ഷോഭത്തിന്റെയും ദിവസം ആയിരുന്നു. തലൈവൻ എം.ജി.ആറിന്റെ ജന്മദിനം ആണ് ആഘോഷകാരണമെങ്കിൽ ജല്ലിക്കെട്ടിന്റെ നിരോധനമാണ് പ്രക്ഷോഭകാരണം.

മറീന ബീച്ചിലേക്കുള്ള വഴി വളരെയധികം ദുസഹമായിരുന്നു. വണ്ടികളാലും മനുഷ്യരാലും തിക്കിഞെരുങ്ങി. അന്ന് ഏകദേശം അഞ്ച് ലക്ഷത്തോളം പേരാണ് ആ പൊരിവെയിലിൽ കടൽക്കരയിൽ അണി നിരന്നത് അത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ ഇത്രയധികം ആളുകളെ ഒത്തു ചേർക്കാൻ കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടിക്കും സാധിക്കും എന്നു തോന്നുന്നില്ല.



പിന്നീടുള്ള സംസാരം മുഴുവൻ ജല്ലിക്കെട്ട് എന്ന ക്ലാസിക് കായിക ഇനത്തെക്കുറിച്ച് ആയിരുന്നു. ജല്ലിക്കെട്ട്
നിരോധിക്കാനുള്ള നീക്കത്തെക്കുറിച്ചു നിറകണ്ണുകളോടെ പറയുമ്പോൾ 'തമിഴനായ' ആ ഡ്രൈവറുടെ
രോഷം മുഴുവൻ ശബ്ദത്തിൽ പ്രകടം ആയിരുന്നു.

ജല്ലിക്കെട്ട് നിരോധിക്കേണ്ടതുണ്ടോ? അഞ്ചുലക്ഷം പേരുടെ ആ വലിയ സംഗമത്തെ വെറും
കേവലമായ ആൾക്കൂട്ടമായി ചിത്രീകരിക്കാൻ സാധിക്കയില്ല. PETA എന്ന സംഘടന സുപ്രീം കോടതിയിൽ
നൽകിയ ഹർജിയെത്തുടർന്ന് കോടതി നടത്തിയ പരാമർശങ്ങളാണ് ഇത്രയും ഭീമമായ പ്രതിഷേധത്തി
നിടയാക്കിയത്. കെ. എൽ ഗണേഷ് ഈ വിഷയത്തെക്കുറിച്ച് പറയുന്നതുപോലെ കോടതികൾ നിലവിലുള്ള
ഭരണഘടനയെയും നീതിന്യായ വ്യവസ്ഥയേയും പരിപാലിക്കുന്നതിനുള്ളതു തന്നെയാണെന്നിരിക്കുമ്പോഴും
നമ്മുടെ സാമൂഹ്യ സാഹചര്യങ്ങളെയും അതിന്റെ ഉള്ളടരുകളിലുള്ള പ്രകടനരൂപത്തെയും ആചാരങ്ങളെയും എത്ര
മാത്രം നമ്മുടെ നിയമവ്യവസ്ഥയ്ക്ക് മനസിലാകും.

പൊങ്കൽ ആഘോഷങ്ങളോടനുബന്ധിച്ച് നടത്തപ്പെടുന്ന ക്ലാസിക് കായിക ഇനമാണ് 'സല്ലിക്കെട്ട്' എരു തളുവൽ
മഞ്ചുവിരട്ട് എന്ന പേരുകളിൽ കൂടി അറിയപ്പെടുന്ന ജല്ലിക്കെട്ട് തായ് എന്ന തമിഴ് മാസത്തിന്റെ 2-ാം ദിവസമാണ്
നടത്തിപോന്നിരുന്നത്. ബി.സി. കാലഘട്ടത്തിൽ ആരംഭിച്ച് അന്നു മുതൽ തുടർന്നു വന്നതാണ്, ജല്ലിക്കെട്ട്. ഈ
കായിക ഇനത്തിന് അവരുടെ സംസ്കാരത്തിന്റെ അത്രത്തോളം പഴക്കമുണ്ട്. തമിഴ്നാടിന്റെ സംസ്കാരത്തിന്റെ



ഭാഗമായ ജല്ലിക്കെട്ട് നിരോധിക്കുന്നതുവഴി സംസ്ക്കാരത്തിനുണ്ടാകുന്ന ആഘാതത്തെ പറ്റി കോടതിക്ക് എന്താണ് പറയാൻ ഉണ്ടാകുക. ഇങ്ങനെ വളരെ Sensitive ആയ വിഷയത്തിൽ ഇത്ര വലിയ തീരുമാനം കൽപി ക്കുന്നതിനു മുമ്പ് ഒരു പഠനം നടത്തേണ്ടത് തീർത്തും അനിവാര്യമാണ്. സ്പെയി നിൽ നടന്നു വന്ന കാളപ്പോരിനെ പോലെ യാണ് ജല്ലിക്കെട്ട് എന്ന തെറ്റിധാരണയാണ് പലപ്പോഴും ജെല്ലിക്കെട്ടിനെ നിരോധിക്കാ നുള്ള കാരണമായി തീരുന്നത്. എന്നാൽ 2 ഇനങ്ങളും 2 ധ്രുവങ്ങളിൽഉള്ളതാ ണെന്ന സത്യം തിരിച്ചറിയാൻ സാധിക്കളുന്നില്ല.കാള പ്പോരിന് വളരെ ദിവസങ്ങൾക്കുമുമ്പെ മുതൽ അവയെ ഇരുട്ടു മുറിയിൽ അടച്ചിട്ട ശേഷ മാണ് സ്പെയിനിൽ കാളയെ കാളപ്പോരിനു പുറത്തിറക്കുന്നത്. എന്നാൽ ജല്ലിക്കെട്ടിൽ
നേരെ വിപരീത സാഹചര്യം ആണുള്ളത്. വർഷത്തിൽ ജല്ലിക്കെട്ടു ദിവസം ഒഴിച്ചു നിർത്തിയാൽ ബാക്കി ദിവസങ്ങളിൽ
കാളയ്ക്ക് അത്രയേറെ പരിചരണം ആണ് നൽകിവരുന്നത്. പുലികുളം കണ്ടയം ഇനങ്ങളിൽ പെട്ട കാളകളെ ഉപ
യോഗിച്ചു കൊണ്ട് അത്രയേറെ ബഹുമാനത്തോടെയാണ് ജല്ലിക്കെട്ട് നടത്തി വരുന്നത്. ഇത്രയേറെ വികാര തീവ്രത
യോടെ ഒരു വലിയ വിഭാഗം ജനങ്ങൾ ആഘോഷിക്കുന്ന ഒരുത്സവത്തെ അവരുടെ ദേശത്തുനിന്നും പറിച്ചു മാറ്റാൻ
ശ്രമിക്കുന്നതിൽ ഒളിഞ്ഞിരിക്കുന്ന മറ്റൊരു സൈദ്ധാന്തിക രൂപത്തെ കുടി നമുക്കു കാണുവാൻ സാധിക്കും. ഒരു
സംസ്കാരം മറ്റൊരു സംസ്കാരത്തിനുമേൽ ആധിപത്യം പുലർത്താൻ ശ്രമിക്കുന്ന ഹെജിമണി ആണത്. ജെല്ലിക്കെട്ട്
കാർഷിക സംസ്കാരത്തിന്റെയും ദ്രാവിഡ പെരുമയുടെയും പ്രതീകമാണ്; ഒരു ജനതയുടെ വികാരവും ഇത്തരം
വികാരങ്ങളെ അടിച്ചമർത്തിക്കൊണ്ട് ഒരു സംസ്കാരം മറ്റൊന്നിനുമേൽ 'ഹെജിമണി' സ്ഥാപിച്ചെടുക്കാൻ ശ്രമിക്കു
മ്പോൾ വലിയ ചെറുത്തു നിൽപ്പുകൾ ഉണ്ടാവാം. അത്തരമൊരു ചെറുത്തു നിൽപ്പിനാണ് ചെന്നൈ അന്നു സാക്ഷ്യം വഹി
ച്ചത്. വിജയം വരെ പൊരുതാൻ ഉറച്ച ലക്ഷക്കണക്കിനാളുകൾ നിരാഹാര സത്യാഗ്രഹം, പിക്കറ്റിങ്ങ്, ഇന്റർനെറ്റ്
പ്രക്ഷോഭം, മുദ്രവാക്യം വിളിക്കൽ തുടങ്ങിയ പരിപാടികളുമായി സുപ്രീം കോടതിവിധിക്കെതിരെ മുമ്പോട്ടു
പോയപ്പോൾ ഒടുവിൽ പ്രത്യേക ഓർഡിനൻസിലൂടെ സുപ്രീം കോടതി ജല്ലിക്കെട്ടിന് അനുമതി നൽകി.

ഒരു സംസ്കാരത്തിന്റെ ഒരു നാടിന്റെ വിജയം ആണ് അന്നവിടെ കണ്ടത്. ഒരായിരം പേരുടെ ആവേശവും അഭിമാ
നവും ആണ് അവിടെ കാത്തുരക്ഷിക്കപ്പെട്ടത്. അതോടൊപ്പം നമ്മെ നാമാക്കുന്ന സംസ്കാരത്തിന്റെയും പാരമ്പ
ര്യത്തിന്റെയും ബിംബങ്ങളെ തകർക്കുക എന്നത് എളുപ്പം അല്ല എന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ സമരം.




# രാഷ്ട്രീയം
## ഒരു തെറിവാക്കല്ല

'ഞാനെന്റെ വ്യക്തിപരമായ അഭിപ്രായാട്ടോ ഈ പറയണെ, എനിക്ക് രാഷ്ട്രീയോന്നൂല്ല...'

ഒരു ക്ലാസ് ക്യാമ്പയിനിങ്ങിനിടെ, ഒരു ഫേസ് ബുക്ക് സംവാദത്തിനിടെ, കുറഞ്ഞത് പത്ത് തവണയെങ്കിലും നമ്മളീ വാചകം കേൾക്കാറുണ്ട്. 'ഇതെന്റെ വ്യക്തിപരമായ അഭിപ്രായം മാത്രമാണ്' എന്ന് പറയുന്നതോടൊപ്പം 'എനിക്ക് രാഷ്ട്രീയമില്ല' എന്ന് കൂട്ടിക്കച്ചേർക്കാൻ മറന്നുപോകാറില്ല. കാരണം, താൻ ഇടതുപക്ഷത്തോ വലതുപക്ഷത്തോ നിൽക്കുന്നയാളാണെന്ന് ആരെങ്കിലും ധരിച്ചാൽ തന്റെ അഭിപ്രായത്തിന്റെ 'സത്യസന്ധത' സംബന്ധിച്ച് മറ്റുള്ളവരിലൊരു സംശയം ജനിക്കുമെന്നും അത് ആ അഭിപ്രായത്തിന്റെ സ്വീകാര്യതയെ ഇല്ലാതാക്കും എന്നും മറ്റുമുള്ള ആശങ്കകളാണ്. ഒപ്പം, രാഷ്ട്രീയം എന്നത് എന്തോ മോശം സംഗതിയായതുകൊണ്ടുതന്നെ താൻ ചെയ്യുന്നത് ആ മോശം സംഗതിയല്ല എന്ന് സ്വയം ബോധ്യപ്പെടുത്തുക കൂടിയാണ്. എങ്ങനെയാണ് അതൊരു മോശം സംഗതിയാകുന്നത്?

മാർക്കോസ് സാറിന്റെയൊരു ക്ലാസ്സിൽ ഒരേ വാക്ക് ഓരോ മനുഷ്യരിലും സൃഷ്ടിക്കുന്ന ഇമേജുകൾ വ്യത്യസ്തമാണെന്ന് സാർ ഉദാഹരണസഹിതം ചൂണ്ടിക്കാണിക്കുകയുണ്ടായി. 'വിളക്ക്' എന്ന വാക്ക് കേൾക്കുമ്പോൾ നമ്മൾ ഓരോരുത്തരുടെയും മനസ്സിലേയ്ക്കു വരിക പല പല ഇമേജുകളായിരിക്കും. മണ്ണെണ്ണ വിളക്കാകാം; നിലവിളക്കാകാം. അങ്ങനെയെന്തുമാകാം. രണ്ടാം ബെഞ്ചിലിരുന്ന് സാറിന്റ് ക്ലാസ്സ് കേട്ടുകൊണ്ടിരുന്ന എന്റെ മനസ്സിലേക്കുവന്നത്, കുട്ടിയായിരിക്കുന്ന സമയത്ത് എന്നെ മടിയിലിരുത്തിക്കൊണ്ട് സന്ധ്യാനാമം ജപിക്കുന്ന അമ്മൂമ്മയ്ക്കുമുന്നിൽ തെളിയിച്ചുവെച്ച രണ്ട് തിരിയുള്ള നിലവിളക്കായിരുന്നു. ഈ ഇമേജ് ആ ക്ലാസ്സിലെ മറ്റാർക്കും കിട്ടിക്കാണില്ല എന്നതുറപ്പാണ്. അതാണ്, ഒരു വാക്കോ ഒരു phrase ഓരോ തരത്തിലും സൃഷ്ടിക്കുന്ന ഇമേജുകൾ, സൃഷ്ടിക്കുന്ന അനുഭവങ്ങൾ ഓരോരുത്തരുടെയും ജീവിതാനുഭവങ്ങളോടു കൂടി ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെ ചിന്തിക്കുമ്പോൾ, 'രാഷ്ട്രീയം' എന്ന വാക്കിനോടൊപ്പം പൊട്ടിയ KSRTC

ബസ്സിന്റെ ചില്ലോ ഒഴുകിപ്പടർന്ന ചോരയോ സർക്കാർ ഓഫീസിലെ കൈക്കൂലിയോ ആത്മാർത്ഥതയില്ലാത്ത ചിരിയോ മാത്രം മനസ്സിലേയ്ക്കുവരുന്നവരെ സംബ ന്ധിച്ച് ആ വാക്ക് ജനിപ്പിക്കുന്നത് നെഗറ്റീവ് ആയൊരു വികാരമാണ്. എന്തിനേറെ, കമ്മ്യൂണിസ്റ്റുകാർ എന്നു വെച്ചാൽ, ചുവന്ന നിറത്തിലുള്ള, കൊമ്പും വാലും ഒക്കെയുള്ള, ചെകുത്താനെപ്പോലിരിക്കുന്ന ആളുകളാ ണെന്നാണ് ഞാനൊക്കെ കുട്ടിയായിരിക്കുമ്പോൾ വിചാരി ച്ചിരുന്നത് എന്നു പറഞ്ഞ ഒരു സുഹൃത്ത് പോലു മുണ്ട്. ഈ ജീവിതാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിലപാടുകളെടുക്കാനും ചില വിശ്വാസങ്ങൾ കൊണ്ടുന ടക്കാനുമൊക്കെയുള്ള സ്വാതന്ത്ര്യം നമുക്കൊക്കെയുണ്ട്. എന്നാൽ, അതൊരു ചെറുദ്വീപാണെന്നും അതിനപ്പുറത്ത്

വലിയൊരു ലോകം തന്നെയുണ്ടെന്നും ആലോചിച്ചുനോക്കുന്നത് രസകരമായി രിക്കും. ചുരുങ്ങിയത്, 'രാഷ്ട്രീയം' എന്ന വാക്കിനോടൊപ്പം മഷിയുടെ നനവും പുസ്തകത്തിന്റെ മണവും മുദ്രാവാ ക്യത്തിന്റെ താളവും വിയർപ്പിന്റെ ചൂടും മനസ്സിലേക്കോടിയെത്തുന്ന ഒരു വിഭാഗം ആളുകൾ നമുക്കു ചുറ്റുമുണ്ട് എന്ന് തിരിച്ചറിയുകയെങ്കിലും ചെയ്യേണ്ടതുണ്ട്. അത്തരം ചില തിരിച്ചറിവുകൾ കൂടി യാണല്ലോ കലാലയജീവിതത്തിലൂടെ ലക്ഷ്യമിടുന്നത്.




സത്യത്തിലെന്താണ് രാഷ്ട്രീയം? അല്ലെ ങ്കിൽ രാഷ്ട്രീയത്തിന് അങ്ങനെയൊരു കൃത്യമായ നിർവ്വചനമുണ്ടോ? എന്താ യാലുമത് SFI-KSU-CPM-DFI-IUML എന്നിങ്ങനെ അക്ഷരങ്ങൾകൊണ്ടു മാത്രം പ്രതിഫലിപ്പിക്കാവുന്ന ലളിതമാ യൊരു സംഗതിയല്ല. ഒരു മനുഷ്യൻ, തന്റെ ചുറ്റുപാ ടുകളിൽനിന്നും സ്വയം ആർജ്ജിച്ചെടുക്കുന്നതും സമൂഹം അവനിൽ അടിച്ചേൽപ്പിക്കുന്നതുമായ അറിവു കളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ ചില ബോധ്യങ്ങൾ തന്റെയുള്ളിൽ സൃഷ്ടിച്ചുവെച്ചിരിക്കും. സദാ പരിവർത്തനത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന ഈ ബോധ്യങ്ങളെ അയാളുടെ രാഷ്ട്രീയബോധം എന്ന രീതിയിൽ വിശേഷിപ്പിക്കാറുണ്ട്. തന്റെ ചുറ്റുപാ ടുകളിൽ അയാൾ നടത്തുന്ന ഇടപെടുകളിലെയും ഇത് പ്രതിഫലിക്കും. ഇവയൊക്കെയും അയാളുടെ രാഷ്ട്രീയബോധത്തിന്റെ പ്രതിഫലനങ്ങളാണ്. അതായത്, ഏതൊരു മനുഷ്യനും ജൈവികമായി, നോക്കിലും വാക്കിലും പ്രവർത്തിയിലും രാഷ്ട്രീയമുള്ളവരാണ്. ചുരുക്കി പറഞ്ഞാൽ, എന്റെ മകനെ ഞാൻ CBSC സ്കൂളിലേ ചേർക്കൂ, ഞാനൊരു കറുത്ത ചെറുക്കനെ കല്യാണം കഴിക്കില്ലാ എന്നു തുടങ്ങി നമ്മൾ ജീവി

തത്തിലും സമൂഹത്തിലും നടത്തുന്ന സകല ഇടപെ ടലുകളും രാഷ്ട്രീയമാണ്. ആ രാഷ്ട്രീയത്തെ ചിലർ തിരിച്ചറിയും ചിലർ തിരിച്ചറിയില്ല. എന്നേയുള്ളു.

ഉദാഹരണത്തിന്,പുല ചേർത്തുള്ള ഒരു തെറിവാക്ക് ശ്രദ്ധിക്കുക.'പുല' എന്നാൽ വയൽ.'പുലയാടുക' എന്നാൽ വയലിൽ പണിയെടുക്കുക എന്നും. 'പുലയാടീ' എന്നവിളി 'വയലിൽ പണിയെടുക്കുന്നവനേ' എന്ന് വിളിക്കും പോലാ ണ്. ഇതിലെന്താണിത്ര അസഭ്യതയുള്ളത്? ലളിതമാണ് ഉത്തരം. വയലിൽ പണിയെടുക്കുന്നത് മോശമാണ് എന്ന പൊതുബോധം നിലനിൽക്കുന്നിടത്താണ് 'പുലയാടി' ഒരു തെറിയാകുന്നത്. അതായത്, അധകൃതരെ, ദളിതരെ, തൊഴി ലാളികളെ അധിക്ഷേപിക്കുന്ന, അവരൊടൊക്കെയു മുള്ള വെറുപ്പ് മുഴച്ചു നിൽക്കുന്ന വികൃതമായൊരു സാമൂഹ്യ- രാഷ്ട്രീയവസ്ഥയുടെ പ്രതിഫലനമാണ് പുല കൂട്ടിയുള്ള പ്രസ്തുത തെറിവിളി. എന്നാൽ, തൊഴി ലാളികളോടും അധകൃതരോടും ഏറെ സ്നേഹവും സഹാനുഭൂതിയുള്ളവർപോലും ആ തെറിവാക്ക് ഉപയോ ഗിക്കാറില്ലേ?

മനുഷ്യൻ അടിമുടി രാഷ്ട്രീയ ജീവി മാത്രമാണെന്നല്ല, ആ രാഷ്ട്രീയം എത്രമേൽ സങ്കീർണ്ണവും കൂടിയാണെന്നാ ണ് പറയാൻ ശ്രമിക്കുന്നത്. അവിടെ 'എനിക്ക് രാഷ്ട്രീ യമില്ല' എന്ന പ്രസ്താവന എത്രമേൽ അശ്ലീലമാണെന്ന് ഓർത്തു നോക്കൂ.

ചർച്ച ചെയ്യേണ്ട മറ്റു ചില സംഗതികൾ കൂടിയുണ്ട്. 'രാഷ്ട്രീയം' എന്ന വാക്കിനോടും അതിനെ സംബന്ധിച്ച ചർച്ചകളോടും പൊതുവിദ്യാർത്ഥിസമൂഹം വെച്ചു പുല ർത്തുന്ന ഇഷ്ടക്കേട് മനസ്സിലാക്കിക്കൊണ്ട്, അത്തരം ചർച്ചകളിൽ നിന്നും ഇടപെടലുകളിൽ നിന്നും വിദ്യാർഥി

സംഘടനകൾ ഉൾപ്പെടെ പിൻവലിയുന്ന സമീപനമാണത്. ഈ പിൻവലിയൽ ലക്ഷ്യമിടുന്നത് രണ്ട് കാര്യങ്ങളാണ്. ഒന്ന്, സാമൂഹ്യമായ -രാഷ്ട്രീയമായ ഇടപെടലുകളൊന്നും നടത്തിയില്ലെങ്കിലും വേണ്ടില്ല പൊതു വിദ്യാർത്ഥികൾക്കിടയിലെ 'പിടി' നഷ്ടപ്പെടരുത്. രണ്ട്, ജീവൻ പോയാലും തങ്ങളുടെ രാഷ്ട്രീയം പറയരുത്. പറഞ്ഞാൽ മതനിരപേക്ഷ, ജനാധിപത്യ ക്യാമ്പസ് തങ്ങളെ ചവറ്റു കുട്ടയിലേയ്ക്കെറിയുമെന്നും ആ സാഹചര്യമൊഴിവാക്കണമെന്നുള്ള ആഗ്രഹം.

രണ്ടാമത്തെ വിഷയം അത്യന്തം ഗൗരവകരമാണ്. ഹൈന്ദവ ഫാസിസം വീട്ടുപടിക്കലല്ല അടുക്കളയ്ക്കകത്തേയ്ക്ക് കടന്നു വന്നിരിക്കുന്നു എന്നത് യാഥാർത്ഥ്യബോധത്തോടെ നാം മനസ്സിലാക്കേണ്ടതുണ്ട്. മദ്രാസ് IIT മുതൽ JNU വരെ കേന്ദ്ര ഗവൺമെന്റിനും സംഘപരിവാറിനുമെതിരായ ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിൽ അണിനിരക്കുകയാണ്. ദേശദ്രോഹികളെന്ന് മുദ്രകുത്തിയിട്ടും കുനിയാത്ത ശിരസ്സുമായി പ്രക്ഷോഭ നിലത്തിലേയ്ക്കിറങ്ങുന്ന യുവതീ-യുവാക്കളിലാണ് ഇന്ത്യയുടെ പ്രതീക്ഷതന്നെ. സ്വാശ്രയ മാനേജ്മെന്റുകളുടെ പീഡനത്തിനിരയായി ആത്മഹത്യ ചെയ്യേണ്ടിവന്ന ജിഷ്ണു പ്രണോയ് ഉയർത്തിവിട്ട സ്വാശ്രയസമരം, കേരളത്തിലെമ്പാടുമുള്ള അസംഘടിത സെൽഫ് ഫിനാൻസ് കോളേജ് വിദ്യാർത്ഥികളിൽ ചൂഷണ വ്യവസ്ഥയ്ക്കെതിരായ വികാരം സൃഷ്ടിച്ചിട്ടുണ്ട്. ജാതി-മത-വർഗ്ഗ ഭേദമില്ലാതെ അവർ തങ്ങളുടെ അവകാശങ്ങൾക്കായി പോരാടിക്കൊണ്ടിരിക്കയാണ്.

അതിനിടയിൽ, ഹിന്ദു-മുസ്ലീം, സവർണ-അവർണ, വിവേചനങ്ങളുടെ, വിദ്വേഷത്തിന്റെ പ്രത്യായശാസ്ത്രങ്ങൾക്ക് വേരുപിടിക്കാനാകില്ല. (കേരളത്തിൽ പ്രത്യേകിച്ചും) എന്ന ബോധ്യം. വർഗ്ഗീയ രാഷ്ട്രീയ വിഷം തുപ്പുന്നതിൽ നിന്ന് അവരെ അൽപ്പമൊന്ന് തടയുകയും 'ബ്രോ' എന്ന് വിളിച്ച് തോളിൽ കയ്യിടിക്കുകയും "ഞങ്ങളിൽ വർഗ്ഗീയതയില്ല" എന്ന് തോന്നിപ്പിക്കുംവിധം പ്രവർത്തിക്കാൻ നിർബന്ധിക്കുകയും ചെയ്യുന്നുണ്ട് എന്നേയുള്ളൂ. മുളകുപൊടി നിറച്ച പാത്രത്തിനുമുകളിൽ പഞ്ചസാരമണികൾ വിതറും പോലെ ഈ കാപട്യം തിരിച്ചറിയുക എന്നതുപോലും ഒരു രാഷ്ട്രീയ പ്രവർത്തനമാണ്.


കാലം കലാപമാവശ്യപ്പെടുന്നുണ്ട്. എന്നിരുന്നാലും വർഗ്ഗീയ വിരുദ്ധ-ചൂഷണ വിരുദ്ധ പോരാട്ടത്തിന് അനുകൂലമായ മാനസികാവസ്ഥ നാമോരോരുത്തരും ഉണ്ടാക്കേണ്ടതുണ്ട്. വർഗ്ഗീയതയ്ക്കെതിരായ പോരാട്ടത്തെ ദുർബ്ബലപ്പെടുത്തുന്ന ഒന്നും, ഞാൻ ചെയ്യില്ല എന്നും ദളിതരായതിന്റെ പേരിൽ പിഞ്ചുകുഞ്ഞുങ്ങൾ വരെ ചുട്ടെരിക്കപ്പെടുന്ന കാലത്ത് ദളിത് വിരുദ്ധതയെയോ വർണവിവേചനത്തെയോ പിൻതുണയ്ക്കുന്ന ഒരു പ്രവർത്തനത്തിലും ഞാൻ ഭാഗമാകില്ല എന്ന മിനിമം രാഷ്ട്രീയ നിലപാടെങ്കിലും നാം കൈക്കൊള്ളണം. അതൊരു കടമയാണ്. അശ്ലീലമല്ല.

ലെനിന്റെ വാക്കുകൾ കൂട്ടിച്ചേർക്കുന്നു.

നിങ്ങൾ രാഷ്ട്രീയത്തിലിടപെട്ടില്ല എങ്കിൽ രാഷ്ട്രീയം നിങ്ങളിൽ ഇടപെടും.

ഒപ്പം , തലക്കെട്ട് വായിക്കുമ്പോഴേ പേജ് മറിക്കുന്നവരാണ് ഭൂരിഭാഗവും എന്ന ബോധ്യമുണ്ടായിട്ടും ഈ കുറിപ്പെഴുതാൻ മുതിർന്നതും ഒരു രാഷ്ട്രീയമാണെന്ന് കൂട്ടിച്ചേർക്കുന്നു.

ഹരിപ്രസാദ് കെ.എച്ച്
എം. എസ്. സി. ഫിസിക്സ്
2-ാം വർഷം



# അർധനാരീശ്വരി

പാതിമെയ് സ്ത്രീരാഗവും, മറുപാതി പുരുഷയീണവും
ചിരി മറഞ്ഞ മുഖവും, ശ്രുതി മറന്ന നിനവുമുള്ള അർധനാരി ഞാൻ....
കരിപുരണ്ട ഇരുണ്ട ചുവരിൽ, അണഞ്ഞുപോയ കിനാവിനുള്ളിൽ
താളമറ്റ തെരുവുപാട്ടിൽ, ചിതറിവീഴും മനസ്സിനുള്ളിൽ ഞാനൊരാശ തേടുന്നു.
പൊടിച്ചുപൊങ്ങും മീശയും, തുടിച്ചുവളരും സ്തനങ്ങളും
അടക്കിവച്ച ഹൃദയവും, കനത്തു കൂടും നിരാശയും
തളർന്നരഞ്ഞ പാദങ്ങളും, വിറച്ചുപൊങ്ങും കൈകളും
വരി മറന്ന പാട്ടും, ഇരുൾ പടർന്ന കിനാവുമുള്ള അർധനാരി ഞാൻ...
പാൽചുരത്താൻ വെമ്പിനിൽക്കും ഒരമ്മ മനസ്സുണ്ട്, പിന്നെ
ഓമനിച്ചു കൈപിടിക്കാൻ ഉയിരിനുള്ളിൽ ഒരച്ഛനുണ്ട്,
ആശ കോർത്ത് ശ്രുതികൾ മീട്ടുന്നൊരു പെണ്ണുടലുണ്ട്, പിന്നെ
അസ്ഥികൊണ്ട് വില്ലു തീർക്കുമൊരു ആൺതുടിപ്പുണ്ട്.
എരിഞ്ഞടങ്ങി ചാരമാകും അർധനാരിയല്ല ഞാൻ, പിന്നെ
ജ്വലിച്ചു കത്തി ഉയർന്നിടുന്ന അർധനാരീശ്വരി ഞാൻ...
ഉറഞ്ഞ് കൂടും ചെളിയിൽ നിന്നും വേരെടുത്ത് മുളച്ച് പൊങ്ങി
ഇലവിരിച്ച് പടർന്നിടുന്ന അർധനാരീശ്വരി ഞാൻ...
ജനിച്ച മണ്ണിലുറച്ച് നിന്ന്, ചിലമ്പുകെട്ടി ഉറഞ്ഞ് തുള്ളി
പക നിറഞ്ഞ കണ്ണിനുള്ളിൽ കനലെരിച്ച് തീകൊളുത്തി
കുതിച്ചു ചാടി പാഞ്ഞടുത്ത് തകർത്തിടുമീ ലിംഗപ്രതിഷ്ഠകൾ...
മനുഷ്യനായി ഭുവിലുറച്ച് നിന്ന് ഞങ്ങളെഴുതുമീ ചരിത്രതാളുകൾ...



സാന്ദ്ര റോയ്
ബി. എസ്. സി. കെമിസ്ട്രി
2-ാം വർഷം

# യുദ്ധവും സമാധാനവും



ഇന്ന് ലോകവും ലോകനേതാക്കളും ഏറ്റവും അധികം ചർച്ച ചെയ്യുന്ന വിഷയങ്ങളിൽ പരമപ്രാധാന്യമേറിയതാണ് 'യുദ്ധവും സമാധാനവും'. ലോക സമാധാന ദിനമായ സെപ്റ്റംബർ 21 ന് നടത്തപ്പെട്ട ഒരു ഓൺലൈൻ സർവേയിൽ, സമാധാനത്തേക്കാളുപരി യുദ്ധങ്ങളാണ് ഈ സമൂഹത്തിൽ ആവശ്യമെന്നും, അവയ്ക്ക് വേഗത്തിൽ ലക്ഷ്യം സ്വായത്തമാക്കാനുള്ള പ്രാപ്തിയുണ്ടെന്നും 60% ആളുകൾ വോട്ടെടുപ്പിലൂടെ അഭിപ്രായപ്പെട്ടു. ഈ സംഭവത്തെ പ്രസക്തമെന്നും സങ്കടകരമെന്നും വിശേഷിപ്പിച്ച ലോകസമാധന കാംക്ഷികൾ ബോധവത്കരണ പ്രക്രിയകൾക്കായ് ആഹ്വാനം ചെയ്തിരിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഓരോ വ്യക്തിയും ഈ വിഷയത്തെക്കുറിച്ച് സഗൗരവം പഠിക്കേണ്ടതും ചർച്ച ചെയ്യേണ്ടതും കാലത്തിന്റെ അനിവാര്യതയാണ്.


എല്ലാ യുദ്ധങ്ങളും നയിക്കപ്പെടുന്നത് സമാധാനം നേടിയെടുക്കുന്നതിന് വേണ്ടിയാണ്'' എന്നാണ് ഹിപ്പോയിലെ അഗസ്റ്റിൻ രേഖപ്പെടുത്തിയിരിക്കുന്നത്. മുൻപേ സൂചിപ്പിച്ച ഓൺലൈൻ സർവേയിലെ യുദ്ധാനുകൂലികൾ സമവീക്ഷണം ഉള്ളവരായിരിക്കാം. എന്നാൽ ഇത്തരക്കാർക്ക് നല്ലൊരു മറുപടിയാണ് ഇൻഡ്യയുടെ രാഷ്ട്രപിതാവായ ഗാന്ധിജി നൽകുന്നത് - ''കണ്ണിനുപകരം കണ്ണ് എന്ന തത്വം പൂർത്തീകരിക്കപ്പെടുമ്പോൾ ബാക്കിയാവുന്നത് അന്ധന്മാർ മാത്രമുള്ള ഒരു ലോകമാണ്.'' അതെ, സമാധാനശക്തിയുടെ രശ്മികൾക്ക് നേടാവുന്നതൊന്നും യുദ്ധത്തിന്റെ മൂർച്ചയേറിയ ആയുധങ്ങൾകൊണ്ട് സ്വായത്തമാക്കുവാനാകില്ല. എങ്കിലും, പോരാട്ടങ്ങൾ വിപ്ലവങ്ങളും സമരങ്ങളുമെല്ലാം അനീതിക്കെതിരായുള്ള അനിവാര്യ ഘടകങ്ങളാണ്. എന്നാൽ അവയ്ക്ക് യുദ്ധത്തിന്റെ അക്രമഭാവമല്ല. മറിച്ച്, സമാധാനത്തിന്റെ അഹിംസയെന്ന ഭാവമാണ് വേണ്ടത്.

സ്നേഹം സമാധാനത്തെ ജനിപ്പിക്കുന്നു. യുദ്ധങ്ങൾ യുദ്ധങ്ങളേയും. ഒന്നാം ലോകമഹായുദ്ധത്താൽ അടിച്ചമർത്തപ്പെട്ട ജർമനിയും ഇറ്റലിയുമെല്ലാം പിന്നീട് ശക്തരായ നേതാക്കൾക്ക് കീഴിൽ ഊർജ്ജം ആർജ്ജിക്കുകയും രോഷം നിറഞ്ഞ പോരാട്ടങ്ങൾ കാഴ്ചവെയ്ക്കുകയും ചെയ്തപ്പോൾ അവ വഴി തെളിയിച്ചത് രണ്ടാം ലോക മഹായുദ്ധത്തിലേക്കാണ്. അതെ, ഓരോ യുദ്ധവും മറ്റൊരു യുദ്ധത്തിന്റെ തുടർകഥയാണ്. ഹിരോഷിമയിലെയും നാഗസാക്കിയിലെയും ജനങ്ങളും പിഞ്ചുകുഞ്ഞുങ്ങളുമെല്ലാം ഇപ്പോഴും അനുഭവിക്കുന്ന ശാരീരിക മാനസിക വൈകല്യങ്ങൾ, യുദ്ധങ്ങളുടെ ഭയാനകവും ഭീകരവുമായ മുഖം വെളിവാക്കുന്നു. സാമൂഹിക പരിവർത്തനത്തിനായി ഭീകരപ്രവർത്തികളെ കൂട്ടുപിടിക്കുന്ന സംഘടനകളും സമുദായങ്ങളും പാർട്ടികളുമെല്ലാം മനുഷ്യരാശിയെ കാർന്നു തിന്നുന്ന മൃഗങ്ങളും രോഷരുമാണ്. സമാധാനം കാംക്ഷിക്കുന്ന ലോകനേതാക്കളാണ് നല്ല സാമൂഹിക പരിവർത്തനങ്ങൾക്ക് വഴി തെളിയിച്ചിട്ടുള്ളത്. അതുകൊണ്ടാണ്. ക്രിസ്തുവും ബുദ്ധനും ഗാന്ധിയുമെല്ലാം അവിസ്മരണീയ വ്യക്തിപ്രഭാവങ്ങളായ് ഇന്നും ജനഹൃദയങ്ങളിൽ നിലകൊള്ളുന്നത്.

യുദ്ധവും സമാധാനവും എന്ന വിഷയത്തെ കൂടുതൽ ആഴത്തിൽ വ്യക്തിനിഷ്ഠിതമായ് മനസ്സിലാക്കേണ്ടതുണ്ട്. രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾ രാജ്യതൽപരമായ നേട്ടങ്ങൾക്ക് വേണ്ടിയാണെങ്കിൽ പത്രമാധ്യമങ്ങളിലൂടെ നാം ദർശിക്കുന്ന വ്യക്തിനിഷ്ഠമായ 'യുദ്ധങ്ങളും' ആക്രമണങ്ങളും പലപ്പോഴും ഒന്നും നേടിയെടുക്കുന്നതിനുവേണ്ടിയല്ല പകരം വിദ്വേഷവൈരാഗ്യങ്ങൾ നിറഞ്ഞ പൈശാചീകതയുടെ മൂർത്തിമ ഭാവമാണ് ഇവിടെ പ്രകടമാവുന്നത്. ജിഷ വധക്കേസും, ചെങ്ങന്നൂരിൽ പിതാവിനെ കൊലപ്പെടുത്തിയതും, നടി ആക്രമിക്കപ്പെട്ടതുമെല്ലാം ചുരുക്കം ചില ഉദാഹരണങ്ങൾ മാത്രം. യുദ്ധങ്ങൾക്ക് പല മുഖങ്ങളുണ്ട്. ചിലർ ഇന്ന് യുദ്ധം ചെയ്യുന്നത് അമ്മയായ പ്രകൃതിയോടും സഹജീവികളോടുമാണ്. അവർ കാടും മേടും കടലും പുഴയും നശിപ്പിച്ച് വ്യവസായീകരിക്കുന്നു. ഇന്ന് കാലാനുസൃതമല്ലാത്ത വേനലും വർഷവും കടുത്ത ക്ഷാമവും വരൾച്ചയും മറ്റ് പ്രകൃതിദുരന്തങ്ങളും പ്രകൃതിയുടെ ശാപമായ് നാം ഏറ്റുവാങ്ങുമ്പോഴും നാം ഒന്നും ഗ്രഹിക്കുന്നില്ല. മറ്റൊരു വിഭാഗം തങ്ങളോട് തന്നെ യുദ്ധം ചെയ്യുന്ന വിഡ്ഢികളാണ്. അതെ, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് ഈ ധന്യമാം ജീവിതത്തെ ഇല്ലായ്മ ചെയ്യുവാൻ കിണഞ്ഞ് പരിശ്രമിക്കുന്ന ബുദ്ധിഹീനരാണ് അവർ. ഇങ്ങനെയെല്ലാമാണെങ്കിലും സമൂഹത്തിൽ നന്മ കാംക്ഷിക്കുന്ന, പ്രകൃതിയെതലോടുന്ന സ്നേഹത്തിന്റെ കൈകൾ ഉള്ളവർ ഇന്നും സമാധാന ദൂതന്മാരായി നിലകൊള്ളുന്നുയെന്നത് നല്ല നാളെയുടെ വലിയ പ്രതീക്ഷകൾക്ക് വഴി തെളിയിക്കുന്നു.

ബുദ്ധമതത്തിന്റെ ആത്മീയഗുരുവായ ദലൈലാമ ഇങ്ങനെ പറയുന്നു "നമ്മുടെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്ന സ്നേഹത്തേയും സമാധാനത്തേയും കണ്ടെത്താതെ, ലോക സമാധാനത്തെ ഉൾക്കൊള്ളുവാൻ നമുക്ക് സാധിക്കില്ല. യഥാർത്ഥത്തിൽ ഈ ലോകസമാധാനത്തിന് വേണ്ടതും യുദ്ധങ്ങൾ തന്നെയാണ്. എന്നാൽ ഈ യുദ്ധങ്ങൾ നടത്തപ്പെടേണ്ടത് ഭൗമീകമായ പോർകളങ്ങളിലോ, യുദ്ധക്കളങ്ങളിലോ അല്ല. മറിച്ച് മനസ്സാകുന്ന കുരുക്ഷേത്രത്തിലാണ്. അങ്ങനെ ആ കുരുക്ഷേത്രയുദ്ധത്തിൽ നന്മയുടെ കർമ്മയോദ്ധാവായ് നിന്ന് തിന്മയെ ജയിച്ചുകൊണ്ട് നമ്മുടെ ഹൃദയത്തിൽ നിന്നൊഴുകുന്ന സമാധാനത്തെ നമുക്ക് കണ്ടെത്താം. ആ സമാധാനശക്തിയുടെ രശ്മികൾ ഹൃദയാകണത്തിൽ നിന്ന് സമൂഹത്തിലേക്കും രാജ്യത്തിലേക്കും ലോകമെമ്പാടും വ്യാപരിക്കട്ടെ എന്ന ഋഷിവര്യന്മാർ പഠിപ്പിച്ചു തന്ന പ്രാർത്ഥന നമുക്കും ഏറ്റുചൊല്ലാം

: ലോകാ സമസ്താ സുഖിനോ ഭവന്തു



"നമ്മുടെ ഹൃദയത്തിൽ മറഞ്ഞിരിക്കുന്ന സ്നേഹത്തേയും സമാധാനത്തേയും കണ്ടെത്താതെ, ലോക സമാധാനത്തെ ഉൾക്കൊള്ളുവാൻ നമുക്ക് സാധിക്കില്ല"

പോൾ വർഗ്ഗീസ്
ബി. എ. ഇംഗ്ലീഷ്
2-ാം വർഷം

# मौत

विनबुलाए मेहमान हो तुम
आती है, और लजाती है
सारी सपनों को।
जो बून बून कर रखी थी सब।

पता है मुझे कि आओगे तुम लेने
मुझे, मेरी सपनों को तोडने।
जिन्हें मैं संभाल कर रखी थी।

डरते नही तुम से।
हूँ मैं तैयार तुझे सामना करने।
तुझ से आँख मिलाने।

आया है, जाना ही तो पडेगा
आज नहीं तो कल।
इस दुनिया की दुख, सुख सब छोडकर
डलना होगा मुझे तुम्हारे अंधकार में।

पता है कि डूठ चुका हूँ मैं पुरी तरह पर,
पर हार कभी नहीं मानूँगी।
डरके नहीं भागूँगा।
सामना करूँगी पूरी दिल से तुम्हारी,
उस तूफान को



Sunayyamol K S
I B.Sc. Computer Science



പ്രണയത്തിന്റെ ഏറ്റവും

ഉയരമുള്ള മരമായി എന്നെ നീ

മാറ്റിയതെന്തിന്...?

വേദനയുടെ ഇടിമിന്നലുകൾ

ഞാൻ മാത്രം സ്വന്തമാക്കാനോ?




# The idea Of post-truth

**Devi Vandana. G**
III BA English

"Relating to or denoting circumstances in which objective facts are less influential in shaping public opinion than appeals to emotion and personal belief" goes the Oxford dictionary definition of the term post-truth (Oxford word of the year 2016). The term was coined by American blogger and journalist David Roberts. Wait!!! Won't it appear awkward and contradictory if an article on post-truth, a concept which appears to be the evil twin of truth and facts begin with facts? Let's do what is typical of thepost-truth era, pretend it is not there and move on.

Some real life phenomena –Brexit (the beginning), Donald Trump (carved out a niche), our own demonetisation (it's finally here)are enough to explain the whole idea of post-truth in the world out there. Globalisation has created something called the fear of the expert. This doubled up with the trend of the larger crowd to go after 'facts' that made sense to them, made even the most surreal scenario a reality, initiating an era of post-truth. People can no longer read the tea leaves correctly in a world where almost everyone changes or upgradestheir positions and contradicts their earlier statements and opinions. Existence of facts and evidence is challenged dismissing them as mere rumours or fabrications.

The prefix post signifies the sense of belonging to an era where the specified concept is unimportant or irrelevant. Truth is no longer important or relevant when the world is going through a digital/ information revolution. A world guided by digital fires and clicketivism!! Most of us rely on social media and other online sources for news which may not always be true and are mostly biased, prejudiced and fabricated, but we don't care about it's authenticity. Facebook and almost all other social media platforms run algorithms that feed us news and articles based on what we "like" and it may not have a slightest connection to reality. All this contributes to the post-truth phenomenon are we are part of it before we know. We seem to have awareness of all the things, but the source of this awareness may not be always be based on facts. Facts are replaced by stories and gossip becomes gospel. Also facts are no longer empirical entities, but a kaleidoscopic mix of myths and misunderstandings. Facts are flexible entities which can stretched and shaped into any form depending upon the purpose and a fully manufactured fact no longer resembles its raw form.

The unholy alliance between politics and lies is not something which is unknown to us. Lies does not exist as such in post-truth era as they now don the cap of 'a different version of truth'. Lies like a resolute zombie have finally managed to cover their real ugly face behind these shiny new masks. With the dawn of post-truth era they have manipulated and framed a new slogan for themselves – there is no ultimate truth, but only perspectives of it. But the problem is that in this case there are only 'perspectives' with not a single drop of truth.

Well, is there a cure to this malady? Perhaps Critical Thinking can become a cure. We live in times where there is a tendency to institutionalise everything and critical thinking is no exception from that. This challenges the existence and validity of such a cure. We are instructed on what to think and how to think. Our thoughts and dreams are hijacked from us without us even acknowledging this. In such a scenario post-truth does not face a real challenge to its existence and it will continue to reign as long as our thoughts and essence are shackled.






# മനുഷ്യൻ

നിള ലെനിൻ
ബി.എ. ഇംഗ്ലീഷ്
2-ാം വർഷം

വെളുപ്പുചുറ്റി വിയർപ്പകറ്റി
വളച്ചുകെട്ടാൻ വകുപ്പുനോക്കി
കറുപ്പൊഴുക്കി കണ്ണുമടക്കി
കുടിനീരൊക്കെ കരിനീരാക്കി
പച്ചവെട്ടി പകുത്തുകെട്ടി
പൊട്ടുകുത്തി പണി തുടങ്ങി
ചവച്ചുനോക്കി ചുവപ്പുതുപ്പി
ചരക്കു വിറ്റു ചവർപ്പുമാറ്റി
നീലകണ്ടു നാവുമുണ്ടു
നീണ്ടു നീണ്ടു നാടുതെണ്ടി
മഞ്ഞയെഴുതി മനസ്സുപരതി
മണത്തുമണത്തു മതിലുചാടി









വെയിലുമിരുളുമുരുക്കി
നിനക്കായ് നെയ്തൊഴുക്കിയ വിയർപ്പുവലകൾ,
കുരുക്കെന്നു പറഞ്ഞ്
നീ തൂത്തുനീക്കി
ഒരു വാക്കിൻ മറയിലെന്നെ കുടുക്കിയ
ആ പഴയ നിന്നെയോർത്ത്
ഒരു വല കൂടി നെയ്ത്,
ഞാനതിൽ തൂങ്ങിച്ചത്തു.

നിള ലെനിൻ
ബി.എ. ഇംഗ്ലീഷ്
2-ാം വർഷം

# ചിലന്തി



എത്ര ചുട്ടുപൊള്ളിയിട്ടും
ദലിതന്റെ
നീറ്റൽ അവർ അറിഞ്ഞില്ല എത്ര
വറ്റിവരണ്ടിട്ടും
പെണ്ണിന്റെ കണ്ണീരിന്റെ ഉറവ
വറ്റിയില്ല.ഇതെല്ലാം
കണ്ടു നില്ക്കാൻ ശക്തിയില്ലാതെ
വേനലും വിട പറഞ്ഞു




യാത്രകൾ അങ്ങനെയാണ് ഒരു
നിമിഷമെങ്കിലും നമ്മൾ ആഗ്രഹിച്ചു
പോകും ഈ നിമിഷം അവസാനിക്കാ
തിരുന്നാൽ എന്ന് പക്ഷേ ഇലകൾ
കൊഴിയുക തന്നെ ചെയ്യും. കൊഴിഞ്ഞ്
വീഴുന്ന ഓരോ ഇലയും ഓരോ
ഓർമകളാണ് ആദ്യമായി ഒരുമിച്ച്
നനഞ്ഞ മഴ മുതൽ അവസാനത്തെ
വേനൽ വരെയുള്ള മരിക്കാത്ത
ഓർമ്മകൾ. പൂക്കളും ഇലകളും വിട
പറയുമ്പോഴും ചില ഇലകൾ നമ്മുടെ
ഹൃദയത്തിനോട് ചേർന്ന് നിൽക്കും.
അപ്പോഴാണ് കാമു പറഞ്ഞതു
പോലെ ഇത് രണ്ടാമത്തെ വസന്തം
ആകുന്നത്. ഇലകൾ പൂക്കളാകുന്ന
വസന്ത കാലം ശിശിരകാലത്തിന്റെ
വിരഹങ്ങൾക്കു
നടുവിലുള്ള മരിക്കാത്ത
ഓർമ്മകളിലൂടെയുള്ള
യാത്രയാണിത്.

# The Door

The Harm was done.
But could I leave it broken?
So I sewed up what was
left of my naive heart
In hope that it could heal
I locked all doors that led to it,
Threw the keys to the deep end
I swore I would never fall again
But then you came along
You didn't even need the keys
One touch of yours
And door opened by themselves
for you.
You held me so close
And for a moment
these sears ceased to exist
You healed some with your love
And sealed them with your kiss
And somewhere in between
I fill in love...
But that ray of hope died too soon
And you had to leave
I didn't know who to stop you.
So I stood there helplessly
And as I watched you walk away
I saw my fears come to life
See I have no complaints
Cause you healed a part of me
Which feels like it had been hurting forever
But ever since you walked out
You left these door open
Now the cold hits me
And I'm numb
All over again.

Surya Susheel
I B.Sc Psycology





# അണ്ഡ - ആശയം

നീന മരിയ ജോയ്
ബി. എസ്. സി. ഫിസിക്സ്
3-ാം വർഷം

LIBRARY UNION CHRISTIAN COLLEGE
ALWAYE-2, KERALA

ഒരു കുഞ്ഞു തളിരിലയെക്കാണുമ്പോൾ വിടരുമായിരുന്നു
ഉള്ളിൽ ശരീരം നിഷിദ്ധമെന്നും പറഞ്ഞിട്ടും
മനസ്സിൽ മരിക്കാത്ത മാതൃത്വം
കാലത്തിന്റെ പടർപ്പിൽ ചുവന്നപ്പൂവ് മൊട്ടിട്ടും
ഒരു കുഞ്ഞു പഴമായി മധുരിക്കാതെ
പോയതിന്റെ നൊമ്പരം
കൗമാരം ഒളികണ്ണിട്ടിട്ടും നുണയാതെ പോയ താരാട്ടു
പേറുന്ന തരിശായ മാറുകൾ താങ്ങാമെന്നായിട്ടും
ശൂന്യമായ കൈകളും ഗർഭപാത്രവും
ശിശിരത്തിലെപ്പോലെ പൊഴിഞ്ഞു
പോയിക്കൊണ്ടിരിക്കുന്ന കുഞ്ഞു കുഞ്ഞു
'പാതി മക്കൾ' എന്റെ അണ്ഡങ്ങൾ പിന്നെയും
കുഞ്ഞേന്നിൻ മുഖമീ തളിരിലെ ഹിമകണം
ചുമക്കവേ അറിയാതെ ഗർഭം ധരിക്കുന്നു
മിഴികൾ ആഴികൾ തോൽക്കുന്ന
സൗന്ദര്യമുള്ള കണ്ണീർ തുള്ളികളെ
പെറാനായി...





# ഞങ്ങളുടെ ടി.ബി.ടി...



ടി.ബി.ടി...'തൊമ്മീസ്' എന്നു വിളിപ്പേരുള്ള പെൺപടയുടെ [illegible] ... നീയില്ല... ഉള്ളത് ഞങ്ങൾ മാത്രം. ഇവിടത്തെ ഐക്യവും സഹവർത്തിത്വവും മറ്റു ഹോസ്റ്റലുകളിൽ [illegible] പ്രസിദ്ധമാണ്. സത്യം പറഞ്ഞാൽ ഞങ്ങടെ സ്നേഹം ആരംഭിക്കുന്നത് മെസ്സിലെ തീൻമേശയിൽ നിന്നാണ്. ജൂനിയേഴ്സെന്നോ സീനിയേഴ്സെന്നോ വ്യത്യാസമില്ലാതെ, എല്ലാവരും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്ന 'ഹോസ്റ്റൽ' എന്ന പദവി ടി.ബി.ടി ക്കു സ്വന്തം.

ഞങ്ങടെ ടി.ബി.ടി.യുടെ ചരിത്രത്തിൽ 'അന്നമ്മ മിസ്സിനു' ശേഷം ഒരനാഥത്വം പ്രകടമായിരുന്നു. നാഥയില്ലാതെ അനാഥമായ ടി.ബി.ടി.യെ അന്ന് നയിച്ചത് ഞങ്ങടെ പഴയ സെക്രട്ടറി ആതിരച്ചേച്ചിയായിരുന്നു. അതിനാൽ തന്നെ ടി.ബി.ടി.ക്ക് 'ആതിരേച്ചിയെ' ഒരിക്കലും മറക്കാൻ കഴിയില്ല.

ഇന്ന് ടി.ബി.ടി.യെ കൂടുതൽ ഉയരങ്ങളിലേക്കെത്തിക്കാനായി ഞങ്ങളുടെ കൂടെ 'മാർഗരറ്റ് ലോറൻസ്' എന്ന തൊമ്മീസിന്റെ സ്വന്തം 'മാഗി മിസ്സുണ്ട്'. വന്നിട്ട് കുറച്ചു നാളുകളേ ആയിട്ടുള്ളു എങ്കിൽ കൂടിയും ഇവിടത്തെ ഓരോ പുൽനാമ്പിന്റെ ഭാഷപോലും മിസ്സിനറിയാം ചുരുങ്ങിയ സമയം കൊണ്ട് തന്നെ 'മാഗി മിസ്സ്'ഞങ്ങളുടെ അമ്മയായി തീർന്നിരിക്കുന്നു. ഒരു പി.വി.സി പൈപ്പിന്റെ അകമ്പടിയോടെ വാതിലുകളായ വാതിലുകളെല്ലാം തട്ടി കൃത്യസമയത്തു തന്നെ ഞങ്ങളെ വിളിച്ചെഴുന്നേൽപ്പിക്കുന്ന മിസ്സില്ലാത്തൊരു ടി.ബി.ടി.യെക്കുറിച്ച്, ഒരിക്കലും ചിന്തിക്കാനാവില്ല തൊമ്മീസിന്.

ഈ വർഷം പുതിയ ഭാരവാഹികൾ അധികാരമേറ്റപ്പോൾ 'സെക്രട്ടറിയായി' ടി.ബി.ടീടെ സ്വന്തം ആൺകുട്ടിയും 'കൺടെമ്പററി ഡാൻസറുമായ', രേഷ്മ രാജ്' തിരഞ്ഞെടുക്കപ്പെട്ടു. അസിസ്റ്റന്റ് സെക്രട്ടറിയായി 'സാറ സതീഷ്' കൂടി പ്രഖ്യാപിക്കപ്പെട്ടതോടെ ടി.ബി.ടിയുടെ ചരിത്രത്തിലെ പുതിയൊരേടിന് തുടക്കമായി.

കേട്ടു മടുത്ത 'സൂസിക്കഥകൾക്കും' പറഞ്ഞുതീരാത്ത വിശേഷങ്ങൾക്കുമിടയിൽ ഞങ്ങടെ ടി.ബി.ടീടെ നഷ്ടപ്പെട്ടുപോയ മനോഹാരിത ഇപ്പോഴും ഒരു വേദനയായി തന്നെ അവശേഷിക്കുന്നു. കഴിഞ്ഞ വർഷം വരെ പച്ചപ്പുല്ലും പൂമരങ്ങളും നിറഞ്ഞു നിന്നിരുന്ന ടി.ബി.ടി.യുടെ അങ്കണം ഇന്ന് വെറും സിമന്റും, മെറ്റലും, കമ്പികളും സൂക്ഷിക്കാനുള്ള 'സ്റ്റോർ റൂമായി' മാറിയിരിക്കുന്നു. ആണ്ടിലും സംക്രാന്തിക്കും ഓരോ പ്രോഗ്രാമുകളേ ഉള്ളൂവെങ്കിലും ടി.ബി.ടീടെ മാത്രം സ്വകാര്യ അഹങ്കാരമായിരുന്ന സ്റ്റേജിൽ ഇന്ന് അട്ടിയായിട്ടിരിക്കുന്ന സിമന്റു ചാക്കുകളാണ് കാണാവുന്നത്. ടി.ബി.ടി.യുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മിതിയോനുബന്ധിച്ച് അനേകം ത്യാഗങ്ങൾ സഹിച്ചുകൊണ്ടിരിക്കുകയാണ് ടി.ബി.ടി. 'ഇന്ന് പണി തീരും... നാളെ പണിതീരും...' എന്നിങ്ങനെ കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കുകയാണ് ടി.ബി.ടി.യും തൊമ്മീസും, എങ്കിലല്ലേ ടി.ബി.ടി. പഴയപോലെ മനോഹരിയാവൂ...

# സ്കിന്നർ

'സ്കിന്നർ..... പേരിൽ തന്നെയുണ്ടൊരു നിഗൂഢത, ഒരുതരം രഹസ്യങ്ങളുടെ ചെപ്പ് തുറക്കുന്ന പോലെ.. അതെ സ്കിന്നർ ഹോസ്റ്റലിന്റെ പ്രധാന കവാടം കടന്നെത്തുമ്പോൾ കാണാം ചേച്ചിമാരുടെ ഒരു ആറുപേരോളം അടങ്ങുന്ന സംഘം രാവിലെയുള്ള കട്ടനൊക്കെ കുടിച്ച് മരച്ചുവട്ടിൽ സൊറ പറഞ്ഞിരിക്കുന്നു അവരുടെ ഉറക്കെയുള്ള പൊട്ടിച്ചിരികൾ മുത്തുമാല പൊട്ടി ചിതറി വീഴും പോലെ സ്കിന്നറിന്റെ അന്തരീക്ഷത്തിൽ നിറഞ്ഞു. ലക്ഷദ്വീപിൽനിന്ന് വന്ന ഒരു കൂട്ടം കുട്ടികൾ സീ. സി യിലേക്ക് നോക്കി നിൽക്കുന്നുണ്ടായിരുന്നു. ഗ്രൗണ്ടിൽ ക്രിക്കറ്റിന്റെ കോച്ചിങ് നടക്കുന്നു. ലക്ഷ ദ്വീപ്ഭാഷയിൽ എന്തൊക്കെയോ അവർ പറയുന്നുണ്ട്.

നടന്ന് വിസിറ്റിങ് മുറിയുടെ മുറിയുടെ മുൻപിലേക്കെത്തിയപ്പോൾ ചുറ്റും ഒന്ന് കണ്ണോടിച്ചു പടർന്ന്പന്തലിച്ച് മരവാഴയെക്കെ ചുറ്റിപിടിച്ച് പാമ്പിനെപ്പോലെ വേരുകളൊക്കെ മണ്ണിലൂടെ നീട്ടിവളർന്ന് ആകാശം മുട്ടെ നിൽക്കുന്ന മരങ്ങളാൽ സ്കിന്നറിന് ഒരു തണുപ്പും ഇവിടുത്തെ കാറ്റിന് ഒരു സുഖവും അനുഭവപ്പെട്ടു. സ്കിന്നറിലെ ഒരോ വലിയ മരത്തിനുചുറ്റും ആറേഴുപേർക്കിരിക്കാനാവും വിധം തറകെട്ടിപൊക്കിയിട്ടുണ്ട്.

ആദ്യമായി സ്കിന്നറിന്റെ ഇടനാഴിയിൽ കാലുകുത്തിയപ്പോൾ ഇനിയെന്താണ് ചെയ്യേണ്ടത് എന്ന കൗതുകവും ഭയവും ആണ് അനുഭവപ്പെട്ടത്. ആദ്യമൊക്കെ വീട്ടിൽനിന്ന് മാറിതാമസിക്കേണ്ടിവന്നതിന്റെ ചെറിയ നീറ്റലും വേദ നയും ഉള്ളിൽ കിടന്നിരുന്നു. എന്നാൽ വളരെ ചുരുങ്ങിയ നാളുകൾക്കിടയിൽ തന്നെ ഒത്തിരി ചേച്ചിമാരെയും പിന്നീട് ചേച്ചിമാരുടെ ശാസനയും സ്നേഹംനിറഞ്ഞ ലാളനയും ലഭിക്കുന്നതുകൊണ്ട് വീട്ടിൽ ഇടയ്ക്ക് പോയാൽ തന്നെ ഇത് ചേച്ചികൂട്ടത്തിലേക്ക് തിരിച്ചുവരണമെന്നായി

ഓരോ ഇടനാഴികളിലും പുഞ്ചിരിക്കുന്ന മുഖവുമായി ചേച്ചിന്മാരും മിസ്സുന്മാരും ഉണ്ടായിരുന്നു. പ്രഭാതത്തിലെ ഒരോ പ്രാർത്ഥനാഗീതങ്ങളും മനസ്സിന് ശാന്തിയും സമാധാനവുമേകി. വീട്ടിൽ ഒരു ചെറിയ വട്ടമേശയുടെ ചുറ്റും അച്ഛനും അമ്മയും സഹോദരങ്ങളുമൊത്ത് ഇരിക്കുന്നതിൽനിന്നും വളരെ വിശാലമായ 'മെസ്സ്ഹാളിൽ' 60- ഓളം പേർക്ക് ഒപ്പമിരുന്ന് ഭക്ഷണം കഴിക്കുന്നത് പുതിയ അനുഭവവും രസവുമായിരുന്നു.

ഒരു മുറിയിൽ നാലുപേരുവിതമുള്ളതുകൊണ്ട് പങ്കിടലിന്റെ ഒരു വ്യത്യസ്ത ലോകം തന്നെ കണ്ടു. ഒരോരുത്തരും വീട്ടിൽപോയിവരുമ്പോൾ അച്ചാറും, മാങ്ങ ഉപ്പിലിട്ടതും, കായഉപ്പേരിയും, അച്ചപ്പവും, കുഴലപ്പവും ഒക്കെ കൊണ്ടുവ രും. മുറിയുടെ നടുവിലിരുന്ന് അത് പങ്കിട്ട് കഴിക്കുമ്പോഴുള്ള സുഖം ഒന്നുവേറെതന്നെയാണ്. ഒരോരുത്തരും അവ രുടെ വീട്ടിലെയും നാട്ടിലെയും വിശേഷങ്ങളൊക്കെ പറയും. ചില വിശേഷങ്ങളിൽ ദുഃഖത്തിന്റെ കണ്ണീർതുള്ളികൾ അടർന്നു വീഴുമ്പോൾ ആ കൂട്ടുകാരിയെ ഞങ്ങൾ മാറോടണയ്ക്കും. ചേച്ചിന്മാരാകുമ്പോൾ പനിയൊക്കെവന്നാൽ സ്നേഹത്തോടെ അടുക്കലിരുന്ന് പരിചരിക്കും സ്നേഹിക്കാനും പങ്കിടാനും നമ്മുടെ ചുമട് മറ്റൊരാളുടെ താങ്ങു വാനും ദുഃഖങ്ങളിൽ ആശ്വസിപ്പിക്കാനും സഹായിക്കാനും സഹകരിക്കാനുമൊക്കെ ഒരോ ദിവസങ്ങളിലും സ്കിന്നർ ഹോസ്റ്റലിന്റെ ആത്മാവ് ഞങ്ങളെ പഠിപ്പിച്ചു.

ചില രാത്രികളിൽ നിലാവെളിച്ചമുള്ളപ്പോൾ ജനലുകൾ തുറന്നിട്ടുകൊണ്ട് പ്രേതകഥകൾ പറയും. ചില ദിവസങ്ങളിൽ ഭീതി ഉണർത്തുന്ന ഈ പ്രേതകഥകളും സായ്പ്പിന്റെ കാലത്തുള്ള ചുമരുകളിൽ തളംകെട്ടി നിൽക്കുന്ന നിഗൂഢതയും രക്തം ഊറ്റിക്കുടിക്കുന്ന കൊതുകുകളും സൂക്ഷിച്ചുവയ്ക്കുന്ന ഏത്തപ്പഴം കട്ടു തിന്നു രക്ഷപെടുന്ന ചുണ്ടനെലിയും ബാക്കിയായി. കോളേജിൽ നടക്കുന്ന കായിക മത്സരങ്ങളിൽ വരുന്ന വിജയപരാജയങ്ങളുടെ കണ്ണീരും പുഞ്ചിരിയും ഇവിടുത്തെ ഒരോ മുഖങ്ങളിലും ദൃശ്യമായിരുന്നു. സ്കിന്നറിന്റെ വരാന്തകളിൽ വച്ചിരിക്കുന്ന ഹോക്കി സ്റ്റിക്കുകൾ എന്നും സ്കിന്നറിനൊലങ്കാരം തന്നെയാണ്.

അതിരാവിലെ മഞ്ഞുവീഴുന്ന സമയത്തും സൂര്യന്റെ അസ്തമയചുവപ്പ് സി.സി യിലേക്ക് വീഴുന്ന വൈകുന്നേര സമ യത്തും സ്കിന്നറിൽ നിന്നും ജഴ്സിയും ബൂട്ടും ധരിച്ച് ഹോക്കി സ്റ്റിക്കുമായി സ്പോർട്സ് കുട്ടികൾ വരിവരിയായി പോകുന്നതു ഒന്നുകാണേണ്ടതുതന്നെയാണ്.

സ്കിന്നർ ഹോസ്റ്റലിന്റെ മുറ്റം ഒരു വർഷത്തിൽതന്നെ മുന്നിൽ കൂടുതൽ തവണ പന്തലിച്ച് തോരണങ്ങൾ അണിഞ്ഞ് ഒരുങ്ങാറുണ്ട്. സ്കിന്നറിൽ നടക്കുന്ന ആദ്യത്തെ ചടങ്ങ് അല്ലെങ്കിൽ ആഘോഷം ഒന്നാം വർഷം ചേരുന്ന അനു ജത്തിമാരെ സ്വീകരിക്കലാണ്. "FRESHERS' എന്നു പറയും പിന്നീട് അനുജത്തിമാരും ചേച്ചിമ്മാരും അടങ്ങുന്ന സ്കിന്നർ കുടുംബം ഓഗസ്റ്റ് ആവുമ്പോഴേക്കും FRIENDSHIP DAY യുടെ മധുര സമ്മാനങ്ങൾ കൈമാറും. പിന്നീട് ഓണക്കാലം വരവായി മാവേലിയും ഓണപ്പാട്ടും നാടകവും ഡാൻസും പിന്നീട് ഉഗ്രൻ സദ്യയുമായി ആ ദിവസം സ്കിന്നറിൽ ആരവമായിരിക്കും.

പിന്നീടുള്ള പ്രധാന ആഘോഷം വരുന്നത് ഡിസംബറിലെ തണുപ്പുകാലത്തുള്ള ക്രിസ്മസ്. ക്രിസ്മസ് രാത്രിയും കരോളും ക്രിസമസ് അപ്പൂപ്പനും ടീച്ചേഴ്സിന്റെ വീടുകളിൽ നിന്നുമുള്ള ഒരുപാട് കേക്കുകളുമൊക്കെയായി പാത്രത്തിൽകൊട്ടി കരോളും പാടി അന്ന് ഉറക്കം ഞങ്ങൾ മാറ്റിവയ്ക്കും. അന്ന് ഒരുപാട് സ്വാതന്ത്ര്യത്തിന്റെയും സന്തോഷത്തിന്റെയും സമയമാണ്. എല്ലാവരുടെയും കണ്ണുകൾ അടയും കൈകൾ കൂപ്പും... പുൽകൂട്ടിൽ ഉറങ്ങുന്ന ഉണ്ണിശോയുടെ മുൻപിൽ... '' അടുത്ത പുതുവർഷം നന്നായിരിക്കണേ'' എന്ന് മനസ്സ് നിറഞ്ഞ് പ്രാർത്ഥിക്കാം....

പിന്നീട് വർഷത്തിന്റെ അവസാനം ചേച്ചിമാർക്ക് കൊടുക്കുന്ന യാത്രയയപ്പ്... അവിടെ ചില കണ്ണുകൾ ഈറനണിയും.... ചില സുഹൃത്തുകൾ കെട്ടിപ്പിടിക്കും... ചേച്ചിമാർ സ്നേഹത്തോടെ അനിയത്തിമാരുടെ മൂർദ്ധാവിൽ ചുബിക്കും... ഇനിയും നന്നായി വരണം അനിയത്തിമാരെ നോക്കണം, പഠിക്കണം എന്നൊക്കെ പറയുന്നു... ഒരു വർഷം ചിലപ്പോൾ, ചേച്ചിമാരുടെ സ്കിന്നർ ജീവിതം മുഴുവൻ സ്ക്രീനിൽ പ്രത്യക്ഷപ്പെടുമ്പോൾ ഓർമകൾ പുറകിലേക്ക് സഞ്ചരിക്കും... കാലങ്ങളുടെ പഴ. ചെപ്പിൽ ഓർമകൾ ഇരുന്ന് പൊട്ടിച്ചിരിക്കും... ചിലപ്പോൾ കരയിക്കും... ചിലപ്പോൾ ചുണ്ടുകളിൽ പുഞ്ചിരി വിടർത്തും... ആ രാത്രികളിൽ ചേച്ചിമാരുടെ കണ്ണുകൾ നിറഞ്ഞിട്ടുണ്ടാവും ഒരുപാട് നല്ല ഓർമ്മകളും ബന്ധങ്ങളും തന്ന സ്കിന്നറിനെ വിട്ടുപോകുന്നതോർത്ത്...

ഞായറാഴ്ച്ച വൈകുന്നേരങ്ങളിൽ കോളേജ് ചാപ്പലിൽ നടക്കുന്ന EVENING WORSHIP SERVICE ആ ഒരാഴ്ച്ച ജീവിക്കാനുള്ള ഊർജ്ജവും ഉന്മേഷവും ഉള്ളിൽ പകർന്നുതരുന്നു.

സ്കിന്നർ സമ്മാനിക്കുന്ന സൗഹൃദങ്ങൾ, ആഘോഷരാവുകൾ, ചിട്ടവട്ടങ്ങൾ ഇവയെല്ലാം ഓർമയുടെ ചെപ്പുകളിൽ 'സകിന്നർകുട്ടികൾ' കരുതിവയ്ക്കുന്ന ആമൂല്യമുത്തുകളായി അവശേഷിക്കുന്നു.... കോളേജിന്റെ തുടക്കംമുതലുള്ള സ്കിന്നറിന്റെ ചുമരുകൾ ഒരുപാടു ഇണക്കങ്ങൾക്കും പിണക്കങ്ങൾക്കും സാക്ഷിയായി... ഇന്നും സ്കിന്നറിനകം സജീവമാകുന്നു... സ്കിന്നറിന്റെ കുട്ടികളുടെ പൊട്ടിച്ചിരികളും കളികളും തമാശകളും പിണക്കങ്ങളും ഇണക്കങ്ങളും ഒക്കെനിറച്ചുകൊണ്ട്...

ദാ... സ്കിന്നറിലെ വിളക്കുകൾ അണഞ്ഞു തുടങ്ങി... സ്കിന്നറിലെ ഒരോ കുഞ്ഞുമുഖത്തെയും ക്ഷീണം അയച്ചുവിട്ട് കണ്ണുകൾ ഉറക്കത്തിലേക്കു വഴുതിവീണു... നല്ല ഒരു പ്രഭാതം സ്കിന്നറിനെ തഴുകി വരുന്നത് കാത്ത് സ്കിന്നറിന്റെ ഓർമച്ചെപ്പ് പതുക്കെ മന്ത്രിച്ചു '' സ്കിന്നർ'' - എന്റെ അനുഭൂതി



# EAST HOSTEL

ജീവിതത്തിലെ നിറവർണങ്ങളുടെ സുവർണ്ണ കാലയളവുകൾ,
ഗേറ്റ് തുറന്നു കാൽകുത്തിയപ്പോൾ ഞങ്ങളെ എതിരേറ്റത് കാ
റ്റത്ത് സന്തോഷിച്ച് ആടിയുലഞ്ഞ് പൂത്തുനിൽക്കുന്ന വാക
മരം. അതിന്റെ അറ്റത്തായിരുന്നു മരങ്ങളുടെയും ചെടി
കളുടെയും വാസമായ പച്ചപ്പിന്റെ കുഞ്ഞുലോകമായ
ഞങ്ങളുടെ സ്വന്തം East hostel.


ഉദയസൂര്യന്റെ പൊൻകിരണങ്ങൾ ഏറ്റുവാങ്ങി
പ്രഭാതം പൊട്ടിവിടരുമ്പോൾ ആ മണിമുഴങ്ങും.
പിന്നെ ഓരോ റൂമിലുമായി കതകുകൾ തല്ലിപ്പൊ
ട്ടിക്കുന്ന തരത്തിലുള്ള താളമാണ്. പുറകെ റെജി
മിസ്സിന്റെ വടിയുടെ ശബ്ദവും. മടിയോടെ
എണീറ്റ് നേരെ കടക്കുന്നത് രാവിലത്തെ Studytime
ലേക്ക്. രാത്രിയിലും study-ക്ക് കൃത്യമായ Time
ഉണ്ട്. രാവിലെയും വൈകിട്ടും 7.30 എന്നൊരു
സമയമുണ്ടെങ്കിൽ അത് ഞങ്ങടെ prayer Time ആണ്.
എല്ലാരും ഒന്നിച്ചൊരു പ്രാർത്ഥന. Commom meeting-
നുള്ള Bell-ഉം, 3.30 മുതൽ 6.30 വരെയുള്ള ഞങ്ങടെ
സ്വതന്ത്രവേളകളും TV ഇടവേളകളും, ഇങ്ങനെ ചിട്ടയുള്ള
ഒരു ക്രമീകരണത്തോടെ അലങ്കരിച്ചതാണ് ഞങ്ങടെ East-ന്റെ

ലോകം.

ഏപ്രിൽ, മെയ് മാസങ്ങളിലെ സന്ധ്യയിൽ സുഗന്ധം പരത്താൻ വിരുന്നു
കാരനായി വിടരുന്ന പാതിരാമുല്ല. മഴക്കാലമായാൽ മാവിൽ മൊട്ടിട്ടു
തഴക്കുന്ന മാങ്ങകൂട്ടങ്ങൾ, മുളകും, ചേർത്ത് മാങ്ങ തൊട്ട് കഴിക്കുന്ന നിമിഷ
ങ്ങൾ, പഴുത്തമാങ്ങയായി കഴിഞ്ഞാലോ മാങ്ങ വീഴാൻ തുടങ്ങും. മാങ്ങ ഓരോ രാത്രി
യിലും വീഴുന്ന ശബ്ദം കേൾക്കും. രാവിലെ അത് കഴിക്കുന്നതും സ്വപ്നം കണ്ട് കിടക്കും.
എന്നാൽ രാവിലെ മുറ്റത്ത് മാങ്ങ കാണാൻ കിട്ടില്ല. ചില അവധി ദിവസങ്ങളിൽ തോട്ടിയെടുത്ത്
മാങ്ങ പറിച്ചിടും. എന്നിട്ട് എല്ലാവരും ഒത്തൊരുമിച്ചിരുന്ന് മാങ്ങ പുളി കഴിക്കുമ്പോൾ കിട്ടുന്ന
സ്വാദ്... ചട്ടികളിൽ വേര് പിടിച്ചു തുടങ്ങുന്ന കുഞ്ഞുചെടികൾ വിശാലമായ മണ്ണിലേക്ക് ആഴ്ന്ന് ഇറങ്ങാൻ
കാണിക്കുന്ന തിടുക്കം, മാവിൻകൊമ്പുകളിൽ കൂടി ഉറപ്പിച്ച നീറിൻ കൂട്ടങ്ങൾ, ഉച്ച സമയത്ത് ജനലുതുറന്നു
കിടന്നുറങ്ങുമ്പോൾ വൈകുന്നേരങ്ങളിൽ വിളിച്ചുണർത്താൻ പാറിപറന്നെത്തുന്ന ചെറുകിളികൾ, അവയുടെ
കുസൃതികൾ, എവിടെനിന്നോ അതിഥിയായി ഞങ്ങടെ വീട്ടിൽ എത്തിചേർന്ന പൂച്ചക്ക് Labour room ഒരുക്കികൊടുക്കാൻ
East-ന്റെ റൂമുകൾക്ക് മനസ് വന്നു. East-ന്റെ നടുമുറ്റത്ത് ഓടിനടന്ന പൂച്ചകുഞ്ഞുങ്ങൾ അവയുടെ വികൃതികൾ,
പാതിരാത്രികളിൽ ഉറക്കമിളച്ച് ഇരുന്ന് പഠിക്കുമ്പോൾ ഓരോ മൂലകളിലും ഇരിക്കുന്ന ഓരോരുത്തർക്കും ഒരുപോലെ
ശ്വസിക്കാൻ കഴിക്കുന്ന ശവം കത്തിക്കുന്ന മണം, Badminton അറിയാത്ത ഞങ്ങളെ Badminton പഠിപ്പിക്കാൻ കൊതു
കുകൾ എടുക്കേണ്ടിവന്ന പ്രയത്നം, മുകളിലെ മുറ്റത്തെ പ്ലാവും, പ്ലാവിലെ ചക്കക്കൂട്ടങ്ങളും, താഴത്തെ മുറ്റത്തെ
ഫാഷ് & ഫ്രൂട്ട് ചെടിയും ഇവയെല്ലാം അടങ്ങിയ ഭൂമിയിലെ ഒരു കൊച്ചു സ്വർഗമാണ് ഞങ്ങളുടെ East hostel.

ഞങ്ങൾ ബഹളം വെക്കുമ്പോൾ ശബ്ദം കൂടി പോകുന്നു എന്നതിന് Warning ആയി അടിക്കുന്ന Regi Miss-ന്റെ വടി
യുടെ താളവും, തെറ്റു ചെയ്ത ഞങ്ങൾക്ക് നൽകുന്ന ശകാരങ്ങളും, Common Meetingലെ കൊച്ചു കൊച്ചു വഴക്കുകളും,
രാവിലെയും വൈകിട്ടും റേഡിയോയിൽനിന്നു കേൾക്കുന്ന വാർത്തയും പാട്ടും ഒന്നുമില്ലാതെ ഈ സ്വർഗത്തിന്
ഉണർവ്വില്ല.

കാലങ്ങൾ എത്രയേറെ പിന്നിട്ടാലും, ഓർമയുടെ താളുകൾ മറിക്കുമ്പോൾ, വന്ന വഴികളിലെ കാൽപ്പാടുകളിൽ
തിരയുമ്പോൾ മായാതെ ഓർമിക്കാൻ ഒന്നുമാത്രം ഞങ്ങൾക്ക് സ്വന്തമായുണ്ട്! അരയാൽപോലെ ഞങ്ങൾക്ക് തണ
ലായി നിൽക്കുന്ന ഞങ്ങളുടെ സ്വന്തം East hostel.



# WEST HOSTEL

പടിഞ്ഞാറു ചെമ്പകവും മാവും പൂക്കുന്ന, എട്ടുകെട്ടുള്ള പഴമ പ്രൗഢിയോടെ കാത്തുസൂക്ഷിക്കുന്ന, അനേക രഹസ്യ പരസ്യ സൊറ പറച്ചിലുകൾക്ക് സാക്ഷിയായ നടുമുറ്റം ഉള്ള, കുണ്ടറ സൂസിയുള്ള......... വെസ്റ്റ്........... ഇത് ഒരു കുഞ്ഞു സ്വർഗ്ഗം.......

ഞാൻ അടക്കം ഉള്ളപടിഞ്ഞാറെ പെണ്ണുങ്ങളുടെ ചെറിയ വലിയ ലോകം....... കൂടെ ഈ പെൺപുലികളെ നയിക്കുന്ന ആൻസി മിസ്സും പിന്നെ ഞങ്ങളും.




# സൂസൻ മിസ്സിന്റെ ഗഡികൾ

അതെ! പേരിൽ വന്ന മാറ്റം പോലെ തന്നെയാണ് CTB യുടെ കറന്റ് സ്റ്റാറ്റസ് നന്മയുടെയും വിശുദ്ധിയുടെയും പ്രതീകമായിരുന്നു ഞങ്ങളുടെ സിസ്റ്റർ എന്തെന്നറിയില്ല പെട്ടെന്ന് കിറ്റിന്ത്യാ പ്രഖ്യാപിച്ചു. ആ പോസ്റ്റിലെക്കാണ് നല്ല ഒന്നാന്തരം ക്നാനായ കോട്ടയം അച്ചായത്തി ഞങ്ങളുടെ സൂസൻ മിസ്സിന്റെ എൻട്രി പിള്ളേർക്ക് മിസ് ഒരു അമ്മ തന്നെയാണ് എന്തിനും ഏതിനും സൂസൻ മിസ്സ് മൈൻഡ് ആണ് ന്യൂ ജെൻ ഭാഷയിൽ പറയുവാന്നേൽ ഫ്രീക് മൈൻഡ് ആണ് മിസ്!

പിന്നെ ഹോസ്റ്റലിനെ പറ്റി പറയുവാന്നേൽ നാല്യ ചുമരിൽ ഒതുങ്ങി ഒരു പിടി ഓർമ്മകളും, സങ്കല്പങ്ങളും കൂട്ടിയിണക്കി പറക്കുന്ന വേഴാമ്പലുകൾ ആണ് ഞങ്ങൾ എന്ന് ഓർത്താൽ മക്കളേ ! നിങ്ങൾക്ക് തെറ്റി! ഇവിടെയുള്ള വേഴാമ്പലുകൾ തികച്ചും ഫുഡ് മൈൻഡഡ് ആണ് ഇവിടെ ഏതു പാക്കറ്റ് പൊട്ടിക്കുന്നോ ആ റൂമിലേക്ക് ചേക്കേറും ഈ വേഴാമ്പലുകൾ. ഈ വേഴാമ്പലുകളുടെ വീക്നെസ് ആണ് സിറ്റി ബി യിലെ ടെറസ്.ടെറസിൽ കയറാൻ ഓരോരോ കാരണങ്ങൾ ഡാൻസ് സ്കിറ്റ് മൈമ് എന്നും പറഞ്ഞ് ഒരു പോക്കുണ്ട്

ഭൂലോക തള്ളും,തേപ്പു കഥയും ആണ് പ്രധാന കഥാപാത്രങ്ങൾ മഴ വേറെ ലെവൽ ആണെന്ന് അറിഞ്ഞത്

ഇവിടെയെത്തിയപ്പോഴാണ്. മഴയുടെ കുളിരിൽ ഒപ്പം ചേരാൻ ഒരുപാട് ഹൃദയങ്ങൾ ഉണ്ടാകുന്ന സുഖം! അത് അനുഭവിച്ചറിയേണ്ട ഒന്ന് തന്നെയാണ്.ഓരോരുത്തരുടെ വെറുപ്പിക്കലും, ഇല്ലാത്ത പ്രേതകഥയും. രാത്രി നല്ല നൈസ് ഉറക്കം ആയിരുന്നവരെ വിളിച്ച് എണീപ്പിച് ഉറങ്ങുകയായിരുന്നോ? ഗുഡ്നൈറ്റ് പറയാൻ മറന്നു എന്ന് പറയുന്ന ഞരമ്പുകളും, പിറ്റേന്ന് ആരുടെ ഡ്രസ് കടം വാങ്ങിക്കും എന്ന് ആലോചിച്ച് നേരം വെളുപ്പിക്കുന്ന സുന്ദരികളും ഒക്കെക്കൂടി ഈ ജയിൽ ഒരു സ്വർഗ്ഗം ആക്കി മാറ്റി.ഒരു തണലിൽ കീഴിൽ ഒറ്റമനസ്സായി പാറിപ്പറക്കുന്ന വേഴാമ്പലുകൾ പെരുത്ത് ഇസ്തം ആണ്





# CHACKOS BAND OF BROTHERS

ചാക്കോസ് ഒരു സ്ഥാപനം എന്ന നിലയിൽ തലയെടുപ്പോടെ നിൽക്കുന്ന വാസസ്ഥലസം മാത്രമല്ല അതൊരു വികാരം കൂടിയാണ്. തലമുറകളെ പ്രതിനിധീകരിക്കുന്ന ഒരു കുടുംബമാണ്. അഖിലമായ നിയമങ്ങൾ ഹോസ്റ്റൽ പ്രവർത്തനങ്ങളെ കൂടുതൽ ആവേശത്തോടെ നടത്താൻ കഴിയുന്നു എന്ന കാര്യം ചാക്കോസിന്റെ പൈതൃകത്തെ ഊട്ടിയുറപ്പിക്കുന്നു. ഈ കുടുംബത്തിന്റെ നാഥന്മാരായി സുനിൽ സർ, മഞ്ജുസർ, മനു സർ, റസിഡൻഷ്യൽ വാർഡൻ ജോജോ ശെമ്മാശൻ എന്നിവരുടെ പ്രവർത്തനം ചാക്കോസിന്റെ ഭാവിയെക്കൂടി സുരക്ഷിതമാക്കുന്നു.

ഓണപ്പരിപാടികളുടെ ആവേശം ആറി തണുക്കുമ്പോൾ ക്രിസ്തുമസിന് പടുകൂറ്റൻ സ്റ്റാർ നിർമ്മിച്ച് കോളേജിലെ ആദ്യ സ്റ്റാർ തൂക്കുന്നത് ആവേശത്തോടൊപ്പം ആനന്ദവും നിർവൃതിയും നൽകുന്നു. പരീക്ഷാചൂടിൽ തളരാതെ 'ഇതൊക്കെ എന്ത്' എന്ന മനോഭാവം റിസൽട്ടുകളിലും തെളിഞ്ഞു കാണാം.

സുരേന്ദ്രൻ ചേട്ടന്റെ തനതായ വിഭവങ്ങൾ വയറു മാത്രമല്ല മനസ്സും നിറയ്ക്കുന്നു. അച്ഛനെയോ അമ്മയെയോ സഹോദരങ്ങളെയോ മിസ്സ് ചെയ്യുന്നു എന്ന വിടവ് ചാക്കോസ് കുടുംബം എന്നേ നികത്തുന്നു. സ്വന്തം വസ്ത്രങ്ങളേക്കാൾ കൂടുതൽ ഉപയോഗിച്ചത് കൂട്ടുകാരുടെ വസ്ത്രങ്ങളായിരുന്നു.

ക്രിസ്തുമസ് രാവുകളിൽ മറ്റുഹോസ്റ്റലുകളിലെ (ഗേൾസ് ഹോസ്റ്റൽസ് ഒൺലി) കരോൾ പരിപാടി കൂവി പൊളിക്കുന്ന ചാക്കോസിന്റെ ആധിപത്യം അതിന്റെ പാരമ്പര്യം നിലനിർത്തി കൊണ്ടു പോകുന്നു. വൈവിധ്യങ്ങളിൽ വിവേചനമില്ലാതെയും കറയില്ലാത്ത ബന്ധങ്ങളും ചാക്കോസിന്റെ പിള്ളേരുടെ വലിയൊരു സമ്പാദ്യമാണ്. 2017-ൽ നടത്തിയ സ്നേഹതീരം പരിപാടി അതിനെല്ലാം ഉത്തരം നൽകുന്നു. അന്നു നേരിട്ടു കണ്ട ഒരു അനുഭവം ഇവിടെ കുറിയ്ക്കുന്നു.

50 വർഷങ്ങൾക്കു ശേഷം ചാക്കോസിന്റെ പടവുകൾ കയറിയെത്തിയ ഒരു മനുഷ്യൻ (ചാക്കോസിലെ അന്തേവാസി) ജരാനരകൾ ബാധിച്ചു തുടങ്ങിയ അദ്ദേഹത്തിന്റെ ശരീരവും മനസ്സും 20 കാരന്റെ ആവേശം തിളയ്ക്കുന്ന യൗവ്വനമായി മാറുന്ന മായാകാഴ്ച ഞാൻ അത്ഭുതത്തോടെ നോക്കി നിന്നു. ഒടുവിൽ തന്റെ അനുഭവങ്ങൾ പറഞ്ഞ് യാത്ര പറഞ്ഞകലുമ്പോൾ ഏതോ ഒരു വലിയ നഷ്ടത്തിന്റെ നനവ് ആ കണ്ണുകളിൽ ഞാൻ കണ്ടു. ഒരു വേള ഞാനും ഇറുകെയടച്ചുപോയി എന്റെ ഇമകൾ, ഇതുപോലൊരു തിരിച്ചു വരവിനും കൂടിച്ചേരലിനും ദൈവം എനിയ്ക്കും ആയുസ്സ് നൽകണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട്...

അതെ ചാക്കോസ് ഒരു വികാരമാണ്!

# Zahir



You can see it around the corner. And
Know it will come soon.
Because it's a
Zahir...
A zahir imbibed in reality.
with it's magic, it makes your realize
Whom you love.
Who are to leave nomadic
footprints in your story
Though you try to make it impeccable.
an amalgamation of emotions that you are.
Will make it hard for you.
May be for a day or for uncertainty.
But faced it must be.
Because just has it's good bye.
Pray, this is kept short
Because when you finally
reach the dead end,
Though a zahir invisible to
your selfish mind,
Good bye will be the only reality.

**Fathima Rose**
II BSc. Psychology



# സ്റ്റാൻലി കുബ്രിക്ക്


സിനിമാ ചരിത്രത്തിലെ തന്നെ ഏറ്റവും സ്വാധീനം ചെലുത്തിയ സംവിധായകനായി അറിയപ്പെടുന്ന വ്യക്തിയാണ്.സ്റ്റാൻലി കുബ്രിക്ക്.ചിത്രങ്ങളിൽ പരമാവധി വ്യത്യസ്തത പുലർത്തിയ അദ്ദേഹത്തിന്റെ ഓരോ ചിത്രങ്ങളും അതാതു ജോണറുകളിലെ നാഴികക്കല്ലുകൾ ആണ്.സയൻസ് ഫിക്ഷൻ ചിത്രങ്ങളെ അത് വരെയില്ലാത്ത പുതിയ മാനങ്ങളിൽകൊത്തിച്ച 2001 A Space Odyssey യും. ലോകത്തിലെ മികച്ച ഹൊറർ ചിത്രങ്ങൾ എടുത്താൽ അതിൽ മുൻപന്തിയിൽ നിൽക്കുന്ന ചിത്രമായ വേല വെശിശിഴ എന്നിങ്ങനെ അദ്ദേഹത്തിന്റെ ചിത്രങ്ങളെല്ലാം തന്നെ സിനിമ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ചവയാണ്.

അത് വരെ കണ്ടിട്ടില്ലാത്തത്ര ദൃശ്യ ഭംഗിയോടെയും Visual Effects ന്റെ അകമ്പടിയോടെയും എത്തിയ 2001 A Space Odyssey എല്ല ചിത്രത്തെ പ്രശസ്ത സംവിധായകനായ സ്റ്റീവൻ സ്പീൽബർഗ് വിശേഷിപ്പിച്ചത് സിനിമയിലെ ബിഗ് ബാംഗ് എന്നാണ്. 1968 ഇൽ പുറത്തിറങ്ങിയ ഈ ചിത്രത്തിലൂടെ അദ്ദേഹം Best Visual Effects ഇനുള്ള ഓസ്കാർ നേടുകയും ചെയ്തു.അക്കാലത്തെ പ്രേക്ഷകർക്ക് ഉൾകൊള്ളാൻ സാധിക്കുന്നതിലും വലിയ വീക്ഷണങ്ങളും ചിന്തകളും മുന്നോട്ടു വെച്ച ആ ചിത്രത്തെ അന്നത്തെ പ്രേക്ഷകർ കയ്യൊഴിഞ്ഞെങ്കിലും പിൽക്കാലത്തു വലിയ നിരൂപക പ്രശംസ നേടുകയുായി.ഈ ചിത്രം പുറത്തിറങ്ങി ഒരു വർഷത്തിന് ശേഷമാണു മനുഷ്യൻ യഥാർത്ഥത്തിൽ ചന്ദ്രനിൽ ഇറങ്ങുന്നത്. മനുഷ്യന്റെ ചന്ദ്രയാത്ര തട്ടിപ്പാണെന്നു വിശ്വസിക്കുന്നവരിൽ ഒരു വിഭാഗം മനുഷ്യന്റെ ചന്ദ്ര രംഗങ്ങൾ ഷൂട്ട് ചെയ്തത് കുബ്രിക്കിന്റെ

സഹായത്തോടെ 2001 A Space Odysseyയുടെ സെറ്റിൽ ആണെന്ന് ഇപ്പോളും കരുതുന്നുണ്ട്.

എപ്പോളും നിലവിലുള്ള ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ തന്നെ തന്റെ ചിത്രങ്ങളിൽ ഉൾപെടുത്താൻ താല്പര്യം കാണിച്ചിരുന്ന കുബ്രിക്ക് Barry London എന്ന തന്റെ ചിത്രത്തിൽ ഉപയോഗിച്ചത് Zeiss കമ്പനി നാസയ്ക്കു വേണ്ടി നിർമിച്ച ലെൻസുകൾ ആണ്.അതുപോലെ തന്നെ the Shining എന്ന ചിത്രത്തിലാണ് സ്റ്റെഡിക്യാം ആദ്യമായി ഉപയോഗിക്കപ്പെടുന്നത്.പൊതുവെ ഒരു പെർഫെക്ഷനിസ്റ് ആയി അറിയപ്പെട്ടിരുന്ന അദ്ദേഹം തന്റെ ചിത്രങ്ങളുടെ എല്ലാ മേഖലകളിലും കൈ കടത്താറുായിരുന്നു. രചന സംവിധാനം എഡിറ്റിംഗ് എന്നിവ കൂടാതെ അദ്ദേഹം അഭിനേതാക്കളോടു ചേർന്ന് നിന്നു കൊണ്ട് അവരിൽ നിന്നും ആവിശ്യം ഉള്ളത്ര അഭിനയ മികവ് അവരെ കൊണ്ട് പുറത്തെടുപ്പിക്കാനും ശ്രമിച്ചിരുന്നു അത് കൊണ്ട് തന്നെ അദ്ദേഹത്തോടൊപ്പം സിനിമകൾ ചെയ്യുന്നത് മിക്ക നടീനടന്മാർക്കും ബുദ്ധിമുട്ടുള്ള കാര്യവും ആയിരുന്നു.തന്റെ ഓരോ ചിത്രവും ധാരാളം റിസേർച്ചിനും ബാക് ഗ്രൗണ്ട് വർക്കുകൾക്കു ശേഷവും ആയിരുന്നു അദ്ദേഹം അണിയിച്ചൊരുക്കാറുണ്ടായിരുന്നത്.അത്തരത്തിൽ അദ്ദേഹം ധാരാളം ഗവേഷങ്ങൾ നടത്തിയ ഒരു ചിത്രം ആയിരുന്നു നെപ്പോളിയൻ. അദ്ദേഹം തിരക്കഥ രചിക്കുകയും കാസ്റ്റിംഗ് നടത്തുകയും ചെയ്ത ആ ചിത്രം നിർമാണ കമ്പനി പിന്മാറിയതിനെ തുടർന്ന് ഉപേക്ഷിക്കുകയായിരുന്നു.ആ ചിത്രം പുറത്തിറങ്ങിയിരുന്നുവെങ്കിൽ ബെൻ-ഹർ പോലെയോ അല്ലെങ്കിൽ അതിലുമപ്പുറമോ നിർണായകമാവുന്ന ചരിത്ര സിനിമയായി ആ ചിത്രം മാറിയിരുന്നേനെ.

# സ്റ്റീവൻ സ്പീൽബെർഗ്



സംവിധാനം ചെയ്ത ചിത്രങ്ങളുടെ വ്യത്യസ്തതയുടെ കാര്യത്തിൽ സ്റ്റാൻലി കുബ്രിക്കിനു ഒപ്പമോ അതിനു മുകളിലോ നിൽക്കുന്ന സംവിധായകനാണ് സ്പിൽബെർഗ്. ജുറാസിക് പാർക്ക് പോലെ ഒരു ആക്ഷൻ അഡ്വെഞ്ചർ ചിത്രത്തിന് പിന്നിലും ഷിൻഡ്‌ലേഴ്സ് ലിസ്റ്റ് പോലെ ഒരു ക്ലാസിക്കിന് പിന്നിലും അത് പോലെ അഡ് വെഞ്ചേഴ്സ് ഓഫ് ടിൻടിൻ പോലെ ഒരു കോമിക് ബേസ്ഡ് അനിമേഷൻ ചിത്രത്തിന് പിന്നിലും ഒകെ ഒരാൾ തന്നെ ആണെന്ന് വിശ്വസിക്കാൻ തന്നെ പ്രയാസമാണ്. ന്യൂ ഹോളിവുഡ് എന്ന പേരിൽ അറിയപ്പെടുന്ന ഹോളിവുഡിലെ ആധുനിക യുഗത്തിന്റെ സ്ഥാപകരിൽ ഒരാളായി അദ്ദേഹം കരുതപ്പെടുന്നു.ബ്ലോക്കബ്സ്റ്റർ എന്ന പദം കൊണ്ട് ആദ്യമായി വിശേഷിപ്പിക്കപ്പെട്ട Jaws ഉം ജുറാസിക് പാർക്കും E.T. യും അടക്കം അദ്ദേഹത്തിന്റെ പല ചിത്രങ്ങളും ഇൻഡസ്ട്രിയൽ ഹിറ്റുകൾ ആണ്.

തന്റെ 12-ആം വയസ്സിൽ കളി
പ്പാട്ട ട്രെയിനുകൾ ഉപയോഗിച്ച് കൊണ്ട് ഒരു അഡ്വെഞ്ചർ ചിത്രം നിർമിച്ചു കൊണ്ട് സിനിമ ലോകത്തേക് ചുവടു
വെച്ച അദ്ദേഹത്തിന്റെ ആദ്യ സ്വതന്ത്ര ചിത്രം 16-ആം വയസ്സിൽ 500 ഡോളർ ചിലവിൽ അദ്ദേഹത്തിന്റെ പിതാവ്
നിർമിച്ച

Firelight ആണ്. അദ്ദേഹത്തിന്റെ വീടിന് അടുത്തുള്ള സിനിമ തീയറ്ററിലെ ഒരു വൈകുന്നേരം പ്രദർശനത്തിലൂടെ തന്നെ ആ ചിത്രം മുടക്കു മുതൽ തിരിച്ചു പിടിച്ചു.

സ്റ്റാർ വാർസിന്റെ സൃഷ്ടാവ് ജോർജ് ലൂക്കാസുമായി ചേർന്ന് ഹാരിസൺ ഫോർഡിനെ നായകനാക്കി അദ്ദേഹം
സൃഷ്ടിച്ച ഇന്ത്യാന ജോൺസ് ഫ്രാൻഞ്ചസ് വലിയ തരംഗം സൃഷ്ടിച്ചു.

2 -ആം ലോക മഹായുദ്ധദിന്റെ സമയത്തെ ജൂത കൂട്ടക്കൊലയെ പശ്ചാത്തലമാക്കി എടുത്ത ഷിൻഡ്‌ലേഴ്സ്
ലിസ്റ്റ് എന്ന ചിത്രം മികച്ച ചിത്രം മികച്ച സംവിധായകൻ എന്നീ ഗണങ്ങളിൽ ഓസ്കാർ നേടിയിരുന്നു.ഇത് കൂടാതെ
മറ്റൊരു വാർ മൂവി ആയ സേവിങ് പ്രൈവറ്റ് റയാൻ എന്ന ചിത്രത്തിനും മികച്ച സംവിധായകനുള്ള പുരസ്കാരം
അദ്ദേഹം സ്വന്തമാക്കി.

[illegible]



# അയാൾ ഞാനാണ്

ക്യാമ്പസ്സ് ജീവിതം അത് എവർക്കും ആഘോഷമാണ്, ആനന്ദമാണ്. പക്ഷെ എനിക്കു മാത്രമെന്തെ ഇത് പറ്റുന്നില്ല എന്ന് ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. ഒന്നും സന്തോഷിക്കാൻ കഴിയുന്നില്ല. എന്റെ വിഷമങ്ങളും സങ്കടങ്ങളും മനസ്സിലാക്കുന്ന ഒരേയൊരു കുട്ടികാരിയെ എനിക്കുള്ളു. അവളാണ് ഗൗരി. പക്ഷെ അവൾ പലപ്പോഴും പറഞ്ഞിട്ടും എനിക്കൊന്നും തന്നെ മറക്കാൻ സാധിക്കുന്നില്ല. എന്താണ് അതിന്റെ കാരണമെന്നോ, എന്തുകൊണ്ടെന്നോ എനിക്കറിയില്ല. ഗൗരി പലപ്പോഴും എന്നെ പുതുജീവിതത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഞാൻ പലപ്പോഴും ഒഴിഞ്ഞുമാറുകയാണ്.

പിന്നെ ഞാൻ ഏറെ ഇഷ്ടപ്പെടുന്ന അധ്യാപിക, മേരി ടീച്ചർ ഒരു വർഷമേ ആയിട്ടുള്ളു ആ കോളേജിൽ എത്തിയിട്ട്. പക്ഷെ മിക്ക കുട്ടികൾക്കും ആ ടീച്ചറെ അത്രക്ക് ഇഷ്ടമാണ്. പഠിപ്പിക്കുന്ന രീതിയാണെങ്കിൽ, പറയുന്ന സംസാരമാണെങ്കിലും എല്ലാത്തിനും ഒരു അമ്മ പറയുന്നപോലെയുണ്ട്. ക്ലാസിലെ കുട്ടികളെ മക്കളായാണ് ടീച്ചർ കാണുന്നത്. പക്ഷെ ഇതുവരെ ടീച്ചർറോട് നേരിട്ട് സംസാരിക്കാൻ എനിക്ക് ഭയമാണ്. ആ ടീച്ചർറോട് മാത്രമല്ല ആരോടായാലും. മേരിടീച്ചർ എല്ലാവരോടും നന്നായി ഇടപഴകുന്നു. അതിലൊന്നും ഇടപെടാതെ ഞാൻ എപ്പോഴും ഒരു മൂലയ്ക്ക് ഇരുന്നുപോകും. പലപ്പോഴും ടീച്ചർ എന്നെ ശ്രദ്ധിക്കുന്നുണ്ടെന്ന് എനിക്ക് തോന്നാറുണ്ട്. ഒരു ദിവസം ഞാൻ ക്ലാസ്സിൽ ഒറ്റക്കിരിക്കുമ്പോൾ ടീച്ചറും ഗൗരിയുംകൂടി എന്റെ അടുക്കലേക്ക് വന്നു. എന്നിട്ട് പറഞ്ഞു. ''എന്തെ നീ എപ്പോഴും ഇങ്ങനെ മൂഡ് ഔട്ട് ആയി ഇരിക്കുന്നത്'' ടീച്ചർ ചോദിച്ചു. ഞാൻ ഒന്നും പറഞ്ഞില്ല, തല കുനിച്ചിരുന്നു. ''അജിത്ത് നിന്നോടാണ് ഞാൻ ചോദിച്ചത്, ഗൗരി എല്ലാം എന്നോട് പറഞ്ഞു'', ടീച്ചർ ചെറുപുഞ്ചിരിയോടെ പറഞ്ഞു. ഞാൻ ഗൗരിയെ ഒന്നു നോക്കി. അവൾ തലകുനിക്കുന്നത് ഞാൻ കണ്ടു.

''അവളുടെ മുഖത്തു നോക്കണ്ട, ഞാൻ നിർബന്ധിച്ചപ്പോഴാണ് അവൾ പറഞ്ഞത്, ഞാൻ പറയാൻ വന്നത് മറ്റൊരു കാര്യമാണ്. ഈ വരുന്ന ആർട്ട്സ് ഡേയ്ക്ക് നീ കഥയെഴുതണം'' ടീച്ചർ പറഞ്ഞു. ഞാൻ ഞെട്ടി.

''എഴുതണം, ഡാ പ്ലീസ്''. ഗൗരി പറഞ്ഞു. ഞാൻ ഒന്നും പ്രതികരിച്ചില്ല.''

''എപ്പോഴെങ്കിലും ഇങ്ങനെയൊന്നും ഇരിക്കാതെ, ഒന്നു ഉഷാറാവ്. എല്ലാം എനിക്കറിയാം. എനിക്കുവേണ്ടി നീ എഴുതണം'' ടീച്ചർ പറഞ്ഞു. മനസ്സില്ലാമനസ്സോടെ ഞാൻ മൂളി.

ആ ദിവസം വന്നെത്തി. കഥ രചനയ്ക്കുള്ള സമയം അനൗൺസ് ചെയ്തു. ക്ലാസ്സിൽ നിന്നു ഞാൻ എഴുന്നേറ്റപ്പോൾ എല്ലാവരും എന്നെ നോക്കി. ദീപ്തി പിറുപിറുക്കുന്നുണ്ടായിരുന്നു. പലരു ഞെട്ടുന്നുണ്ടായിരുന്നു. ടീച്ചർവന്നു എന്റെ ചെവിയിൽ പറഞ്ഞു. '' ഓൾ ദ ബെസ്റ്റ്''.

ഞാൻ നടന്നു.

മുറിക്കുള്ളിൽ എത്തി. അവിടെ ഡ്യൂട്ടിയ്ക്കുണ്ടായിരുന്നത് ശങ്കരൻ മാഷ് ആയിരുന്നു. കഴിഞ്ഞവർഷം ആ സാർ ആയിരുന്നു ക്ലാസ്സ് ചാർജ്. സാർ ഒരു പുച്ഛത്തോടെ ചോദിച്ചു. ''നീ കഥയൊക്കെ എഴുതോ?''

അവിടെയുണ്ടായിരുന്നവരെല്ലാവരും ചിരിച്ചു. ഞാൻ മൗനം പാലിച്ചു. എനിക്ക് നൽകിയ സീറ്റിൽ ഞാൻ ഇരുന്നു. എന്റെ തൊട്ടടുത്ത് വിശാഖ് ഉണ്ടായിരുന്നു. അവനാണ് കോളേജിൽ മിക്കപ്പോഴും സമ്മാനം വാങ്ങാറ്. അവനൊന്ന് ചിരിച്ചു. ഞാൻ ആരെയും നോക്കിയില്ല. ഞാൻ എഴുതാൻ ആരംഭിച്ചു. പക്ഷെ എന്ത് എഴുതണമെന്ന് അറിയില്ല. കൈ വിറയ്ക്കുന്നുണ്ടായിരുന്നു. എന്തും വരട്ടെ എന്ന് വിചാരിച്ചു ഞാൻ എഴുതി തുടങ്ങി.

ധൃതിയിൽ ഓടുകയാണ് അവൻ. പാടത്ത് വരമ്പിലൂടെ വേഗം ഓടുന്നു അവൻ. ''ഉപ്പുപ്പാ പഞ്ചസാരയെടുക്കോ,'' ''ഓഹോ, കുട്ടൻ വന്നോ, ഇപ്പാ എടുക്കാം.'' ചെറുപുഞ്ചിരിയോടെ കുട്ടൻ ഉപ്പുപ്പയെ നോക്കി. ''മോനെ 29 രൂപാ, ഒരു രൂപയ്ക്ക് മിഠായി എടുക്കട്ടെ'' ''എടുത്തോ, ഉപ്പുപ്പാ'' എന്ന് പറഞ്ഞു. അവൻ ഓടി. വീട്ടിൽ പഞ്ചസാര കൊണ്ടുവച്ചതും അവൻ ഓടി. അവൻ എത്തിയത് ഒരു മാവിൻചുവട്ടിലേക്കായിരുന്നു. അവിടെ അവനെ കാത്ത് അവൾ ഉണ്ടായിരുന്നു അവന്റെ കളിക്കൂട്ടുകാരിയായ അമ്മു.

''കുട്ടാ, എന്താ വൈകിയേ'', എന്നവൾ പറഞ്ഞപ്പോൾ. വേഗം വാ അമ്മുക്കുട്ടി മാവിൻകൊമ്പത്ത് കേറാം എന്ന് പറഞ്ഞു; ഇരുവരു കയറി ഇരുന്നു. അതിനുശേഷം പോക്കറ്റിൽനിന്നും ഒരു മിഠായി കുട്ടൻ എടുത്ത് പാകത്തു. ഒന്ന് അമ്മുവിന് കൊടുത്തു. ''ഹോ എന്തു രുചി, നല്ല മിഠായി'' അവൾ ആവേശത്തോടെ കഴിച്ചു. ''എന്താ ഇനിയും വേണോ'' കുട്ടൻ ചോദിച്ചു.

വേണം എന്ന മറുപടി കേട്ട് കുട്ടൻ അവന്റെ പാതി അവൾക്ക് നീട്ടി.

''നീ കഴിച്ചോ.''

''അപ്പോ നിനക്ക് വേണ്ടെ, കുട്ടാ'' എന്നവൾ പറഞ്ഞു.

''സാരുല്ലാ, നീ കഴിക്ക്'' പറഞ്ഞയുടൻ അവൾ കഴിച്ചു

''വാ നമുക്ക് വല്ലതും കളിക്കാം'' എന്നു പറഞ്ഞുതീരുംമുൻപേ ഒരു വൃദ്ധ അവിടെയ്ക്കെത്തി.

''നിന്നോടു പറഞ്ഞതല്ലേ, അമ്മു ഇവിടെ വരരുതെന്ന്. ഈ ചെക്കന്റെ ഒപ്പം കളിക്കണ്ടെന്ന്'' വൃദ്ധ പറഞ്ഞു.

''വാ ഇങ്ങട്'', അമ്മൂന്നെ പിടിച്ച് വൃദ്ധ കൊണ്ടുപോയപ്പോൾ, അവന്റെ കണ്ണിൽ നിന്നും വെള്ളം വന്നു. അവൻ വീട്ടി ലെത്തി കിടപ്പിലായി. ''മോനെ, കുട്ടാ എന്താടാ'' അമ്മയെത്തി. അവൻ ഒന്നും പറയാതെ കരഞ്ഞു ഉറങ്ങിപ്പോയി. പിറ്റെദിവസം മാവിൻചുവട്ടിൽ എത്തിയപ്പോൾ അവൾ അവിടെ ഉണ്ടായില്ല. അടുത്ത ദിവസവും അവൾ വന്നില്ല. പിന്നൊരിക്കലും അവൾ കുട്ടനെ കാണാൻ വന്നില്ല. ''ചെക്കന്റെ ആവേശം ഒക്കെ പോയല്ലേ, അമ്മൂന്നെ കാണാൻ നാളെ നമുക്ക് പോവാട്ടാ'' അമ്മ അവനെ സമാധാനിപ്പിച്ചു. പെട്ടെന്ന് ഒരു ഫോൺകോൾ, അതു അമ്മൂടെ ആയിരുന്നു.

''ഹലോ, ഞാൻ അമ്മുവാണ് അമ്മേ''

''ഓ നിയോ, നീ എന്തേ വിളിച്ചത്, കുട്ടൻ വിഷമിച്ചു കിടക്കാ.'' അമ്മ പറഞ്ഞു

''ഓ അതേയോ, നാളെ അവനോട് വീട്ടിൽ വരാൻ പറാ. എന്റെ പിറന്നാളാണ്.'' അവൾ പറഞ്ഞു.

''തീർച്ചയായും പറയാം.'' ഫോൺ കട്ട് ചെയ്തശേഷം കുട്ടന്റെ റൂമിൽ എത്തി. അവൻ നല്ല ഉറക്കം ആയിരുന്നു. കുട്ടനെ എഴുന്നേൽപ്പിച്ച് കുട്ടനോട് അമ്മ പറഞ്ഞു. അമ്മു വിളിച്ചാർന്നു. നിന്നോട് നാളെ ചെല്ലാൻ. ഇതുകേട്ടതും കുട്ടനു ആവേശമായി. അവൻ വേഗം പിന്നാംപുറത്തു പോയി എന്തൊക്കെയോ തപ്പി. അവൻ അവൾക്കായി എടുത്തു വച്ച സമ്മാനം ആയിരുന്നു. അതൊരു പൊതിക്കുള്ളിൽ വച്ച് പകൽ ആവുന്നത് വരെ കാത്തിരുന്നു.

രാവിലെ എഴുന്നേറ്റ് വേഗം റെഡിയായി അമ്മുക്കുട്ടിയുടെ വീട്ടിലേക്ക് അവൻ നടന്നു. വീട്ടിലെത്തിയപ്പോൾ അവ നൊന്ന് പതറി. നിറയെ ആൾക്കൂട്ടം. പിറന്നാൾ ആയതിനാലായിരിക്കും എന്നവൻ കരുതി. അവൻ സമ്മാനം മുറുകെ പിടിച്ചു. അവൻ നടന്നു. നിലവിളി ശബ്ദം അവന് കേൾക്കാം. ആളുകൾ പിറുപിറുക്കുകയാണ്. അവന്റെ കാതിൽ പലതും മന്ത്രിച്ചു. വീടിന്റെ പടിവാതിൽ ചവിട്ടി ഉള്ളിലേക്ക് കയറി. അവൻ ഞെട്ടി. അവന് കണ്ണുകളെ വിശ്വസിക്കാന ായില്ല. ഒരു നിമിഷത്തേക്ക് അവനൊന്നും കേൾക്കാനായില്ല. ആകെ കണ്ടത് വെള്ള പുതപ്പിച്ച അമ്മുക്കുട്ടിയുടെ ശരീരം മാത്രം. അവളുടെ അച്ഛനും അമ്മയും മരണശേഷം അവൾക്ക് കൊടുത്ത സമ്മാനം. അവൾക്ക് വാങ്ങിച്ച സമ്മാനപ്പൊതി അവന്റെ കയ്യിൽനിന്നും പൊട്ടി വീണു. അവൻ കരഞ്ഞില്ല. അത് കളിമണ്ണുകൊണ്ടുണ്ടാക്കിയ ഒരു പ്ര

തിമയായിരുന്നു. അവൻ കരഞ്ഞില്ല. ഒന്നും പറഞ്ഞില്ല. അവൻ ഓടി. വീണ്ടും ഓടി മാവിൻ ചുവട്ടിലേക്ക് നോക്കി. ഒരു മിനിറ്റ് നോക്കി നിന്നതിനുശേഷം അതിന്റെ മുകളിലേക്ക് കയറി. ചില്ലയിൽ കുറച്ചുമാറി ഇരുന്നു. അവിടെ അവന്റെ അമ്മുക്കുട്ടിയാണ് ഇരിക്കാറ്. ചില്ലയിൽ വച്ച് അവൻ കരഞ്ഞു. ആർത്തുലച്ചു കരഞ്ഞു. ആ നിലിവളി കേട്ടത് ആ മാവും പിന്നെ നിഴലുപോലത്തെ അവന്റെ അമ്മുക്കുട്ടിയും."

പേന താഴെ വച്ചു. പേപ്പർ നൽകിയശേഷം വരാന്തയുടെ ഇടവഴിയിലൂടെ അവൻ നടന്നു. ഇന്ന് ഞാൻ എഴുതി ജീവിതമെന്ന് എന്നെ പഠിപ്പിച്ചവർക്കുവേണ്ടി. ആ മിഠായി നുണയുമ്പോൾ അവളുടെ നുണച്ചിരി എന്റെ മനസ്സിലുണ്ട്. വെള്ള പുതച്ച ശരീരം ഇപ്പോഴും എന്റെ ഓർമ്മകളിൽ. നിലവിളി ശബ്ദം ഇപ്പോഴും എന്റെ ഓർമ്മകളിൽ ഞാൻ കേൾക്കുന്നു. ആ തേന്മാവ് ഞാൻ മറന്നിട്ടില്ല. കാരണം അമ്മുക്കുട്ടിയെ സ്നേഹിച്ച ആ പന്ത്രണ്ടു വയസ്സുകാരൻ കുട്ടൻ ഈ ഞാനാണ്.

ദീപക് ആർ കൃഷ്ണ
ബി. എസ്. സി. കമ്പ്യൂട്ടർ സയൻസ്
1- ാം വർഷം

# നാം കണ്ട നിറം

ആറടി നീളമുള്ള പത്തലുവെട്ടി
പത്തലിൻ തുഞ്ചത്തു തുണിയും കെട്ടി
തുണിയുടെ നിറം ചൊല്ലി മതിലു പണിഞ്ഞൊരു നാം.
ഇടവും വലവും പച്ചയും കാവിയും-
വാളേന്തി നിന്നൊരു കാലമാണ്.
ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്നത്
പല പല അർഥങ്ങളിൽ വീക്ഷിച്ചു നാം
കാടിന്റെ മക്കൾ, നാടിന്റെ മക്കളായപ്പോൾ
കൂടെ കുട്ടിയൊരു പരിഷ്ക്കാരം, മതഭ്രാന്ത്...
മരിച്ചു ഞാൻ,
        മരിക്കും നീ...
മറുനിറം കൈക്കൊണ്ട് നീ എന്നെ വധിച്ചപ്പോൾ
വിധിയുടെ വിളയാട്ടം അറിയുക നീ
ഞാൻ ഏന്തിയ കൊടി കൈമാറിക്കിട്ടിയോരെന്റെ
സന്താനം, നിന്റെ ചങ്കിലേകുന്ന അവസാനത്തെ വെട്ടിൽ
കണ്ടുമുട്ടാം നമുക്കിവിടെ.
പരലോകത്തുന്നൊരു കത്തിത്
വായിക്കുക നീ...




റസൽ വി.ആർ
ബി. എസ്. സി. കമ്പ്യൂട്ടർ സയൻസ്
2- ാം വർഷം

# ഇത് കവിതയാണോ?



'ഒരു കവിത എഴുതാമോ?' എന്ന്
അവൻ എന്നോടു ചോദിച്ചു.
ഞാൻ എഴുതി.
'ഇതാണോ കവിത!' എന്ന്
എന്റെ കവിത വായിച്ചിട്ട് അവൻ വീണ്ടും ചോദിച്ചു.
എന്താ...? ഇത് കവിത ആയിക്കൂടെ?
കവിത എഴുതുമ്പോഴാണോ കവി കവിയാകുന്നത്?
ഒന്നു ചോദിച്ചോട്ടെ എന്താണ് കവിതകൊണ്ട് ഉദ്ദേശിച്ചത്?
കാവ്യാത്മകമായ എന്തും കവിതയാണോ?
എന്നാൽ കിളികളല്ലേ ഏറ്റവും നല്ല കവി
പുഴയല്ലേ ഏറ്റവും നല്ല കവിത...
ഇപ്പോൾ കിളികളും ഇല്ല പുഴകളും ഇല്ല
കവിതയും കവിയും ഇല്ലാതായപോലെ

സാറാ സജി
ബി. എ. ഇംഗ്ലീഷ്
2-ാം വർഷം

# യൂണിയൻ റിപ്പോർട്ട് 2016-17

2016-17 അദ്ധ്യായന വർഷത്തെ കലാലയ യൂണിയൻ തിരഞ്ഞെടുപ്പ് 2016 സെപ്റ്റംബർ 8ന് നടന്നു. പ്രബുദ്ധരായ യൂസിയൻ സമൂഹം ഏറ്റവും അർഹരായ 13 പേരെ തിരഞ്ഞെടുത്തു.

യൂണിയൻ ഭാരവാഹികളുടെ സത്യപ്രതിജ്ഞ സെപ്റ്റംബർ 22ന് വി.എം.എ. ഹാളിൽ വച്ച് നടത്തപ്പെട്ടു. സസ്യശാസ്ത്ര വിഭാഗം അദ്ധ്യാപിക ഡോ. താര കെ. സൈമൺ സത്യവാചകം ചൊല്ലിക്കൊടുത്തു.

കലാലയ യൂണിയന്റെ പ്രവർത്തനങ്ങൾക്ക് ഊർജം പകരാൻ സനുസാം (ജനറൽ ക്യാപ്റ്റൻ), മുഹമ്മദ് ആഷിഖ് ടി.എ. (പ്ലാനിങ് ഫോറം), ആൽഫിയ എം.എച്ച് (ക്വിസ് ക്ലബ്), അരുൺ ജോർജ് ടി (ഡിബേറ്റ് ക്ലബ്), ജോർജ് ജോസ് (സിനി ക്ലബ്), മായാദേവി സി.ആർ (എസ്.സി/എസ്.ടി പ്രതിനിധി), എൽദോസ് കെ.സണ്ണി (കാന്റീൻ സെക്രട്ടറി), ജെൻസൺ ജോസ് (മീഡിയ ക്ലബ്), അക്സ മരിയ ബാബു (ലിറ്ററി ക്ലബ്) എന്നിവരെ നാമനിർദ്ദേശം ചെയ്തു.

മനശാസ്ത്രവിഭാഗം അധ്യാപിക ശ്രീമതി സൈന സൂസൺ എബ്രാഹാം യൂണിയൻ സ്റ്റാഫ് അഡ്വൈസറായി സ്ഥാനമേറ്റു. ഡോ. വി.പി.മാർക്കോസ്, ശ്രീ സിജിൻ കെ. പോൾ, ശ്രീ ആൽവിൻ അലക്സാണ്ടർ എന്നിവർ യഥാക്രമം ആർട്സ് ക്ലബ് അഡ്വൈസർ, ഓണററി ട്രഷറർ, മാഗസിൻ സ്റ്റാഫ് അഡ്വൈസർ എന്നീ പദവികൾ ഏറ്റെടുത്തു.

* കലാലയ യൂണിയന്റെ നേതൃത്വത്തിൽ 2016 നവംബർ 1 ന് വി.എം.എ. ഹാളിൽ വച്ച് കേരളപിറവി ദിനാഘോഷം നടന്നു. വിവിധ ഡിപ്പാർട്ട്മെന്റുകൾ തമ്മിൽ ഏറ്റുമുട്ടിയ മത്സരത്തിൽ മികച്ച അവതരണത്തിലൂടെ മനശാസ്ത്ര വിഭാഗം ഒന്നാമതെത്തി.
* കേളേജിന്റെ കലാസാംസ്കാരിക വേദിയായ സ്വരലയയും കലാലയ യൂണിയനും സംയുക്തമായി വി.എം. എ ഹാളിൽ വച്ച് നവംബർ 2ന് ഒരു പെയിന്റിങ് മത്സരം സംഘടിപ്പിച്ചു. രണ്ടാം വർഷ മലയാള ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളായ നിതിനും അമൃതയും ഒന്നാം സ്ഥാനം കരസ്ഥമാക്കി.
* യൂസിയിലെ മികച്ച ഗായകനെ തിരഞ്ഞെടുക്കാൻ 2016 നവംബർ 3ന് വോയ്സ് ഓഫ് യുസി കച്ചേരി മാളികയ്ക്ക് മുന്നിൽ വച്ച് നടന്നു. 50 ഓളം വിദ്യാർത്ഥികൾ മാറ്റുരച്ച പരിപാടിയിൽ ഒന്നാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥി ജോൺ ബാബുവും രണ്ടാം വർഷ ബിറ്റി. ആൻഡ് എസ്. പി. വിദ്യാർത്ഥിനി ജിയ.ജെയും വിജയികളായി തിരഞ്ഞെടുത്തു.
* 2016 നവംബർ 4ന് ടി.ബി.നൈനാൻ ഹാളിലും മിത്രാപുരത്തുമായി മലയാളം, ഇംഗ്ലീഷ് പ്രസംഗമത്സരം നടന്നു.
* കിസ് ക്ലബ്ബിന്റെ ഉദ്ഘാടനവും കിസ് മത്സരവും നവംബർ 7ന് വി.എം.എ.ഹാളിൽ വച്ച് നടന്നു. രണ്ടാം വർഷ സാമ്പത്തിക ശാസ്ത്ര ബിരുദവിദ്യാർത്ഥി കെ.ആർ. രാജേഷ്, ഒന്നാം വർഷ ആംഗലേയ സാഹിത്യവിദ്യാർത്ഥി ദീപക് എന്നിവർ യഥാക്രമം ഒന്ന്, രണ്ട് സ്ഥാനങ്ങൾ നേടി.
* 2016 നവംബർ 8ന് ലൈബ്രറിയിൽ വച്ച് മലയാള ഉപന്യാസമത്സരം നടത്തി.
* നാം

യൂണിയന്റെ ഔദ്യോഗിക ഉദ്ഘാടനം നവംബർ 10-നാണ് നടന്നത്. നിറഞ്ഞ് സദസ്സിനെ സാക്ഷി നിർത്തി സുപ്രസിദ്ധ ചലച്ചിത്രതാരം ശ്രീ വിനയ് ഫോർട്ട് യൂണിയൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാന ചലചിത്ര പുരസ്കാരം നേടിയ ഡോ. അജു കെ. എൻ. ആർട്സ് ക്ലബ്ബിന്റെ ഉദ്ഘാടനവും നിർവഹിച്ചു. ചെയർമാൻ ശ്രീ. മാർഷൽ പി.എം.അദ്ധ്യക്ഷത വഹിച്ച ചടങ്ങിന് ശേഷം യൂസിയൻ വിദ്യാർത്ഥികളുടെ ബാൻഡ് പെർഫോമൻസ് അരങ്ങേറി.

* ക്രിക്കറ്റ് കോർട്ടിൽ വച്ച് 'നോട്ടുനിരോധനം' വിഷയമാക്കി ഒരു ചർച്ച നവംബർ 14ന് യൂണിയന്റെ നേതൃത്വത്തിൽ നടന്നു.
* 2016 ഡിസംബർ 15ന് സിനി ക്ലബ്ബിന്റെ ഉദ്ഘാടവും വിശ്വപ്രസിദ്ധ ഇറാനിയൻ ചലച്ചിത്രം 'ചിൽഡ്രൻ ഓഫ് ഹെവൻ'ന്റെ പ്രദർശനവും വി.എം.എ. ഹാളിൽ വച്ച് നടന്നു.
* അരങ്ങ്

വർഷങ്ങൾക്ക് ശേഷം നാടകോത്സവം സംഘടിപ്പിക്കാനായത് യൂണിന്റെ വലിയ നേട്ടമായി കരുതുന്നു. ഡിസംബർ 16 ന് നടത്തിയ നാടകോത്സവം 'അരങ്ങിൽ വ്യത്യസ്തതയാർന്ന പ്രമേയങ്ങളുള്ള മൂന്ന് നാടകങ്ങൾ മത്സരിച്ചു. അതിൽ 'മോഹന സുന്ദരപാലം' ഒന്നാം സ്ഥാനം നേടി. രണ്ടാം വർഷ മലയാളം ബിരുദ വിദ്യാർത്ഥി തൗഫിക് സി. എൻ മികച്ച നടനായും രണ്ടാം വർഷ ആംഗലേയ സാഹിത്യബിരുദ വിദ്യാർത്ഥിനി നിള ലെനിൻ മികച്ച നടിയായ തിരഞ്ഞെടുക്കപ്പെട്ടു.

* ഡിസംബർ 19ന് രണ്ടാം വർഷ ബിരുദ വിദ്യാർത്ഥി പ്രതിനിധിയുടെ നേതൃത്വത്തിൽ '2nd ഡി.സി.ഫോറ'ത്തിന്റെ ഉദ്ഘാടനം നടന്നു.
* ACV ചാനലിന്റെ "നൃത്തം ചെയ്യു കൈത്താങ്ങാവൂ" എന്ന റിയാലിറ്റിഷോയുമായി ബന്ധപ്പെട്ട് യൂണിയന്റെ നേതൃത്വത്തിൽ യൂസിയിലെ കലാകാരന്മാരുടെ സ്ട്രീറ്റ് ഡാൻസ് ആലുവ പ്രൈവറ്റ് ബസ് സ്റ്റാന്റിൽ വച്ച് നടന്നു. അതിനുശേഷം സമാഹരിച്ച തുക യൂണിയൻ കോളേജിലെ പെയിൻ ആൻഡ് പാലിയേറ്റിവ് കെയർ യൂണിറ്റിന് കൈമാറി.
* ക്രിസ്തുമസ് ആഘോഷങ്ങളുമായി ബന്ധപ്പെട്ട് യൂണിയന്റെ നേതൃത്വത്തിൽ പുൽക്കൂട് നിർമ്മാണമത്സരം സംഘടിപ്പിച്ചു. ഗണിതശാസ്ത്ര വിഭാഗം ഒന്നാം സ്ഥാനം കരസ്ഥമാക്കി.
* മഞ്ചാടിക്കുരു

കോളേജ് ആർട്സ് ഫെസ്റ്റിവൽ 'മഞ്ചാടിക്കുരു'വിന്റെ ഓഫ് സ്റ്റേജ് ഇവന്റുകൾ ജനുവരി 3 മുതൽ 11 വരെയും സ്റ്റേജ് ഇനങ്ങൾ ജനുവരി 16, 17 തീയതികളിൽ അഞ്ച് വേദികളിൽ ആയി നടന്നു. 45 ഓളം ഇനങ്ങളിലായി നടന്ന മത്സരങ്ങൾ വിദ്യാർത്ഥി പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു. ഒന്നാം വർഷ സൈക്കോളജി ബിരുദാനന്തര ബിരുദ വിദ്യാർത്ഥി അമൽ ടി അനൂപ് കലാപ്രതിഭയും രണ്ടാം വർഷ സാമ്പത്തിക ശാസ്ത്ര ബിരുദ വിദ്യാർത്ഥിനി മാളവിക വാസുദേവൻ കലാതിലകവുമായി തിരഞ്ഞെടുക്കപ്പെട്ടു. ഈ ഉദ്യമത്തിൽ വിധികർത്താക്കളായി വന്ന എല്ലാ അദ്ധ്യാപകർക്കും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

* കരുത്ത്

കോളേജ് യൂണിയൻ വനിതാപ്രതിനിധികളുടെ നേതൃത്വത്തിൽ സൗജന്യ കൈത്തൊഴിൽ പരിശീലനം 'കരുത്തി'ന്റെ ഉദ്ഘാടനം ജനുവരി 13ന് വി എം എ ഹാളിൽ വച്ച് നടന്നു.

* ജനുവരി 18ന് സിനി ക്ലബ്ബിന്റെ നേതൃത്വത്തിൽ അക്കാഡമി അവാർഡിന് നാമനിർദ്ദേശം ചെയ്യപ്പെട്ട ഷോർട്ട് ഫിലിം 'ഷോകി'ന്റെ പ്രദർശനം നടന്നു.
* കലാലയങ്ങളിൽ കൊലാലയങ്ങളാകുമ്പോൾ' എന്ന വിഷയത്തിൽ യൂണിയന്റെ നേതൃത്വത്തിൽ ജനുവരി 19ന് ചർച്ച നടന്നു.
* യുസിയിലെ മികച്ച നർത്തകരെ തിരഞ്ഞെടുക്കാൻ ജനുവരി 23ന് നടത്തിയ 'സ്റ്റെപ്പ് ഓഫ് യുസി'യിൽ ഒന്നാം വർഷ ബി. കോം വിദ്യാർത്ഥി അരവിന്ദ് പി.യും ഒന്നാം വർഷ സൈക്കോളജി വിദ്യാർത്ഥിനി ഫഹിദി അൽഹദും വിജയികളായി.
* ഒരുമ 3rd DC ഡേ

കലാലയത്തിലെ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കായി ഒരു ദിവസം എന്ന ആശയത്തിൽ ഒരുമ 3rd DC ഡേ ഫെബ്രുവരി 3ന് വി എം എ ഹാളിൽ വച്ച് നടന്നു. ഉദ്ഘാടന ചടങ്ങുകൾക്ക് ശേഷമുള്ള ഭാഗത്തിൽ വിദ്യാർത്ഥികൾക്ക് ജീവിത വിജയത്തിനുതകുന്ന രീതിയിലുള്ള ക്ലാസുകളും ഉച്ചയ്ക്കു ശേഷമുള്ള ഭാഗത്ത് വിവിധ കലാപരിപാടികളും നടന്നു.

* ഫെബ്രുവരി 6 ന് സിനി ക്ലബ്ബിന്റെ നേതൃത്വത്തിൽ 'മിക്കി' എന്ന ഷോർട്ട് ഫിലിം പ്രദർശനം നടന്നു.
* കലാലയ യൂണിയന്റെ നേതൃത്വത്തിൽ നടന്ന യുസി ഉത്സവ് അതിന്റെ പുതുമ കൊണ്ടും വിദ്യാർത്ഥിപങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായിരുന്നു. ഫെയ്സ് പേന്റിങ്ങ്, ട്രഷർ ഹണ്ട്, ഗ്രൂപ്പ് ഡാൻസ് തുടങ്ങിയ മത്സരങ്ങളും ഫൺ ഗേയിംസ് ഫുഡ് ഫെസ്റ്റിവലും അടങ്ങിയ യുസി ഉത്സവ് വിദ്യാർത്ഥികൾ ഇരുകൈയും നീട്ടി സ്വീകരിച്ചു.
* ഫെബ്രുവരി 9, 13 തിയതികളിലായി യൂണിയനും 'കൊച്ചിൻ ഐ കെയർ സെന്ററും ചേർന്ന് സൗജന്യ നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു.

* ഫെബ്രുവരി 9 ന് 'ലോ അക്കാഡമിയും വിദ്യാർത്ഥി സമരങ്ങളും' എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ചു.

* ഇടം

കലാലയ യൂണിയന്റെ നേതൃത്വത്തിൽ ഒരു ഇന്റർ കോളേജ് ഫെസ്റ്റ് നടത്താൻ സാധിച്ചത് യൂണിയന്റെ വലിയ നേട്ടമായി കരുതുന്നു. ഫെബ്രുവരി 14ന് നടന്ന 'ഇടം', യുസി കോളേജ് യൂണിയന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ ഉദ്യമമായിരുന്നു 30-ൽ അധികം കലാലയങ്ങളിൽ നിന്ന് 400ലധികം വിദ്യാർത്ഥികൾ പങ്കെടുത്ത 'ഇടം' വൻ വിജയമായിരുന്നു.

* പാഠകം

ഫെബ്രുവരി 15, 16 തിയതികളിലായി എം.ജി. സർവ്വകലാശാല ക്യാമ്പസിൽ വച്ച് നടന്ന പാഠകം നാടകോത്സവത്തിൽ യുസി കോളേജ് ശക്തമായ സാന്നിധ്യം അറിയിച്ചു. യുസിയുടെ '3 സൈക്കിലിസ്റ്റ്' എന്ന നാടകം കാണികളുടെ മുക്തകണ്ഠം പ്രശംസ ഏറ്റുവാങ്ങി.

8 സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളിൽ പ്രതിഷേധിച്ച് ഫെബ്രുവരി 20ന് യൂണിയന്റെ നേതൃത്വത്തിൽ നിശബ്ദ ജാഥ നടത്തി.

* നൂപുര

ഫെബ്രുവരി 20 മുതൽ 24 വരെ കോഴഞ്ചേരി സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി പഞ്ചായത്ത് സ്റ്റേഡിയം, എം.ജി.എം തെക്കേമല എന്നിവിടങ്ങളിലായി നടന്ന എം ജി സർവ്വകലാശാലകലോത്സവത്തിൽ നമ്മുടെ കലാകാരന്മാർ മികച്ച നേട്ടം കരസ്ഥമാക്കി.

മോണോ ആക്ടിൽ രണ്ടാം സ്ഥാനം നേടി. മാളവിക വാസുദേവനും ഹിന്ദി പ്രസംഗത്തിൽ മൂന്നാം സ്ഥാനം നേടി. ശിവം ത്രിപതിയും യുസിയുടെ യശസ്സുയർത്തി. ആറിൽ ആറ് ഗ്രൂപ്പ് ഇവന്റുകളിലും യു.സി. കോളേജ് പങ്കെടുത്തു. മാളവികയുടെ നേതൃത്വത്തിലുള്ള സ്കിറ്റ് ടീമും നീതു ആർ മേനോൻ നയിച്ച ഒപ്പന ടീമും രണ്ടാം സ്ഥാനം നേടി. യുസിയുടെ അഭിമാനമായി.

നാടകോത്സവത്തിൽ പങ്കെടുത്ത നാടക ടീമിനും കലോത്സവത്തിൽ പങ്കെടുത്ത ആറ് ടീമുകൾക്കും വിദഗ്ദരുടെ പരിശീലനം ലഭ്യമാക്കാൻ സാധിച്ചത് യൂണിയൻ വലിയ നേട്ടമായി കരുതുന്നു. വലിയ സാമ്പത്തിക ചിലവുള്ള ഈ ഉദ്യമത്തിൽ യൂണിയനു തുണയേകിയ പി.ടി.എ.ക്കും സ്റ്റാഫ് അസോസിയേഷനും, പൂർവ്വ വിദ്യാർത്ഥി സംഘടനയിലെ എക്സിക്യൂട്ടീവ് അംഗങ്ങളേയും മറ്റൊരു പൂർവ്വവിദ്യാർത്ഥി സംഘടന 'സെവന്റീസി'നെയും യൂണിയൻ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

ഈസ്റ്റേൺ ഗ്രൂപ്പ് സോങ്ങിൽ നമ്മുടെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയ എം.ബി.എ ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ശ്രീ രാഹുൽ ആർ ലക്ഷ്മണിനെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

* യൂണിയന്റെ നേതൃത്വത്തിൽ മാർച്ച് 9ന് അർബുദ രോഗികൾക്കായുള്ള കേശദാനക്യാമ്പ് സംഘടിപ്പിച്ചു. 18 വിദ്യാർത്ഥികളും നാല് അധ്യാപകരും കേശദാനം ചെയ്തു. മെഹന്ദി ഡിസൈനിങ്ങ് മത്സരവും അന്നേദിവസം തന്നെ നടന്നു.

* മാർച്ച് 10ന് വിദ്യാർത്ഥികൾക്കായി ഡയറിക്കുറിപ്പ് മത്സരം സംഘടിപ്പിച്ചു.

* സിനി ക്ലബ്ബിന്റെ നേതൃത്വത്തിൽ ചിലിയൻ ആനിമേറ്റഡ് ഷോർട്ട് ഫിലിം 'ബിയർ സ്റ്റോറി'യുടെ പ്രദർശനം നടന്നു.

* യൂസിയൻ അപാരത

മാർച്ച് 14ന് നടന്ന കോളേജ് ഡേ ആഘോഷങ്ങൾ പ്രശസ്ത സിനിമാ സംവിധായകൻ ടോം ഇമ്മിട്ടി ഉദ്ഘാടനം ചെയ്തു. ചെയർമാൻ മാർഷൽ പി.എം. അദ്ധ്യക്ഷനായ ചടങ്ങിൽ ജനറൽ സെക്രട്ടറി ഗോകുൽരാജ് കെ.എൻ. യൂണിയൻ റിപ്പോർട്ടും വായിച്ചു. കോളേജിനെ പ്രതിനിധീകരിച്ച് യൂണിവേഴ്സിറ്റി തലങ്ങളിൽ പങ്കെടുത്ത് വിജയികളായവരേയും യൂണിയൻ സംഘടിപ്പിച്ച വിവിധ മത്സരങ്ങളിലെ വിജയികളെയും ചടങ്ങിൽ അനുമോദിച്ചു.

രണ്ടാം വർഷ ബിരുദ വിദ്യാർത്ഥി പ്രതിനിധി അരവിന്ദ് ശശിധരന്റെ നേതൃത്വത്തിൽ എല്ലാ സെമസ്റ്ററുകളിലേയും വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ തയ്യാറാക്കിയ ചോദ്യപേപ്പർ ബാങ്കിന്റെ ലൈബ്രറിയിലേക്കുള്ള സമർപ്പണവും ഇതേ ചടങ്ങിൽ വച്ച് നടന്നു. ഈ ഉദ്യമത്തിലൂടെ വിവിധ സർവ്വകലാശാല പരീക്ഷകൾക്ക് തയ്യാറെ

ടുത്ത് കൊണ്ടിരിക്കുന്ന യുസിയിലെ വിദ്യാർത്ഥികൾക്ക് വലിയ അളവിൽ സഹായകമാകുമെന്ന് യൂണിയൻ കണക്കുകൂട്ടുന്നു.

തുക കൈകമാറി

യൂണിയൻ പ്രവർത്തനങ്ങൾക്ക് ശേഷം മിച്ചം വന്ന പതിനെണ്ണായിരത്തോളം രൂപ പ്രിൻസിപ്പാൾ സാറിന് യൂണിയൻ പ്രതിനിധികൾ കൈമാറി.

ആ തുക വർക്കി മെമ്മോറിയൽ ഹാളിൽ പുതിയ കർട്ടൺ വാങ്ങാൻ വിനിയോഗിക്കും.

യൂണിയൻ പ്രവർത്തനങ്ങളായി ഒരു പാട് സമയം ലഭിച്ച ഒരു യൂണിയനാണ് 2016-17 അദ്ധ്യായന വർഷത്തിലേത്. കൂടെ കൂടെയുള്ള പരീക്ഷകൾക്കും മറ്റു വെല്ലുവിളികൾക്കിടയിലും യൂണിയൻ പ്രവർത്തനം മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോയതിന്റെ അഭിമാനം ഓരോ യൂണിയൻ അംഗത്തിനും ഉണ്ട്. യൂണിയന്റെ എല്ലാ പ്രവർത്തനത്തിനും ഞങ്ങളോടൊപ്പം ഉണ്ടായ യൂണിയൻ സ്റ്റാഫ് അഡ്വൈസർ ഡോ. സൈന സൂസൺ എബ്രഹാമിനും, സാമ്പത്തിക ഇടപാടുകളിൽ യൂണിയന് വ്യക്തമായ മാർഗനിർദ്ദേശം നൽകിയ ശ്രീ സിജിൻ കെ പോൾ സാറിനും ആർട്സ് ക്ലബ്ബിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണ നൽകിയ വി.പി.മാർക്കോസ് സാറിനേയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

പല പ്രതിസന്ധിഘട്ടങ്ങളിലും സഹായഹസ്തവുമായി എത്തിയ മറ്റു അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും എല്ലാ പിന്തുണയും നൽകിയ പ്രിൻസിപ്പിൾ സാറിനും യൂണിയൻ പ്രവർത്തനങ്ങൾ വൻവിജയരമാക്കി തീർക്കാൻ സഹായിച്ച യുസിയിലെ എല്ലാ വിദ്യാർത്ഥികൾക്കും നന്ദി രേഖപ്പെടുത്തുന്നു.

വിശ്വസ്തതയോടെ

**ഗോകുൽരാജ് കെ.എൻ**
ജനറൽ സെക്രട്ടറി

# AN ODE TO A LAMP



Why did you pull me closer
If it was to push me away
Was it you or the fate that pushed me
The greatest playwright with his magical words:
While the nature played its
Magnificent orchestra, when even
the silence made sense.
Met so many eyes, met so many minds
Where yin met so you
One hand, too many shadows,
too many reflections for
just a single minds.
Trying to beat one but
falls behinds someone
but still thinking if
I got some one.
Was it the same wind
Was it the same breeze
When I meet night along with you
but now I am left with them
if the man who reaches first
Time played the game with me But there is only one us.

**Joe Varghese**
II BA English

# PRINCIPAL'S REPORT

(Presented during the College Day Celebrations on 14 March, 2017)

It is with a heart full of gratitude to God and to the College Community that I present before you the highlights of the activities of the College during the academic year 2016-2017.

### Academic Life (Students)

College reopened on 1st June 2016 with regular classes for 2nd year UG & PG, 3rd year UG students. The admissions for the academic year 2016-17 of UG programmes ended on 22nd September 2016. Candidates with high score in their qualifying examinations opted our college for admission through CAP of MG University. Out of 690 seats, 679 students have been admitted and 8 students admitted under Lakshadweep Quota. Now total strength is 687.

First Semester UG classes started on 27th July 2016 with an Orientation Programme for the students and their parents, which was well attended. Dr Latha Nair, Dept of English, St Teresa's College, Ernakulam and Dr Sunny Kuriakose, Dean of Student Affairs, FISAT were the resource persons.

PG admissions closed on 10.11.2016 with a total of 187 students (total 214 seats). First semester PG classes started on 27.09.2016.

The first internal examinations for I, III & V semester UG students were conducted during 26 – 29 September 2016. Third and fifth semester UG examinations was held during October 2016. Fourth & sixth semester UG classes started on 1st November 2016 & 2nd semester UG classes on 14th December 2016. First semester examinations for UG students was conducted in December 2016.

Fourth semester PG examinations was conducted from 17.06.2016 to 20.07.2016. The third semester examinations for PG students were held in January 2017. PG 1st semester examinations were held in February 2017.

The College closed for Christmas vacation on 23.12.2016 and re-opened on 03.01.2017. The Christmas celebration was conducted on 23.12.2016 with crib making competition, card making competition etc.

The outgoing UG students will be given farewell by the college on 15.03.2017.

### Examinations and results

The results of final year UG and PG university examinations 2016 were published.

Final Year Examination Results: March/April 2016

Undergraduate Programs

UG FINAL YEAR RESULTS 2016 (Result incomplete)

| Particulars | History | Economics | English | Malayalam | Mathematics | Physics | Chemistry | Botany | Zoology | Psychology | Comp. Sci. | BT&SP | E&CM | Commerce | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Total Appeared | 24 | 48 | 42 | 39 | 46 | 56 | 50 | 27 | 28 | 33 | 30 | 23 | 31 | 39 | 516 |
| Total Passed | 6 | 14 | 26 | 3 | 27 | 28 | 30 | 19 | 19 | 20 | 17 | 7 | 9 | 18 | 243 |
| % of Pass | 25 | 29 | 62 | 8 | 59 | 50 | 60 | 70 | 68 | 61 | 57 | 30 | 29 | 46 | 47 |

**Postgraduate Programs**

| Semester | Final Semester performance | | |
|---|---|---|---|
| | No appeared | No passed | % passed |
| MA HISTORY | 18 | 16 | 88.89 |
| MA ECONOMICS | 18 | 13 | 72.22 |
| MA ENGLISH | 18 | 11 | 61.11 |
| MA MALAYALAM | 11 | 10 | 90.91 |
| MSc PSYCHOLOGY | 15 | 15 | 100.00 |
| MSc MATHEMATICS | 17 | 9 | 52.94 |
| MSc PHYSICS | 13 | 10 | 76.92 |
| MSc CHEMISTRY | 12 | 6 | 50.00 |
| MSc BOTANY | 11 | 9 | 81.82 |
| MSc ZOOLOGY | 12 | 11 | 91.67 |
| MSC BIO-TECHNOLOGY | 18 | 16 | 88.89 |
| MSC BIOINFORMATICS | 14 | 7 | 50.00 |
| **Total** | 177 | 133 | 75.14 |

## Highlights from Departments

### Department of English

- A seminar on **'Tradition and Modernity'** was organized in association with the departments of English, Malayalam and History on 24th June 2016. Renowned Malayalam novelist and social activist, Mr N. S. Madhavan was the resource person.
- As part of the Department's venture to initiate **academic tie-up** with the American Centre Library and US Consulate, Chennai, Mr Premkumar from US Consulate Chennai visited the Department of English on 19th July 2016 and he offered access to the Digital Resources (academic) of the Consulate and the A C Library.
- Launched a **new venture** to introduce and discuss new books that catch the attention of the world of literature. The first discussion session was conducted on 3 August 2016. Prof. Jaisankar CP, Head of the Department of English, Sree Sankara College, Kalady inaugurated the programme and led the discussion on The Vegetarian, which won the Man Booker International Prize in 2016.
- **Knowledge Update Programme:** Department of English, launched Knowledge Update, a programme to help the learners to update and acquire general knowledge, academic exposure and vocational skills. The Department offers three programmes in the current calendar year (2017): Course 1: Content Writing; Course 2: Understanding China through Literature; Course 3: Technical Writing for Science and Humanities Streams.
- **The certificate course "Understanding China Through Literature" was launched on 14 February 2017.** The course was inaugurated by Dr Miao Chow, Director of Service Learning Department, Fu Jen Catholic University, Taiwan. Ms Dawn, Faculty Member, Service Learning Department, Fu Jen Catholic University, Taiwan also attended the inaugural function.
- **Framing Shakespeare: A Colloquy with Mr Jayaraj,** movie maker. The theme was "Framing Shakespeare: A Colloquy" on February 16, 2016.

- **Meeting the Students of Semester @ Sea:** 'Cultural Meet' with 71 students from the 'Semester at Sea Cruise-liner Ship' (SAS) was held on 1 March 2017, Wednesday at Hotel Casino, Willington Island, Cochin at 5.30 pm. The contingent from the Department of English included 6 members of faculty and twenty one students. The SAS group was led by Dr. Nilufa Medora, Department of Family and Consumer Sciences at California State University. Patrick Campbell (Texas A&M University) and Kameron Dunbar (Oberlin College, Ohio) headed the student activities of SAS group. Students from more than fifteen universities and colleges from the United States participated in the 'Cultural Meet' which focused on the exposition of Kerala culture and tradition. Students of UC College took lead in the discussions which culminated with a performance of Mohiniyattam and Bharatnatyam. The students from the US enjoyed the sumptuous dinner with its exclusive Malayali culinary selections.
- Nine **Researchers** are currently working for PhD at the MG University (Department of English) Research Centre.
- **Paper Presentations:** Researchers and teachers (regular as well as guest faculty) of the Department of English presented 18 papers during the current academic year at various regional and national seminars during the current academic year.
- **Book Published:** Cheri Jacob K. Assistant Professor, Department of English co-authored the book: *Cinema Muthal Cinema Varae* which won the State Award for the Best Book on Cinema in 2016. Dr Jacob George has just completed *Writing for Academic and Professional Success*, a text book for the degree students of University of Calicut with effect from 2017.

### Department of Malayalam

- A talk by Mr N S Madhavan was organised in association with the Departments of History and English.
- A talk by Mr Kureepuzha Sreekumar was organised.
- A kadha Seminar was organised in association with Vyloppilly Samskriti Bhavan, Thiruvananthapuram on 31.10.2016.
- State level Aksharaslokam recital competition was held on 7.2.2017 under the auspices of Nalodayam Aksharasloka Samiti, Dept. of Malayalam. Sri. N K Desom inaugurated the programme.
- Kadhakali -'nalacharitham onnam divasam' - demonstration and a talk on kadhakali by Dr Satheesan were conducted.
- The Department organised a three-day national seminar on *"Kolaniyanantharavadam : Veekshanangalum, Prayogasadhyathakalum"* on Feb 8-10, 2017. The seminar was inaugurated by Dr. Claude Alvares.

### Department of Hindi

- DASTAK -'17, manuscript magazine was released on 21/02/2017 in connection with Hindi Union celebrations by Dr. Prameela K.P, Professor & Co-ordinator, Department of Translation Studies , SSUS , Kalady . This was followed by the various cultural activities by the students.
- Dr. Ruby Elsa Jacob published a book titled 'Samakaleen Hindi Upanyasom Mem Visthapan' [ISBN 978-93-86248-02-2] published by Vidya Prakashan, Kanpur.

### Department of Economics

- As part of the **National Youth Day Celebrations,** the Association organized General Quiz, Essay competition (Malayalam and English), Extempore - (English and Malayalam) and Poster designing competition on 12.01.2017.

- **Dr M.V Kurien Commemorative Lecture:** The Department organized Dr M.V Kurien Commemorative Lecture on February 21, 2017. Lecture was delivered by Dr. Vinoj Abraham (Associate Professor, Centre for Development Studies (CDS) Thiruvananthapuram) on the topic 'Eroding Foothold of Labour in the Indian Manufacturing Sector'
- Organised a lecture on 'Demonetization, Causes, Concerns and Consequences' on January 18, 2017. Dr. Martin Patrick, Chief Economist, Centre for Public Policy Research (CPPR) Kochi, was the main speaker.
- Organised a lecture on **Union Budget 2017- Prospects and Problems** on 18 February 2017. Mr. R Mohan Commissioner of Income Tax (Appeals), (Retired) delivered the Keynote Address.
- Organized a seminar on **'Career Choices for Economics Students'**. Dr. Sunil Kumar S. Menon, Asst Professor and Head, Research Centre and PG Dept of Economics, Maharaja's College, was the keynote speaker on 26 August 2016.
- Economics Students **visited Old age home** run by welfare Association Trust Veliyattunadu. On October 2, 2016 and distributed new cloths worth Rs 15,000.00
- **Inter-Departmental Lectures:** Dr. Justin R Nayakam - Sustainability of River Banks, Ms. Shema Elizabeth Kovoor – Life Skills.
- Sports achievements: Department of Economics retained the overall championship trophy and the Mens and women championship in the Annual Sports of the college held on 8.3.2017

## Department of History

- **Kerala History Congress:** The Department organized the second annual session of the Kerala History Congress during December 20, 21 Ind 22. Around two thousand participants and erudite scholars from across the country participated in the three day deliberations on various facets of Kerala life and History. Apart from 20 erudite lectures, more than 200 research papers were presented by scholars and students from various universities in the country. Eminent historians like Prof. K.N Panikkar, prof. Harbans Mukhia, Prof. Ravi Vasudevan, Prof. Mahalakshmi spoke on various themes during the Congress session. Dr. Sebastian Joseph, HOD of the History department coordinated the programme and acted as its Local Secretary.
- **Past n' Print : Book Exhibition:** As part of the Kerala History Congress, the Department of History organized a book exhibition **Past n' Print** during December 20,21 and 22. International publishers like Oxford University Press, PRIMUS and national publishers like the Kerala Bhasha Institute, SPCS etc participated in the exhibition. As part of the exhibition about 1500 books on Sree Narayana Guru, including Guru's own writings were displayed.

## Department of Psychology

- Ms Katarzyna Artemiuk, a cultural trainer from Polland spoke on ***"Terrorism & Ethnic Violence: How Refugees Are Integrated Into European Communities"***. & Ms Janina Ferbinteanu from Suny Downstate Medical Center Brooklyn, New York spoke on **"How we remember: from mind to brain & back"**.
- The Department of Psychology & the Indian Association of Clinical Psychologists-Kerala Region jointly organized a ***National Seminar on Assessment & Management of Intellectual , Learning & Developmental Disabilities*** on the 9th& 10th of February 2017.
- The Rajiv Gandhi National Institute of Youth development, Sriperumputhur, Tamilnadu has given us the privilege of organizing a ***Three Days Training Programme on Life Skills*** on 6,7,8th march 2017 as a recognition for the successful conduct of the International Youth Day.

- Celebrated the ***International Youth Day 2016*** on the 12th of August in collaboration with the Rajiv Gandhi National Institute of Youth development; which included various inter-collegiate competitions & a cycle rally.
